2016 ഡിസംബർ 25
വാല്യം 09
ലക്കം 24

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 12

# 2016 ഒരു തിരിഞ്ഞുനോട്ടം

## മനസ്സിൽ നിന്ന് മായാതെ പ്രകൃതിക്ഷോഭവും യുദ്ധങ്ങളും

**2016 വിട പറയുമ്പോൾ പ്രധാന സംഭവങ്ങളിലേക്ക് ഒരു തിരിഞ്ഞു നോട്ടം. പ്രകൃതിക്ഷോഭങ്ങളും ഭീകരാക്രമണങ്ങളും യുദ്ധങ്ങളും ഏറ്റവും അധികം വർദ്ധിച്ച ഒരു വർഷമാണ് വിടപറയുന്നത്. യേശുക്രിസ്തുവിന്റെ മടങ്ങിവരവിനെക്കുറിച്ച് വിശുദ്ധ ബൈബിൾ പറയുന്ന പ്രവചനങ്ങളുടെ നിവർത്തി എന്ന് ഇതിനെ വിശേഷിപ്പിക്കാം.**



പ്രകാശ് പി. കോശി

### ഇസ്ലാമിക് സ്റ്റേറ്റ് (ജനുവരി 4)



ഐസിന്റെ ഉയർച്ചയ്ക്കും തകർച്ചയ്ക്കും ചോരമരവിക്കുന്ന കൊടുംക്രൂരതയ്ക്കും 2016-ൽ ലോകം സാക്ഷിയായി. ഇറാക്കും സിറിയയും ഐസിന്റെ മേഖലകൾ തിരിച്ചുപിടിച്ചെങ്കിലും പുനർ നിർമ്മാണം പറ്റാത്ത രീതിയിൽ ഐസ് ഭീകരർ ഇറാക്കിലെയും സിറിയിലെയും ഈ പ്രദേശങ്ങൾ തകർത്തുകളഞ്ഞു. മുസൂളിലെ പുരാതന ക്രൈസ്തവ കേന്ദ്രം സെന്റ് എലിജാ ഐസ് തകർത്തുകളഞ്ഞ ചരിത്ര സ്മാരകങ്ങളിലൊന്നാണ്.

### നോർത്ത് കൊറിയയുടെ ഹൈഡ്രജൻ ബോംബ് പരീക്ഷണം (ജനുവരി 6)



അണുബോംബിനേക്കാളും വിനാശകാരിയായ ഹൈഡ്രജൻ ബോംബ് ഏകാധിപത്യ രാഷ്ട്രമായ നോർത്ത് കൊറിയ പരീക്ഷിച്ചു. ജപ്പാൻ, സൗത്ത് കൊറിയ, യു. എസ്. എ. എന്നീ രാജ്യങ്ങൾ ഇതിനെ ശക്തിയായി വിമർശിച്ചു.

### പോപ്പ് – റഷ്യൻ പാത്രിയാർക്കിസ് കൂടിക്കാഴ്ച

ആയിരം വർഷത്തിലാദ്യമായി പോപ്പ് റഷ്യൻ ഓർത്തഡോക്സ്



സഭയുടെ പാത്രിയാർക്കിസ് കിരിലിനെ ക്യൂബയിലെ ഹവാനയിൽ വച്ചു കണ്ടുമുട്ടി. റോമിൽ നിന്ന് പൗരസ്ത്യ സഭ വിഘടിച്ച് പോയതിന് ശേഷം ആദ്യമായാണ് രണ്ടു സഭകളുടെയും അധിപന്മാർ കണ്ടുമുട്ടുന്നത്. ഇത് ഒരു ചരിത്ര സംഭവമാണ്. ഈ സംഗമത്തിന്റെ അജണ്ടയെ ഹവാന വിളംബരം എന്ന് വിളിക്കുന്നു.

### സിക്കാ വൈറസ് അമേരിക്കയിൽ (ജനുവരി 20)



നവജാത ശിശുക്കളിൽ ജനിതകമാറ്റം വരുത്താൻ ശക്തിയുള്ള ഭീകരരോഗമായ സിക്കയുടെ വൈറസ് അമേരിക്കയിൽ പടർന്നു. പന്ത്രണ്ട് മാസം കൊണ്ട് നാൽപതു ലക്ഷം പേരിൽ സിക്കാ അണുബാധ പകർന്നു എന്ന് WHO കണക്കുകൾ സൂചിപ്പിക്കുന്നു.

### ബ്രസ്സൽസ് ആക്രമണം (മാർച്ച് 22)



ബ്രസ്സൽസിലെ എയർപോർട്ടിലും മെട്രോ സ്റ്റേഷനിലും ഉണ്ടായ രണ്ട് വ്യത്യസ്ത ഭീകരാക്രമണങ്ങളിൽ 30-ഓളം പേർക്ക് ജീവൻ നഷ്ടപ്പെട്ടു.

### പനാമാ പേപ്പർ ലീക്ക് (ഏപ്രിൽ 3)

ലോകനേതാക്കളുടെ അവിഹിത സമ്പാദ്യങ്ങളുടെ വിവരങ്ങൾ പുറത്തുവിട്ട പനാമാ പേപ്പർ ലോകം




എങ്ങും വലിയ രാഷ്ട്രീയ കോളിളക്കത്തിന് കാരണമായി. മൊസാക് ഫോനസ്കാ എന്ന നിയമ സ്ഥാപനത്തിൽ നിന്നാണ് രേഖകൾ പുറത്തായത്.

### ഇക്വഡോർ ഭൂകമ്പം (ഏപ്രിൽ 6)



7.8 റിച്ചർ സ്കെയിലിൽ ഇക്വഡോറിൽ ഉണ്ടായ ഭൂകമ്പത്തിൽ 600 ലധികം പേർക്ക് ജീവൻ നഷ്ടപ്പെട്ടു. 27,732 പേർക്ക് പരിക്ക് പറ്റി.

### ഈജിപ്ത് വിമാന ദുരന്തം (മെയ് 19)




ഈജിപ്ത് വിമാനം 804 പാരീസിൽ നിന്ന് കെയ്റോയിലേക്കുള്ള മാർഗമദ്ധ്യേ മെഡിറ്ററേനിയൻ കടലിൽ തകർന്നു വീണു. 66 യാത്രക്കാർ മരണമടഞ്ഞു.

### ബ്രിക്സിറ്റ് (24 ജൂൺ)



ബ്രിട്ടൺ യൂറോപ്യൻ യൂണിയനിൽ നിന്ന് ബാലറ്റിലൂടെ പുറത്തുപോയത് യൂറോപ്പിലെ രാഷ്ട്രീയ സ്ഥിതികൾ സങ്കീർണമാക്കി. വലതുപക്ഷത്തിന് ബ്രിട്ടനിൽ മുൻതൂക്കം കിട്ടുന്നതായിരുന്നു ഈ വോട്ടെടുപ്പിന്റെ ഫലം. ബ്രിക്സിറ്റ് കാരണം ഡേവിഡ് കമറൂൺ പ്രധാനമന്ത്രി സ്ഥാനം രാജിവെച്ചു. ക്രൈസ്തവ മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്ന തെരേസാ മെയ് പുതിയ പ്രധാനമന്ത്രിയായി.

### ഒളിപിക്സ് 2016 (ഓഗസ്റ്റ് 5)




ബ്രസീലിലെ റിയോയിൽ ഒളിപിക്സ് അരങ്ങേറി. മെഡൽവേട്ടയിൽ യു. എസ്. ആയിരുന്നു മുന്നിൽ.

### ഇറ്റലി ഭൂകമ്പം (ഓഗസ്റ്റ് 25)



മദ്ധ്യ ഇറ്റലിയിൽ ഉണ്ടായ ഭൂകമ്പത്തിൽ 247 പേർ മരിക്കുകയും അനേകം കെട്ടിടങ്ങളും പള്ളികളും തകരുകയും ചെയ്തു. ഒരു ചെറിയ പട്ടണം തകർന്ന് തരിപ്പണമായി.

### സന്നഹദരിൻ മഹാപുരോഹിതനെ നിയമിച്ചു (ആഗസ്റ്റ് 28)



യെരുശലേം ദേവാലയ നിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കുവാൻ റബ്ബിമാരുടെ സംഘടനയായ സന്നഹദരിൻ മഹാപുരോഹിതനെ നിയമിച്ചു. റബ്ബി ബറുച്ച് കഹാനെ ആണ് 2000 വർഷങ്ങൾക്കുശേഷം യെരുശലേമിൽ മഹാപുരോഹിതനായി നിയമിക്കപ്പെട്ടത്. ദേവാലയത്തിന്റെ നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ, ബലിക്കാവശ്യമായ പാത്രങ്ങൾ എന്നിവ തയ്യാറായി എന്ന് ഇസ്രായേൽ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. അവസാനമായി സന്നഹദരിൻ നിയുക്ത അമേരിക്കൻ പ്രസിഡന്റ് ട്രംപിന്റെയും റഷ്യൻ പ്രസിഡന്റ് പുടിന്റെയും സഹായം ദേവാലയ പണിക്കായി അഭ്യർത്ഥിച്ചു.

### ഉറി ഭീകരാക്രമണം (സെപ്റ്റംബർ 18)



പാകിസ്ഥാനി ഭീകരർ ഇന്ത്യയുടെ ഉറി സൈനിക താവളത്തിൽ കയറി 18 ഓളം ഇന്ത്യൻ ജവാന്മാരെ വധിച്ചു. ഏതാനും ദിവസങ്ങൾക്ക് ശേഷം ഇന്ത്യൻ സൈന്യം പാകിസ്ഥാനിലെ ഭീകര ക്യാമ്പുകൾ ആക്രമിച്ചു പകരം ചോദിച്ചു.

### മാത്യു ചുഴലിക്കാറ്റ് (സെപ്റ്റംബർ 28)



അറ്റ്ലാന്റിക്കിന്റെ പടിഞ്ഞാറൻ തീരത്ത് മാത്യു ചുഴലിക്കാറ്റ് ആഞ്ഞടിച്ചു. ഹെയ്ത്തിയിൽ മാത്രം ആയിരം പേർക്ക് ജീവൻ നഷ്ടപ്പെട്ടു. ഏറ്റവും

08

### സാക്ഷി



2016 വിട പറയുന്നു.

*പ്രിയൻ വരും നാൾ ഇനി അധികമില്ല സീയോൻപുരം നമുക്കിനി അകലമല്ല*



ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# ഉപദേശമോ ജീവിതമോ പ്രധാനം



**ബ്രദർ രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**

പെന്തെക്കോസ്തുകാരെപ്പോലെ ഇത്രയധികം നന്നായി ദൈവവചനം വ്യാഖ്യാനിക്കുന്നവരെ കാണുവാൻ കഴിയില്ല. പ്രത്യേകിച്ച് കേരളത്തിലെ പെന്തെക്കോസ്തുകാർ. അതുകൊണ്ട് തന്നെ വലിയൊരു കൂട്ടത്തെ ആകർഷിക്കുവാനും പെന്തെക്കോസ്തുകാർക്ക് കഴിഞ്ഞു. യവനരെപ്പോലെ ജ്ഞാനം അന്വേഷിക്കുന്ന ഒരു തലമുറയാണ് കേരളത്തിലെ പെന്തെക്കോസ്ത് സമൂഹം. മറ്റ് സ്റ്റേറ്റുകളിലും രാജ്യങ്ങളിലുമൊക്കെ സുവിശേഷം പ്രസംഗിക്കുമ്പോൾ വലിയ വലിയ വ്യാഖ്യാനങ്ങളൊന്നുമില്ലെങ്കിലും അനേകർ രക്ഷയിലേക്ക് വരികയും ദൈവീക വിടുതലുകൾ നടക്കുകയും ചെയ്യാറുണ്ട്. എന്നാൽ കേരളത്തിലെത്തുമ്പോൾ സ്ഥിതി മാറുകയാണ്. സാധാരണ പ്രസംഗങ്ങളൊന്നും ഇവിടെ വിലപ്പോകുകയില്ല. അസാധാരണമായ നിലയിൽ വചനവ്യാഖ്യാനം നടത്തുന്നവർക്കാണ് ഇവിടെ അംഗീകാരം ലഭിക്കുന്നത്.

അതുകൊണ്ട് തന്നെ വചനവുമായി ബന്ധമില്ലാത്ത നിലയിലും വ്യാഖ്യാനം കാടുകയറി പോകാറുണ്ട്. മേമ്പൊടിയായി ചില പൊട്ടത്തരങ്ങളൊക്കെ ശാസ്ത്രമെന്നും ചരിത്രമെന്നും ഒക്കെ പേരിൽ അടിച്ചുവിട്ട് ചിലർ മിടുക്കന്മാരുമാകുന്നു. ഇതെല്ലാം കേൾക്കുമ്പോൾ ഉറഞ്ഞുതുള്ളുന്നവരെപ്പോലെ ചിലർ തുള്ളിച്ചാടുകയും ചെയ്യും. യഥാർത്ഥമായ ആത്മപകർച്ചയായി അതിനെ കാണുവാൻ കഴിയില്ല. വൈകാരികമായ ചില ഇളക്കപ്പെരുക്കങ്ങൾക്കാണ് ഇന്ന് പ്രാധാന്യം. അതുകൊണ്ട് തന്നെ കർണ്ണരസമാകുമാറ് ചിലതൊക്കെ പറഞ്ഞ് ജനത്തെ ഇളക്കുവാനാണ് പലരും ശ്രമിക്കുന്നത്. ചില രോഗത്തിന്റെ പേര് വിളിച്ചുപറഞ്ഞ് അങ്ങനെയുള്ള രോഗികൾ ഇവിടെയുണ്ട് അവർക്കിപ്പോൾ സൗഖ്യം ആകും എന്നുകൂടി പറഞ്ഞാൽ സംഗതി കുശാൽ.

പെന്തെക്കോസ്തിന്റെ ആരംഭം ത്യാഗത്തിന്റെയും സഹനത്തിന്റെയും ചരിത്രം കൂടിയാണ്. അറിഞ്ഞ വചനസത്യത്തിന്റെ വെളിച്ചത്തിൽ ചിലതിനെയെല്ലാം ഉപേക്ഷിക്കുവാൻ നമ്മുടെ പിതാക്കന്മാർക്ക് കഴിഞ്ഞു. അതിന് അന്ന് വലിയ വില കൊടുക്കേണ്ടി വന്നു. തട്ടിപ്പും വെട്ടിപ്പുമൊക്കെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചു. അയൽവാസികളോടും ദേശവാസികളോടുമൊക്കെ നിരപ്പു പ്രാപിക്കുവാൻ ഉള്ള കാര്യങ്ങൾ നിരപ്പായി. ദൈവവചനത്തിന്റെ പ്രായോഗികത നടപ്പിലായപ്പോൾ ഇതിനെ അനുസരിക്കുവാനും അംഗീകരിക്കുവാനും ഒപ്പം ഇക്കൂട്ടരെ അനുഗമിക്കുവാനും നൂറുകണക്കിന് ആളുകൾ മുമ്പോട്ട് വന്നു. നിന്ദയും അപമാനവും സഹിച്ച് ഈ മാർഗ്ഗത്തിൽ പിതാക്കന്മാർ ഉറച്ചുനിന്നു. അവർ പ്രസംഗിച്ച ഉപദേശം അവരുടെ തന്നെ ജീവിതത്തിലൂടെ ലോകത്തിന് മനസ്സിലായി. അവരെ ക്രിസ്തുവിന്റെ പത്രങ്ങളായി ലോകം വായിച്ചുമനസ്സിലാക്കി. അവരുടെ ജീവിതം മേത്തരമായ തൈലം പോലെ സൗരഭ്യവാസനയായി അവരുടെ ചുറ്റുപാടുകളിൽ വ്യാപിച്ചു. വിരലിൽ എണ്ണാവുന്ന അംഗങ്ങളിൽ നിന്ന് നൂറും ആയിരവും പതിനായിരവും കടന്ന് ലക്ഷങ്ങൾ ഈ മാർഗ്ഗത്തിൽ എത്തിച്ചേർന്നു. അതിന് മുഖാന്തിരമായത് ദൈവീക പ്രവർത്തിതന്നെയാണ്. ഒപ്പം അവർ പഠിപ്പിച്ച ഉപദേശത്തിന് ചേർന്നുള്ള ജീവിതവും. ഉപദേശവും ജീവിതവും പരസ്പര പൂരകമായ ഘടകങ്ങളാണ്. ഒന്ന് ഒന്നിനേക്കാൾ താഴെ നിൽക്കേണ്ടതല്ല. പരസ്പര പൂരകങ്ങളായ ഈ ഘടകങ്ങളുടെ സംയോജനത്തിലൂടെ മാത്രമേ ജനത്തെ ക്രിസ്തുവിലേക്ക് നയിക്കുവാനും പ്രത്യാശയിൽ നിലനിർത്തുവാനും കഴിയുകയുള്ളൂ.

കാലചക്രം മുന്നോട്ട് ഉരുണ്ടപ്പോൾ പെന്തെക്കോസ്ത് സഭകളുടെ സ്ഥിതിക്കും വലിയ മാറ്റമാണ് സംഭവിച്ചത്. ലോകത്തിൽ നിന്ന് അകന്നു നിന്നവരിൽ ലോകം കയറി. അവർ ലോകത്തിന്റെ ഇമ്പങ്ങൾക്കനുസൃതമായി ജീവിച്ച് മുന്നേറി. എന്നിട്ടോ വചനത്തെ തങ്ങൾക്ക് യോജിച്ച നിലയിൽ വ്യാഖ്യാനിക്കുവാൻ തുടങ്ങി. ഉപദേശവും ജീവിതവും തമ്മിൽ ബന്ധമില്ലാത്ത കൂട്ടരായി പെന്തെക്കോസ്തുകാർ മാറിയപ്പോൾ ലോകത്തിൽ അവർ ശിംശോനെപ്പോലെ കൂത്തുകാഴ്ചയായി. ഇന്ന് കോമഡിക്കാർ സ്റ്റേജുകളിലും ചാനലുകളിലുമൊക്കെ പെന്തെക്കോസ്തുകാരുടെ അന്യഭാഷയും പ്രസംഗവുമൊക്കെ അനുകരിച്ച് പരിഹസിക്കുന്നു. ശക്തിനഷ്ടപ്പെട്ട് പ്രകടനം മാത്രം നടത്തുന്ന ഇക്കൂട്ടരെ ഇന്ന് പിശാചിനും ഭയമില്ലാതെയായിരിക്കുന്നു. സ്റ്റേജുകളിൽ മറ്റും ഉപദേശം പ്രസംഗിച്ചിട്ട് കാര്യമില്ല. ഒപ്പം ജീവിക്കുവാനും കരുതണം. അതാണ് കരണീയം.

ദൈവവചന ഉപദേശങ്ങളെ വ്യാഖ്യാനിക്കുമ്പോൾ അത് പ്രായോഗിക തലത്തിൽ കാക്കുവാനും കഴിയുന്നതായിരിക്കണം. പരീശന്മാരെപ്പോലെ എടുക്കുവാൻ വയ്യാത്ത ചുമടുകൾ ജനത്തിന്റെമേൽ വയ്ക്കുമ്പോൾ അത് അംഗീകരിക്കുവാൻ ജനം തയ്യാറാകില്ല. നമ്മൾ മാറുക. ആ മാറ്റം മറ്റുള്ളവരും ഉൾക്കൊള്ളും.

**യുവജന പംക്തി**

# ക്രിസ്തുമസ്സ് ആനന്ദമാക്കാൻ 10 വഴികൾ



**ബിനു വടശ്ശേരിക്കര**

കൂട്ടുകാർക്ക് ക്രിസ്തുമസ്സ് എന്നും ആനന്ദത്തിന്റെ ദിനങ്ങളാണ് പകരുന്നത്. രാത്രിയിലെ തണുപ്പിലും നിലാവെളിച്ചത്തിലും എത്തുന്ന കരോൾ ഗാന ടീമുകളും സാന്റാക്ലോസും ആരെയും സന്തോഷിപ്പിക്കുന്നതാണ്. പിന്നെ നക്ഷത്രവിളക്കും, തോരണങ്ങളും, പൂത്തിരിയുമൊക്കെ കുഞ്ഞുമനസ്സുകളിൽ ഓർമ്മകളായി നിൽക്കും. ക്രിസ്തുമസ്സ് സന്തോഷത്തിന്റെ ദിനങ്ങൾ ആക്കാൻ പത്തു വഴികൾ ഞാൻ പറയാം.

ഒരു കഥ കേട്ടോളൂ.. നവീനും നീനയും ഇതു പോലെ ഒരു ക്രിസ്തുമസ്സിൽ യേശുവിനെ കാത്ത് കുറെ കാര്യങ്ങൾ തയ്യാറാക്കി.. എന്തെല്ലാമായിരുന്നെന്നോ? ഒരു വലിയ കേക്ക്, ക്രിസ്തുമസ്സ് ട്രീ, ഒരു വിശാല സദ്യ, ഇങ്ങനെ പലതും എന്നിട്ട് യേശുവിന്റെ വരവും കാത്തിരുപ്പായി. നീന ഓടി വന്ന് പറഞ്ഞു, നവീനേ ആരോ വരുന്നുണ്ട്, യേശുവാണെന്ന് തോന്നുന്നു. ചെറിയ ഇരുട്ടുള്ള തണുത്തുറഞ്ഞ ആ രാത്രിയിൽ അവർ ദൂരെ കണ്ട രൂപം അടുത്തുവന്നു. ഛേ ഒരു ഭിക്ഷക്കാരനാ വല്ലോം കഴിക്കാൻ തരണേ..- ഇല്ല ഇവിടെ യാചകർക്ക് കൊടുക്കാൻ ഒന്നുമില്ല., യേശുവിനായി ഞങ്ങൾ കാത്തിരിക്കുകയാ ....പെട്ടെന്ന് പൊയ്ക്കോ ആ പാവം ഇരുട്ടിൽ മറഞ്ഞു..

അല്പം കഴിഞ്ഞപ്പോൾ ദാ മറ്റൊരു രൂപം അവരെ സമീപിക്കുന്നു... സന്തോഷത്തതോടെ അവർ ദൂരത്തേക്ക് നോക്കി ഇത്തവണ കണ്ടത് ഒരു വൃദ്ധയായ സ്ത്രീയെയാണ്. കുഞ്ഞുങ്ങളെ നല്ല തണുപ്പാ പുതക്കാൻ ഒരു പുതപ്പ് തരാമോ ? ഇല്ല ഇവിടെ പുതപ്പ് ഒന്നുമില്ല.... ആ വൃദ്ധയും നിരാശയോടെ മടങ്ങി.. അവർ കാത്തിരുന്നയേശുവിനെ കാണാതെയായപ്പേൾഅവർ മാറിയിരുന്ന് പ്രാർത്ഥിക്കാൻ തുടങ്ങി. യേശുവേ പെട്ടെന്ന് വാ ഞങ്ങൾ ക്ഷീണിച്ചു. അപ്പോൾ അവർ കേട്ട വാക്കുകൾ ഇതായിരുന്നു.. കുഞ്ഞുങ്ങളേ എനിക്ക് വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല. ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല. ...ഈ ചെറിയവരിൽ ഒരുത്തന് നിങ്ങൾ ചെയ്യാത്തേടത്തോളമെല്ലാം എനിക്കാകുന്നു ചെയ്യാഞ്ഞത്.(മത്തായി.25:40-45) ഇതു കേട്ടപ്പോഴാണ് നീനക്കും നവീനും അവരുടെ തെറ്റ് മനസ്സിലായത്.

ഈ ക്രിസ്തുമസ്സിൽ നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന 10 കാര്യങ്ങൾ

ഈ ക്രിസ്തുമസ്സിൽ യേശു നിങ്ങളെ കാണാൻ വരുമെന്ന് അറിഞ്ഞാൽ നിങ്ങൾ എന്തെല്ലാമാണ് ചെയ്യുന്നത്? എന്താണ് യേശുവിന് നൽകുന്നത്? എന്താണ് യേശുവിനോട് പറയുന്നത്?

1. യേശുവിനായി നൽകാൻ കഴിയുന്ന ഏറ്റവും വിശേഷ സമ്മാനം നമ്മുടെ ജീവിതമാണ്.ദൈവ ഇഷ്ടം ചെയ്തു ജീവിക്കുക.

2. മാതാപിതാക്കളെ അനുസരിക്കുകയും പ്രായത്തിൽ മുതിർന്നലരെ ബഹുമാനിക്കുകയും ചെയ്യുക.

3. നമ്മുടെ അദ്ധ്യാപകർ ഭരണകർത്താക്കൾ ഇവർക്കായി പ്രാർത്ഥിക്കുക.

4. അന്നന്നുള്ള പാഠങ്ങൾ പഠിക്കുവാൻ ഉത്സാഹിക്കുക. പഠനത്തിൽ നിന്ന് നമ്മെ പിന്തിരിപ്പിക്കുന്നവ ഒഴിവാക്കുക.

5. വീഡിയോ ഗെയിം, കാർട്ടൂൺ, മൊബൈൽ ഗെയിംമുകൾ, എല്ലാം ഗുണത്തെക്കാൾ ഏറെ ദോഷം ചെയ്യും. നല്ലതു മാത്രം ടിവി, ഇന്റർനെറ്റ് മാധ്യമങ്ങളിലൂടെ കാണുക.

6. വീട്ടിൽ സ്വന്തം ഉത്തരവാദിത്തങ്ങൾ നിറവേറ്റുക. മാതാപിതാക്കളെ വീട്ടുകാര്യങ്ങളിൽ സഹായിക്കുക.

7.എല്ലാ ദിവസവും ദൈവ വചനം(ബൈബിൾ) വായിക്കാനും പ്രാർത്ഥിക്കാനും സമയം വേർതിരിക്കുക.

8. സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്കും ദാരിദ്ര്യം അനുഭവിക്കുന്നവർക്കും വേണ്ടി ദൈവം തരുന്ന നന്മകൾ ഉപയോഗിക്കുക.

9. സുവിശേഷ വേലയെ സഹായിക്കുകയും ദൈവരാജ്യത്തിനായി പ്രവർത്തിക്കുകയും ചെയ്യുക.

10. സമയം തക്കത്തിൽ ഉപയോഗിക്കുക. പരാതികളും പരിഭവങ്ങളും പിണക്കങ്ങളും അസൂയയും ഉപേക്ഷിച്ച് നമുക്ക് നല്ലവരാകാം.

യേശു നമ്മിലെ ശ്രേഷ്ഠ ഗുണങ്ങളെ കാണട്ടെ. നമുക്ക് വീടും പരിസരവും ശുദ്ധിയായി സൂക്ഷിക്കുന്നതിനൊപ്പം ശരീരവും ഹൃദയവും ദൈവവചനത്താൽ ശുദ്ധീകരിക്കാം.

യേശുവിനോട് നമുക്ക് പറയാനുള്ളത് എന്താണ്. യേശു അപ്പച്ചാ എന്റെ നല്ല സുഹൃത്തായി, പപ്പയായി, മമ്മിയായി, എന്റെ കൂടെയിരുന്ന് എനിക്ക് ബുദ്ധിയും ആരോഗ്യവും തരേണമേ. അങ്ങനെയാകുമ്പോൾ ക്രിസ്തുമസ്സ് യഥാർത്ഥ സന്തോഷത്തിന്റെ ദിനങ്ങളാകും

# 10 വീക്ഷണം......

കയാണ്.

ഒരു ദൈവ പൈതലിനെ സംബന്ധിച്ചിടത്തോളം നോട്ടുനിരോധനവും നോട്ടുരഹിത സമൂഹത്തിനായുള്ള ആഹ്വാനവുമൊക്കെ കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നുവെന്നതിന്റെ സൂചനകളാണ്. ഈ ലോകത്തിന്റെ ഭരണം ഉപായത്തിലൂടെ ഏറ്റെടുക്കുവാൻ പോകുന്ന എതിർക്രിസ്തുവിന്റെ ആഗോളഭരണത്തിന്റെ മുന്നോടിയായും ഇതിനെ കാണാവുന്നതാണ്. സാങ്കേതിക വിദ്യാകളൊന്നുമില്ലാതിരുന്ന 1900 വർഷങ്ങൾക്ക് മുമ്പുതന്നെ ഇക്കാര്യങ്ങ ളെല്ലാം വിശുദ്ധബൈബിളിൽ രേഖപ്പെടുത്തിയിരുന്നുവെന്നത് നമ്മുടെ ആത്മീക ജീവിതത്തിന് ഉത്തേജനം പകരുന്നതാണ്. "അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലംകൈമേലോ നെറ്റിയിലോ മുദ്ര കിട്ടും. മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു" (വെളിപ്പാട് 13:16-17).

**എനിക്കും പറയാനുണ്ട്**

# ആഭരണവും പെന്തെക്കോസ്തും ഒപ്പം ചില ഉപദേശങ്ങളും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ആത്മീയതയുടെ മുഖംമൂടി അണിഞ്ഞ നേതാക്കന്മാരാൽ വഞ്ചിക്കപ്പെടുന്ന പെന്തെക്കോസ്തുകാരെപ്പോലെ മറ്റൊരു സമൂഹം ഇവിടെയുണ്ടാകില്ല എന്നാണ് എന്റെ നിരീക്ഷണം. കാലാകാലങ്ങളിൽ തങ്ങളുടെ അഭീഷ്ടത്തിനു വേണ്ടി അങ്ങോട്ടും ഇങ്ങോട്ടും പന്ത് തട്ടുകയാണ് പാവം വിശ്വാസികളെ. സാധാരണയായി അടിസ്ഥാന ഉപദേശങ്ങൾ ആരുംതന്നെ മാറ്റമറിയ്ക്കാറില്ല. പെന്തെക്കോസ്ത് സമൂഹം പിന്തുടർന്നുവരുന്ന ചില മര്യാദകളും മാതൃകകളും ഉണ്ട്. അത് ഈ കാലഘട്ടത്തിൽ മുഴുവൻ തന്നെ മാറിമറിഞ്ഞിരിക്കുകയാണ്. പെന്തെക്കോസ്തിന്റെ കേരളത്തിലെ മുഖമുദ്രയാണ് ആഭരണവർജ്ജനം. എന്നാൽ ഈ കാലഘട്ടത്തിൽ അതിന് പ്രസക്തി ഉണ്ടോ എന്നത് ചർച്ചയ്ക്ക് വിധേയമാക്കേണ്ടത് തന്നെയാണ്. വേലി തന്നെ വിളവുതിന്നുന്ന അവസ്ഥയാണ് ഇക്കാര്യത്തിൽ.

ഐ. പി. സി. കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസിന്റെ ഒരു പ്രസ്താവന ആഭരണധാരണവുമായി ബന്ധപ്പെട്ടുണ്ടായത് ഇപ്പോൾ ചർച്ചയാണ്. ആഭരണത്തെ പ്രോത്സാഹിപ്പിക്കരുതെന്നും ആഭരണധാരികളെ കൂട്ടി സഭ വളർത്തരുതെന്നും അവർക്ക് അംഗത്വം നൽകരുതെന്നും പ്രസ്താവനയാണ് പൊതുചർച്ചയ്ക്ക് കാരണമായിരിക്കുന്നത്. ആഭരണവർജ്ജനം വേദപുസ്തക ഉപദേശം എന്ന നിലയിലാണ് പെന്തെക്കോസ്ത് വിഭാഗങ്ങൾ പഠിപ്പിക്കുന്നത്. ഇനി ഞാൻ പറയുവാൻ പോകുന്ന കാര്യങ്ങൾ എന്റെ വ്യക്തിപരമായ നിരീക്ഷണങ്ങളുടെയും പഠനത്തിന്റെയും ഭാഗങ്ങളാണ്. അത് ചിലർക്ക് ഇഷ്ടപ്പെട്ടു എന്നുവരില്ല. പെന്തെക്കോസ്തിന്റെ അടിസ്ഥാന ഉപദേശം എന്ന നിലയിൽ ചിലർ ആഭരണവർജ്ജനം പഠിപ്പിക്കാറുണ്ട്. എന്നാൽ വേദപുസ്തക അടിസ്ഥാനത്തിൽ ഇതിനെ ഒരു ഉപദേശം എന്ന നിലയിൽ സ്ഥാപിക്കുവാൻ സാധ്യമല്ല. പുതിയ നിയമത്തിലെങ്ങും അതിനെ സാധൂകരിക്കുന്ന തെളിവുകൾ കാണുവാനുമില്ല. പെന്തെക്കോസ്തുകാർ ഇവിടെയാണ് പഴയനിയമ അന്വേഷികളായി മാറുന്നത്. ദശാംശം എന്ന കാര്യത്തിനും പെന്തെക്കോസ്തുകാർ പഴയനിയമത്തെയാണ് ആശ്രയിക്കുന്നത്. മിസ്രയീമിൽ നിന്ന് പുറപ്പെട്ട യിസ്രായേൽ മക്കൾ കരുവേലകത്തിന്റെ ചുവട്ടിൽ ആഭരണം കുഴിച്ചിട്ടതും മറ്റുമാണ് ഇന്നും ഇതുമായി ബന്ധപ്പെട്ട് വ്യാഖ്യാനിക്കാറുള്ളത്. യിസ്ഹാക്കിന് ഭാര്യയെ തേടി ഏലെയാസറിനെ അബ്രാഹാം അയക്കുമ്പോൾ ധാരാളം ആഭരണങ്ങൾ കൊടുത്തയച്ചു. ഇത് കൃപാവരങ്ങളാണെന്ന് വ്യാഖ്യാനിക്കുന്നത് കേട്ടിട്ടുണ്ട്. വിവാഹത്തിന് കൃപാവരവും ധരിച്ച് വരുന്ന പെൺകുട്ടികളെ ഇതുവരെയും കണ്ടിട്ടേയില്ല. അതുപോലെ തന്നെ പുതിയനിയമത്തിൽ മുടിയൻ പുത്രന്റെ കൈക്ക് പിതാവ് മോതിരം ഇട്ടതും കൃപാവരമാണെന്ന് ചിലർ പ്രസംഗിച്ചുകേട്ടിട്ടുണ്ട്. ആ മർമ്മവും ഇതുവരെ എനിക്ക് മനസ്സിലായിട്ടില്ല. ആഭരണവുമായി ബന്ധപ്പെട്ട പെന്തെക്കോസ്തിന്റെ പഠിപ്പിക്കലുകൾ ഈ കാലഘട്ടത്തിനും പെന്തെക്കോസ്തരുടെ ജീവിതത്തിനും യോജിച്ചതല്ല. ഒരുതരം കപട പരീശ ഉപദേശമായിട്ടാണ് എനിക്ക് ഇത് തോന്നിയിട്ടുള്ളത്. ഇത്രയും എഴുതുവാൻ കാരണം ഒരു ആഭരണവർജ്ജനം കൊണ്ടു മാത്രം ശരിയാകുന്ന അവസ്ഥയിലല്ല ഇന്നത്തെ പെന്തെക്കോസ്ത്. ഒട്ടകത്തെ വിഴുങ്ങുകയും കൊതുകിനെ അരിച്ചെടുക്കുകയും ചെയ്യുന്ന നവപെന്തെക്കോസ്ത് സമൂഹം ബൈബിളിന്റെ കാതലായ പഠിപ്പിക്കലുകളെ സൗകര്യപൂർവ്വം മറന്നു കളയുന്നു.

ആഡംബരം പെന്തെക്കോസ്തിൽ സർവ്വസാധാരണമായി മാറിക്കഴിഞ്ഞു. വിലകൂടിയ സാരിയും ഷർട്ടും ചെരിപ്പും ബാഗും വളയാണെന്ന് തോന്നുന്ന രീതിയിലുള്ളതും സ്വർണ്ണവും വിലയേറിയ കല്ലുകൾ പതിച്ചതുമായ വാച്ചും ലക്ഷ്വറി വാഹനങ്ങളും കൊട്ടാരസമാനമായ വീടുകളും ആയി ചെത്തി നടക്കുന്ന പെന്തെക്കോസ്ത് വിശ്വാസികളും ശുശ്രൂഷകരും നേതാക്കളുമൊക്കെയാണ് ആഭരണത്തിനെതിരെ പ്രസംഗിക്കുന്നത്. ഇത് കാണുമ്പോൾ ഇതിലെ യുക്തിരാഹിത്യം അറിയാതെ ഓർത്തുപോയാൽ എന്താണ് തെറ്റ്.

കസേരയ്ക്കുവേണ്ടി എത്ര തരംതാഴുവാനും നമ്മുടെ എല്ലാ പ്രസ്ഥാനത്തിലെയും ആളുകൾക്ക് യാതൊരു മടിയുമില്ല. സുവിശേഷവേലയ്ക്കും പാവങ്ങളുടെ സന്ധാരണത്തിനും ഉതകേണ്ട ലക്ഷകണക്കിന് രൂപയാണ് കോടതിവ്യവഹാരത്തിനായി നമ്മുടെ പ്രസ്ഥാനങ്ങളും നേതാക്കന്മാരും ചിലവഴിക്കുന്നത്. മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണുവാൻ പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്ത കർത്താവിന്റെ അനുഗാമികളായ നമ്മൾ ഇന്ന് എന്താണ് ചെയ്യുന്നത്. എതിരാളികളെ തകർക്കുവാൻ എന്തുചെയ്യുവാനും നമുക്ക് മടിയില്ല. പരസ്യവും രഹസ്യവുമായ പ്രചരണങ്ങളിലൂടെ, അത് ഊമക്കത്ത് ആകാം ഊമ അല്ലാത്ത കത്തുമാകാം കൂട്ടുപ്രവർത്തകരെ തകർക്കുകയാണ്. പണ്ട് എങ്ങും കേട്ടുകേൾവിയില്ലാത്ത നിലയിൽ കായികമായി പോലും സഹോദരനെ നേരിടുന്ന നിലയിലേക്ക് നമ്മുടെ സമൂഹം അധഃപതിച്ചുകഴിഞ്ഞു.

ഇവിടെ ഈ ലോകത്തിൽ നമുക്ക് ഒന്നുമില്ലെന്നും കൂടാരവാസികളാണെന്നുമൊക്കെ ഘോരഘോരം പ്രസംഗിക്കുന്നവർ തന്നെ ഇവിടെ സമ്പാദിച്ചുകൂട്ടുവാൻ കാണിക്കുന്ന വ്യഗ്രത രസകരം തന്നെ. ഉപദേശിപണി പലർക്കും ഇന്ന് ഒരു സൈഡ് ബിസിനസ്സ് മാത്രമാണ്. പണ്ട് ഉപദേശിപണിയോടൊപ്പം ചില്ലറ സൈഡ് ബിസിനസ്സുകൾ നടത്തിയവർ കാലങ്ങൾ കഴിഞ്ഞപ്പോൾ സൈഡ് ബിസിനസ്സായി കൊണ്ടുനടന്നതൊക്കെ പ്രധാന ബിസിനസ്സാക്കി മാറ്റുകയും ഉപദേശിപണി സൈഡ് ബിസിനസ്സാകുകയും ചെയ്തു. ഫലത്തിൽ അന്ധൻ അന്ധനെ വഴികാട്ടുന്ന നിലയിലാണ് പെന്തെക്കോസ്തിന്റെ ഇന്നത്തെ സ്ഥിതി. വൈദ്യാ, നീ നിന്നെ തന്നെ ചികിത്സിക്ക എന്ന കർത്തൃമൊഴികൾ ഇന്നത്തെ പെന്തെക്കോസ്ത് സമൂഹത്തിന് ഏറെ യോജിക്കുന്നതാണ്.

ഉപദേശത്തിന്റെ വൻചുമടുകൾ ജനത്തിന്റെമേൽ വയ്ക്കുന്നതിനേക്കാൾ അവരെ ക്രിസ്തുവിനോടു ചേർന്നു നടക്കുവാൻ പഠിപ്പിക്കുന്നതാണ് ഉത്തമം. നമ്മുടെ നേതാക്കന്മാരുടെ രാഷ്ട്രീയക്കളികളും ഉടായിപ്പും ഒരു തലമുറയെ ഈ മാർഗ്ഗത്തോട് വിരക്തിയുള്ളവരാക്കി മാറ്റിക്കഴിഞ്ഞു. യുവതലമുറയെ നേടുക എന്നതിനായിരിക്കണം പ്രാധാന്യം. അതിനനുസൃതമായി വചനത്തെ വ്യാഖ്യാനിക്കുവാനും നമുക്ക് കഴിയണം. ആഭരണവർജ്ജനം നല്ല മാതൃകയാണ്. പിൻപറ്റുവാൻ കൊള്ളാവുന്ന മാതൃക. കേരളത്തിൽ ആഭരണവർജ്ജനം ശക്തമായി പറയുന്നവർ വിദേശ രാജ്യങ്ങളിലും മറ്റ് സ്റ്റേറ്റുകളിലും ഇതിനെപ്പറ്റി മിണ്ടാറേയില്ല. അതാണ് കൊക്ക് സിൻഡ്രോം എന്നു പറയുന്നത്. വലിയ മീനിനെ കാണുമ്പോൾ കണ്ണടച്ചു കളയുന്ന പഴയ കൊക്കമ്മാവന്റെ തന്ത്രം. എളിയടത്തേ വാതം കോച്ചു എന്നതും യാഥാർത്ഥ്യം തന്നെ.

**വേദ പഠനം**

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

-തുടർച്ച-

**തിമൊഥെയൊസ് ലേഖനം**

ബാബേൽ പ്രവാസാനന്തരം യഹൂദന്മാർ ന്യായപ്രമാണത്തിനായി ചില നിശ്ചിത സ്ഥലങ്ങളിലും സമയങ്ങളിലും കൂടി വന്നിരുന്നു, എബ്രാ.8:15, നെഹ.9:1, നെഹമ്യാവിന്റെ കാലത്ത് സകലജനവും നീർവാതിലിന്റെ മുമ്പിലുള്ള വിശാലസ്ഥലത്ത് ഒരുമനപ്പെട്ട് വന്നുകൂടി മോശെയുടെ ന്യായപ്രമാണപുസ്തകം കൊണ്ടുവന്നു, രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിപ്പാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ വായിച്ചു സർവ്വജനവും ശ്രദ്ധിച്ചുകേട്ടു നെഹ.8:2-3.

മലാഖിയ്ക്കും മത്തായിക്കും ഇടയ്ക്കുള്ള 400 വർഷങ്ങൾ ഇരുണ്ട കാലഘട്ടം എന്നറിയപ്പെടുന്നു. ഈ കാലഘട്ടത്തിൽ ദൈവശബ്ദം ദുർലഭമായിരുന്നു, ആ കാലഘട്ടത്തിൽ തുടക്കം കുറിച്ചതാണ് സിനഗോഗുകൾ ഈ സിനഗോഗുകളിൽ ആരാധനയിങ്കൽ ദൈവവചന പരായണം ഉണ്ടായിരുന്നു, അതിനായി പ്രത്യേക തയ്യാറാക്കിയവേദി അഥവാ പീഠം ഉണ്ടായിരുന്നു, ന്യായപ്രമാണചുരുളുകൾ സൂക്ഷിക്കുന്നതിനുള്ള പെട്ടകവും അതിനു വേണ്ടി നിയമിതനായ ശുശ്രൂഷകനും ഉണ്ടായിരുന്നു. ഇത് കൂടാതെ വ്യക്തിപരമായി വായിക്കുവാനും പഠിക്കുവാനുമായി വ്യക്തിപരമായി ഉപയോഗിക്കാവുന്ന ചുരുളുകളും ഉണ്ടായിരുന്നു.

ഇവിടെ പൗലോസ് പറയുന്നത് വ്യക്തിപരമായ ചുരുളുകൾ വായിക്കുന്നതിൽ അതീവശ്രദ്ധ ചെലുത്താൻ പൗലോസ് തിമൊഥെയൊസിനോടു കല്പിക്കുകയാണ്. വായിക്കുന്നവർക്കു പറയുവാൻ കഴിയുന്നതാണ് പ്രബോധനം. പ്രബോധനം വചനവായനയിലൂടെ ലഭിക്കുന്നു ദൂതുകളും സന്ദേശങ്ങളുമാണ്. തിരുവചന വായന എന്നു പൗലോസ് പറയുമ്പോൾ ദൈവവചനഘോഷണത്തിനു വായന ആവശ്യമാണ്, പാപികളുടെ മാനസാന്തരത്തിനും വിശ്വാസികളുടെ സ്ഥിരതയ്ക്കും ഭക്തിയ്ക്കും ദൈവവചനം ആവശ്യമാണ്, അപ്പോൾ ജനങ്ങൾക്കു വിഭാഗിച്ചും വിഭജിച്ചും കൊടുക്കണമെങ്കിൽ വായന ചെയ്തേ പറ്റുകയുള്ളൂ. യിസ്രായേൽ ജനത്തെ മരുഭൂമിയിൽ നിന്നും വാഗ്ദത്തദേശത്തിലേക്ക് നയിക്കുവാൻ യോശുവായോടു ദൈവം പറഞ്ഞപ്പോൾ അല്പം ഭയത്തോടു ആ ദൗത്യം ഏറ്റെടുക്കുവാൻ വൈമനസ്യം കാണിച്ചപ്പോൾ യോശുവായോടു പറഞ്ഞത് മോശയുടെ ന്യായപ്രമാണം വായിക്കുവാനും ധ്യാനിക്കുവാനുമാണ് സങ്കീ.199-ലും ഇതെ സന്ദേശമാണ് നൽകപ്പെട്ടിരിക്കുന്നത്, ഡി. എൽ. മൂഡി എന്ന ഭക്തൻ പറഞ്ഞിരിക്കുന്നത് ഒന്നുകിൽ ബൈബിൾ പാപത്തിൽ നിന്നും അകറ്റും അല്ലെങ്കിൽ പാപം ബൈബിൾ നിന്നും അകറ്റും (either The Bible will keep you From sin or sin will keep you From the Bible), തിരുവചന വായനയെപ്പറ്റി പ്രസ്താവിക്കുന്ന പല വേദഭാഗങ്ങൾ ബൈബിളിൽ ഉണ്ട്, യെശ.34:16, എത്യോപ്യൻ രാജ്ഞിയുടെ ഷണ്ഡൻ യെരുശലേമിൽ ആരാധനയ്ക്കു വന്നിട്ടു മടങ്ങിപ്പോകുമ്പോൾ യെരുശലേമിൽ നിന്നു വാങ്ങിയതായ യെശയ്യാപ്രവാചകന്റെ പുസ്തകം തേരിൽ ഇരുന്നു വായിക്കുമ്പോൾ പരിശുദ്ധാത്മാവ് ഫിലിപ്പോസിനോടു നീ അടുത്തുചെന്ന് തേരിനോടു ചേർന്നു നടക്കുക എന്നു പറഞ്ഞു...അ. പ്ര.8:26-36. അന്നത്തെക്കാലത്ത് വ്യക്തമായി തിരുവെഴുത്തുകളെ സ്വന്തമാക്കിയിരുന്നവരുണ്ടായിരുന്നു, അതിനു ഉദാഹരണം പൗലോസ്, അതുപോലെ പരസ്യമായി വായിക്കുവാൻ വേണ്ടി സിനഗോഗുകളിലും ചുരുളുകളുണ്ടായിരുന്നു ലൂക്കോ.4:16-21. ആരാധന മദ്ധ്യേ വായിച്ചു കേൾപ്പിക്കുന്ന തിരുവചനം അടിസ്ഥാനമാക്കി ജനത്തെ വചനത്തിൽ പ്രബോധിപ്പിക്കുക, ഇവയാണ് ചെയ്യുന്നത്, ഇങ്ങനെയാണ് ഒന്നാം നൂറ്റാണ്ടിൽ നിലവിലിരുന്നത്. ഇന്നു ജനത്തിനു വ്യാഖ്യാനിച്ചുകൊടുക്കുവാൻ സഭാശുശ്രൂഷകന്മാർ പ്രത്യേകം ശ്രദ്ധിക്കാറുണ്ട് പ്രബോധനം, പൗലോസ് നൽകുന്ന നിർദ്ദേശം പ്രബോധനം നൽകുകയെന്നതാണ്, വായിച്ചു വചനത്തിൽനിന്നും പ്രബോധനം നൽകുക, അപ്പോൾ അതിൽ ഉറപ്പിക്കുക എന്ന് ചുരുക്കം, ഇന്നു സഭകളിലെ സങ്കീർത്തന വായനയിലും, സാക്ഷ്യത്തിനു ശേഷം ചില വിശ്വാസികൾ നൽകുന്നത് പ്രബോധനമാണ്. ഉപദേശം



എന്നാൽ അടിസ്ഥാന ഉപദേശങ്ങൾ (പഠിപ്പിക്കലുകൾ) നൽകുക, ഒന്നാം നൂറ്റാണ്ടിൽ രക്ഷിക്കപ്പെട്ടവർ കടന്നുവരുമ്പോൾ സ്നാനപ്പെട്ടതിനുശേഷം ക്രിസ്തീയ വിശ്വാസത്തിന്റെ പ്രധാന ഉപദേശങ്ങൾ പഠിപ്പിക്കുന്ന രീതി ഉണ്ടായിരുന്നു, ഈ ഉപദേശം എബ്രായലേഖകൻ ആറാം അദ്ധ്യായത്തിൽ പറയുന്നുണ്ട്, മാനസാന്തരം, വിശ്വാസം, സ്നാനം, കൈവെയ്പ്, പുനരുത്ഥാനം, നിത്യശിക്ഷാവിധി എബ്രാ.6:1-3. ഉപദേശങ്ങളാണ് ഒരു വ്യക്തിയെ നിലനിർത്തുന്നതും ഉറപ്പിക്കുന്നതും. ഒരു വൃക്ഷത്തിനു വേരുകൾ എങ്ങനെ വൃക്ഷത്തെ നിലനിർത്തുന്നുവോ, അതുപോലെ ഉപദേശങ്ങൾ ഒരു വ്യക്തിയെ വിശ്വാസത്തിൽ നിലനിർത്തുന്നു അപ്ര.4:12, മത്താ.28:18-20. കൂടാതെ പല ലേഖനങ്ങളിൽ ഉപദേശത്തെ പ്രസ്താവിക്കുന്നുണ്ട്. അപ്പോൾ ഉപദേശത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഇവിടെ നിന്നും മനസ്സിലാകും, കൂടാതെ ഒരു പ്രത്യേക ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടവൻ എന്ന ബോധം എപ്പോഴും ഉണ്ടാകണം അതുകൊണ്ട് തന്നെത്താൻ സൂക്ഷിക്കണം അനുഭവമില്ലാത്ത പ്രസംഗം വട്ടപ്പൂജ്യമാണ്, എന്തു പഠിപ്പിക്കുന്നുവോ അത് ജീവിതത്തിൽ പകർത്തണം പല കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവൻ ഏല്പിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷയിൽ അലസത ഉണ്ടാകുവാൻ പാടില്ല, അതുവരാതെ സൂക്ഷിക്കണം, ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷയിൽ സ്ഥിരോത്സാഹമുള്ളവനായിരിക്കണം. (തുടരും...)

# ചോദ്യോത്തരവേദി

# സ്വന്തം ബോയിംഗ് വിമാനത്തിൽ നടത്തിയ സുവിശേഷം



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

*ചോദ്യം:* സ്വന്തമായി ബോയിംഗ് വിമാനവും ഹെലികോപ്റ്ററുകളും ഉണ്ടായിരുന്ന ആന്ധ്രായിലെ സുപ്രസിദ്ധ സുവിശേഷകനായിരുന്ന കെ. എ. പോൾ ഇപ്പോൾ ജയിലിലാണ്. അദ്ദേഹത്തെപ്പോലെ, ആയിരക്കണക്കിന് അനുയായികളുള്ള പല ക്രിസ്തീയ നേതാക്കളും 'കൾട്ടു'കളാണെന്നാണ് ചില പത്രങ്ങളുടെ ആരോപണം. ഉദാഹരണത്തിന് പോൾ യോഗീഹച്ചോ. ഈ ചോദ്യോത്തരവേദിയിൽ 'കൾട്ടി'നെക്കുറിച്ചും, പോളിനെക്കുറിച്ചും താങ്കളുടെ വിശദീകരണം അറിയാൻ ആഗ്രഹിക്കുന്നു. **– ആന്റണി, തൃശൂർ**

***ഉത്തരം:*** **ഒരു 'കൾട്ടി'ന്റെ നേതാവിനെക്കുറിച്ച് മാനസീകാരോഗ്യവിദഗ്ദർ കൊടുക്കുന്ന വിശദീകരണം താഴെപ്പറയും പ്രകാരമാണ്.**

Delusional Disorder എന്നറിയപ്പെടുന്ന മാനസിക തകരാറുകളുള്ള ഒരു വ്യക്തി തന്റെ **രോഗാവസ്ഥയുടെ ഭാഗമായി** ചില അബദ്ധധാരണകൾക്ക് അടിമയാകാം. താൻ ഒരു അപ്പൊസ്തലനാണെന്നോ, പ്രവാചകനാണെന്നോ തന്നിൽകൂടി വലിയ അത്ഭുതങ്ങൾ ലോകത്തിൽ സംഭവിക്കുവാൻ പോവുകയാണെന്നോ ഉള്ള ചില അവകാശവാദങ്ങൾ, **തിരുത്തപ്പെടാൻ കഴിയാത്ത ഒരു മിഥ്യാധാരണയായി** അയാൾക്കുണ്ടാകാം. വാക്ചാതുര്യവും, പല ഭാഷകളിലുള്ള പ്രാവിണ്യവും, മറ്റുള്ളവരെ ആകർഷിക്കത്തക്ക വ്യക്തിപ്രഭാവവും (കരിസ്മ) ഇവർക്കുണ്ടാകാം. ഇങ്ങനെയുള്ള വ്യക്തികൾക്ക് ഒരു അനുയായി വലയത്തെ സൃഷ്ടിച്ചെടുക്കുവാൻ വളരെ വേഗം കഴിയും. ഈ അനുയായിവൃന്ദത്തിന് വിമർശനപൂർവ്വം കാര്യങ്ങളെ വിലയിരുത്തുന്നതിനുള്ള ശേഷി നശിക്കുന്നു. അവർ അദ്ദേഹത്തിന്റെ സ്വാധീനവലയത്തിൽ കുരുങ്ങി അയാളുടെ തെറ്റായ ധാരണകളെ ശരിവെക്കുകയും അവയുടെ പ്രചാരകരായി മാറുകയും ചെയ്യുന്നു. ഇങ്ങനെയാണ് **ആൾ ദൈവങ്ങൾ** സൃഷ്ടിക്കപ്പെടുന്നത്. അവയിലേക്ക് ആകർഷിക്കപ്പെടുന്നവർ യുക്തിബോധം നഷ്ടപ്പെട്ടവരും ബുദ്ധിശക്തി പണയപ്പെടുത്തിയവരുമായ അടിമകളായി മാറുന്നു. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന കൂട്ടത്തെയാണ് **കൾട്ട്** (Cult) എന്നു പറയപ്പെടുന്നത്.

Delusional Disorder എന്ന മാനസിക തകരാർ കൂടുതലായിപ്പോയാൽ, 'ഐകാൻത്രോഫി' എന്ന പേരിലുള്ള ഭ്രാന്തായി മാറും. താൻ മറ്റേന്തോ ആണെന്നു തോന്നുകയും ആ തോന്നലനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. ഇതാണ് ഈ രോഗം. ബാബിലോണ്യ സാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്ന നെബൂക്കദ്നേസറിന് സ്വയം കാളയാണെന്ന് തോന്നി. അതുകൊണ്ട് പുല്ലുതിന്നുവാൻ തുടങ്ങി. ഏഴുവർഷം പുല്ല് തിന്നശേഷമാണ് രോഗം മാറിയത് (ദാനിയേൽ 4:32).

**കൾട്ടിന്റെ നേതാവിന് എഴുത്തുകാരൻ കൊടുക്കുന്ന ആത്മീയ വ്യാഖ്യാനം.** പണത്തിനോടും പ്രതാപത്തിനോടുമുള്ള ആർത്തി സകലവിധ ദോഷത്തിനും മൂലകാരണമാണെന്നും, ദൈവത്തിന്റെ മനുഷ്യൻ അത് വിട്ടോടി, കർത്താവിന്റെ പ്രത്യക്ഷത വരെ നീതി, ഭക്തി, സ്നേഹം, വിശ്വാസം, ക്ഷമ, സൗമ്യത പിന്തുടരണം **എന്നുള്ള ദൈവ കല്പനയ്ക്ക് വിരോധമായി (1 തിമൊ.6:14),** തന്റെ വേറിട്ട വ്യാഖ്യാനങ്ങളും, വെളിപ്പാടുകളും ലോകത്തറിയിച്ച് പ്രശസ്തനും സമ്പന്നനുമായി താൻ അംഗീകരിക്കപ്പെടണമെന്നുള്ള **അമിതമായ ആഗ്രഹത്തോടുകൂടി,** ഭക്ഷണം വെടിഞ്ഞ് ചില ദിവസങ്ങൾ നേതാവ് ധ്യാനത്തിലിരിക്കുന്നു. ധ്യാന ദിവസങ്ങളിൽ ഒരാത്മീയാനുഭവം നേതാവിനുണ്ടാകുന്നു. ഏതെങ്കിലും രൂപത്തിന്റെ പ്രത്യക്ഷതയാകാം, കൂടിയ പ്രകാശമാകാം, മുഴക്കമാകാം, അശരീരിയാകാം. ഈ ആത്മീയാനുഭവത്തോടുകൂടി തന്റെ ആഗ്രഹങ്ങൾ നിവർത്തിക്കപ്പെടുമെന്ന് നേതാവ് ഉറപ്പാക്കുന്നു. ദൈവമോ ദൂതനോ ആണ് പ്രത്യക്ഷത തന്നതെന്ന് നേതാവ് വിശ്വസിക്കുന്നു. അതോടുകൂടി ഒരു പ്രത്യേക സ്വാധീനവും നിറവും ഉറപ്പും നേതാവിനുണ്ടാകുന്നു. ഈ സ്വാധീനവലയത്തിലേക്ക് പലരും ആകർഷിക്കപ്പെടുന്നു. ലോകത്തിലെ ഒട്ടുമിക്ക 'കൾട്ട്' നേതാക്കൾക്കും മതസ്ഥാപകർക്കും **ആത്മാക്കളുടെ പ്രത്യക്ഷതയുടെ ഈ അനുഭവം** ഉണ്ടായതായി അവരുടെ ജീവചരിത്രങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. **അപ്പോസ്തലന്മാരുടെ കാലത്തും മറ്റാത്മാക്കളുടെ പ്രത്യക്ഷതയും സ്വാധീനവും വിശ്വാസികളെ ചഞ്ചലചിത്തരാക്കിയിരുന്നു (2 തെസ്സ.2:2; 2 കൊരി. 11:4; 1 യോഹ.4:1).**

ഇങ്ങനെയുള്ളവർക്ക് രാജ്യനിയമങ്ങളോട് പുച്ഛമായിരിക്കും. തന്നെ വിമർശിക്കുന്നവരോട് പകയായിരിക്കും. റോമാ ലേഖനം 13–ാം അദ്ധ്യായം ഇവർക്ക് ബാധകമല്ലന്നാണ് ഇവരുടെ പ്രവർത്തികൾ തെളിയിക്കുന്നത്. ഇവരിൽ ചിലർ ഭക്ഷണം കുറച്ചുമാത്രം കഴിച്ച് മെലിഞ്ഞിരിക്കുന്നവരും, മറ്റു ചിലർ ദിവസം ഏഴെട്ടുനേരം ഭക്ഷിച്ച് അമിതതൂക്കമുള്ളവരുമായിരിക്കും. ഇങ്ങനെയുള്ളവരെക്കുറിച്ച് ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നത്: "അവർ നമ്മുടെ ഇടയിൽ നിന്ന് പുറപ്പെട്ടുവെങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല...നമുക്കുള്ളവർ ആയിരുന്നുവെങ്കിൽ നമ്മുടെ ഉപദേശങ്ങളോടും കല്പനകളോടും കൂടെ നിലക്കൊള്ളുമായിരുന്നു..." (1 യോഹ.2:19 സ്വതന്ത്രപരിഭാഷ).

**കെ. എ. പോൾ**

ഇൻഡ്യയിൽ ആന്ധ്രാ സംസ്ഥാനത്ത് ചിട്ടിവലസാ എന്ന സ്ഥലത്ത് **കിലാരി ആനന്ദ് പോൾ** (കെ.എ. പോൾ) തന്റെ 19–ാം വയസ്സിൽ യേശുവിനെ രക്ഷകനായി സ്വീകരിച്ചു. നല്ല സാക്ഷ്യമുള്ളവനായി കുറെക്കാലം ജീവിച്ചു. **തരികിട** സ്വഭാവമുള്ള ഒരു രോഗശാന്തി ശുശ്രൂഷകന്റെ അസിസ്റ്റന്റായി കുറെനാൾ കഴിഞ്ഞു. തനിക്കും രോഗശാന്തി ശുശ്രൂഷ ചെയ്ത് ലോകപ്രശസ്തനാകണമെന്ന് **തീവ്രമായ ആഗ്രഹം ഉണ്ടായി.** ധ്യാനവും ശുശ്രൂഷയുമായി മുന്നോട്ടുപോയി. ജനക്കൂട്ടം കൂടിക്കൂടി വന്നു. ലക്ഷക്കണക്കിന് ജനങ്ങൾ കൂടുന്ന യോഗങ്ങളായി. സ്വന്തമായി ബോയിംഗ് വിമാനവും ഹെലികോപ്ടറുകളും ഉണ്ടായി. വ്യക്തിപരമായ സംരക്ഷണത്തിന് ദൂതന്മാർക്ക് പകരം യുദ്ധസേവ പഠിച്ച 25 അംഗരക്ഷകരുണ്ടായി. ദഹിപ്പിക്കുന്ന അഗ്നിയോടാണ് ഇടപെടുന്നത് എന്നത് കുറേ കഴിഞ്ഞപ്പോൾ പോൾ മറന്നുപോയി (പുറപ്പാട് 19:18, എബ്രായർ 12:29).

ഈ സമയം പോളിന്റെ സഹായിയായി നിന്ന സഹോദരൻ **ഡേവിഡ്** സ്വത്ത് വിഭാഗിച്ച് മാറിത്താമസിക്കാൻ തീരുമാനിച്ചു. സഹോദരന്റെ തീരുമാനം പോളിന് ഇഷ്ടപ്പെട്ടില്ല. **കോതേശ്വരറാവു** എന്ന ഗുണ്ടാസംഘനേതാവിനെക്കൊണ്ട് സഹോദരനെ പോൾ കൊല്ലിച്ചു...ബാക്കി സംഭവങ്ങൾ വിശദീകരിക്കുവാൻ സ്ഥലം അനുവദിക്കുന്നില്ല. പോൾ ഇപ്പോൾ ജയിലിലാണ്.

**പോൾ യോഗിംച്ചോ ജയിൽ മോചിതനായി**

പത്തുലക്ഷം പേർ ഉണ്ടായിരുന്ന കൊറിയൻ അസംബ്ലീസ് ഓഫ് ഗോഡ് സഭയിലെ പാസ്റ്റർ ജയിൽ മോചിതനായി. സാമ്പത്തിക തിരിമറിയായിരുന്നു കാരണം. സഭയിലെ വരുമാനത്തിൽ നിന്നും 120 കോടി ഡോളർ എടുത്ത് മകന്റെ പേരിൽ ഷെയർ മാർക്കറ്റ് തുടങ്ങിയതിന് വിശ്വാസികൾ കേസ് കൊടുത്തതാണ് ജയിലിലാകാൻ കാരണം. ഇപ്പോൾ ഡേവിഡ് എന്ന പേരിൽ പുതിയ പാസ്പോർട്ട് എടുത്താണ് ശുശ്രൂഷയ്ക്കായി യാത്ര ചെയ്യുന്നത്.

**അടിക്കുറിപ്പ്:** "പൗലോസ് **തന്റെ വാടകവീട്ടിൽ** രണ്ടുവർഷം മുഴുവൻ താമസിച്ചു. തന്റെ വീട്ടിൽ വന്നവരെയെല്ലാം സ്വീകരിച്ചു. **പൂർണ്ണ പ്രാഗല്ഭ്യത്തോടെ** വിഘ്നം കൂടാതെ ദൈവരാജ്യം പ്രസംഗിച്ചു" (അപ്പോ.പ്ര.28:29). കപ്പൽ സ്വന്തമാക്കാൻ ശ്രമിക്കാതെ, യാത്രയ്ക്കുള്ള കൂലി കൊടുത്ത് കപ്പലിൽ അനേക സ്ഥലങ്ങളിൽ പൗലോസ് യാത്ര ചെയ്ത് യേശുക്രിസ്തുവിനെ വെളിപ്പെടുത്തി (അപ്പൊ. പ്ര.27,28).

# ഐ. പി. സി. മലബാർ മേഖല കൺവൻഷൻ സമാപിച്ചു



**നിലമ്പൂർ:** പാലുണ്ടയിൽ നടന്ന ഐ. പി. സി. മലബാർ മേഖല കൺവൻഷൻ സമാപിച്ചു. മേഖലാ രക്ഷാധികാരി പാസ്റ്റർ വി. ജെ. ജോർജ് ഉദ്ഘാടനം നിർവ്വഹിച്ച കൺവൻഷനിൽ മേഖലാ സെക്രട്ടറി പാസ്റ്റർ സാം ദാനിയേൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ തോമസ് ഫിലിപ്പ് വെൺമണി മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് നടന്ന രാത്രി സമ്മേളനങ്ങളിൽ പാസ്റ്റർമാരായ ബാബു ചെറിയാൻ, ഷാജു സി. ജോസഫ്, ഫിലിപ്പ് പി. തോമസ്, അനീഷ് കാവാലം, വിൽസൺ ജോസഫ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർമാരായ മാത്യു തോമസ്, കെ. സി. ഉമ്മച്ചൻ, ബിജോയ് കുര്യാക്കോസ് എന്നിവർ അദ്ധ്യക്ഷത വഹിച്ചു. ഞായറാഴ്ച നടന്ന സംയുക്താരാധനയിൽ ഐപിസി സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ വചനം ശുശ്രൂഷിച്ചു. മേഖലാ പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ ബാബു ജോസഫ്, പാസ്റ്റർ സ്റ്റീഫൻ എന്നിവരുടെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടന്നു. ജോർജ് തോമസ്, ജെയിംസ് വർക്കി, പാസ്റ്റർ ബാബു മഞ്ചേരി, അനിൽ കെ. ജി., പാസ്റ്റർ മനോജ്, പാസ്റ്റർ ഷാജി. പി. റ്റി, സാജു കൊണ്ടാഴി, പാസ്റ്റർ ലാലു വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകി. പാലക്കാട് മുതൽ കാസർക്കോഡുവരെയുള്ള ഐ. പി. സി. സഭകൾ മലബാർ മേഖലയിൽ ഉൾപ്പെടുന്നു.

# പ്രെയർ ബോർഡ് തിരുവനന്തപുരം മേഖല പ്രാർത്ഥനാ സംഗമം



ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് പ്രെയർ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്ന തിരുവനന്തപുരം മേഖലാ പ്രാർത്ഥനാ സംഗമത്തിൽ നിന്നുള്ള ദൃശ്യം.

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് പ്രെയർ ബോർഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മേഖല പ്രാർത്ഥനാ സംഗമം പട്ടം ദൈവസഭാ ഹാളിൽ നടന്നു. സ്റ്റേറ്റ് ഡയറക്ടർ പാസ്റ്റർ വി.പി.തോമസ് നേതൃത്വം നൽകി. സെക്രട്ടറി പാസ്റ്റർ അനീഷ് ഏലപ്പാറ, പാസ്റ്റർ ജോസ് ബേബി എന്നിവർ വചനപ്രഭാഷണം നടത്തി. പാസ്റ്റർ വിനോദ് ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ കെ.എ.ഡേവിഡ്, സുനിൽ സ്കറിയ, ജേക്കബ് ബഞ്ചമിൻ എന്നിവർ ഗാനശുശ്രൂഷ നയിച്ചു. പാസ്റ്റർമാരായ തോമസ് ജോർജ്, ഷിജു മത്തായി, ജോയി തോമസ്, പി.എ.ജെറാൾഡ് തുടങ്ങിയവർ പ്രാർത്ഥന നയിച്ചു.

# കുമ്പനാട് സെന്റർ കൺവൻഷൻ

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കുമ്പനാട് സെന്റർ കൺവൻഷൻ 2017 ജനുവരി 4 മുതൽ 8 വരെ വൈകിട്ട് 6 മുതൽ 9 വരെ മുട്ടുമൺ ഐക്കര പെനിയേൽ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ റ്റി. എസ്. ഏബ്രഹാം നേതൃത്വം നൽകുന്ന സെന്റർ കൺവൻഷൻ പാസ്റ്റർ ഡോ. റ്റി. വത്സൻ ഏബ്രഹാം ഉത്ഘാടനം ചെയ്യും. പാസ്റ്റർമാരായ ജോയി പാറയ്ക്കൽ, ഫിലിപ്പ് പി. തോമസ്, സാം ചെല്ലദുരൈ, ഡോ. റ്റി. വത്സൻ ഏബ്രഹാം, ബാബു ചെറിയാൻ എന്നിവർ പ്രസംഗിക്കും. സോദരീ സമാജം, സൺഡേസ്കൂൾ, പി. വൈ. പി. എ, ഉപവാസ പ്രാർത്ഥന, ഓർഡിനേഷൻ ശുശ്രൂഷ, സംയുക്ത ആരാധന എന്നിവ ഉണ്ടായിരിക്കും. ബ്രദർ സാം കുഴിക്കാല നേതൃത്വം നൽകുന്ന വർഷിപ്പേഴ്സ് ഗാനങ്ങൾ ആലപിക്കും. പാസ്റ്റർമാരായ ഷിബു നെടുവേലിൽ, റ്റി. ജെ. ഏബ്രഹാം, തോമസ് നൈനാൻ, റ്റി. എ. ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകുമെന്ന് പബ്ലിസിറ്റി കൺവീനർ ബ്രദർ കെ. റ്റി. ജോഷ്വാ അറിയിച്ചു.

# ഡിസ്ട്രിക്ട് കൺവൻഷൻ



**ഏലപ്പാറ:** ചർച്ച് ഓഫ് ഗോഡ് ഏലപ്പാറ ഡിസ്ട്രിക്റ്റ് കൺവൻഷൻ നവംബർ 3 മുതൽ 6 വരെ നാലാം മൈൽ മത്തുംപാറ ഭവനാങ്കണത്തിൽ വച്ചു നടത്തി.പാസ്റ്റർ കെ. വി. ഫ്രാൻസിസിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ പാസ്റ്റർ ഐസക്ക് സൈമൺ (U.P.G. International Board Member)ഉദ്ഘാടനം നിർവ്വഹിച്ചു. റവ. സി. സി. തോമസ് (സ്റ്റേറ്റ് ഓവർസീയർ), പാസ്റ്റർ ജെ. ജോസഫ്(സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി), പാസ്റ്റർ തോമസ് മാമ്മൻ, പാസ്റ്റർ ഷിബു മാത്യു, തുടങ്ങിയവർ പ്രസംഗിച്ചു. സംയുക്താരാധനയ്ക്ക് പാസ്റ്റർ കെ. വി. ഫ്രാൻസിസ് നേതൃത്വം നല്കി. പാസ്റ്റർ വൈ. റെജി വചനം ശുശ്രൂഷിച്ചു. സൺഡേസ്കൂൾ, വൈ.പി.ഇ ഡിസ്ട്രിക്റ്റ് താലന്തു പരിശോധനയിൽ ജയിച്ചവർക്ക് പാസ്റ്റർ വൈ. റെജി സമ്മാനദാനം നിർവ്വഹിച്ചു. പാസ്റ്റർ ബിജു കണ്ടത്തിലിന്റെ നേതൃത്വത്തിലുള്ള സെലസ്റ്റ്യൽ വോയ്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു.

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 94–ാമത് ജനറൽ കൺവൻഷൻ കമ്മറ്റി രൂപീകരിച്ചു

**ജനറൽ കൺവീനർ**

**പാസ്റ്റർ സി. സി. തോമസ്,** (സ്റ്റേറ്റ് ഓവർസീയർ)

**ജോ. ജനറൽ കൺവീനേഴ്സ്**

**പാസ്റ്റേഴ്സ് പി. ജി. മാത്യൂസ്,** ജെ. ജോസഫ്

**ഫിനാൻസ്**

**പാസ്റ്റേഴ്സ് വൈ. ജോസ്,** വിനോദ് ജേക്കബ്, ബ്രദേഴ്സ് സി.പി. വർഗീസ്, പോൾ രാജ്, ഡോ. ജോസ് കോശി ജോർജ്ജ്, കോശി ജോർജ്ജ് അഞ്ചൽ

**സ്തോത്രകാഴ്ച**

**പാസ്റ്റേഴ്സ് തോമസുകുട്ടി ഏബ്രഹാം,** കെ.സി. ചാക്കോച്ചി, പി.റ്റി. മാത്യു, കെ.എം. ജോർജ്ജ്, കെ.ബെന്നി, റ്റി. ജെയിംസ്, ജോജി മീഖായേൽ, തോമസ് ജോസഫ് മുട്ടം, ഏ. എൻ.രാജു, മാത്തുക്കുട്ടി ഏബ്രഹാം, പി.വി. ജോൺ

**പ്രെയർ**

**പാസ്റ്റേഴ്സ് ജി. അലക്സ്,** വി.പി. തോമസ്, അനീഷ് ഏലപ്പാറ, ഇ.എസ്. ജോൺ, ജെയിംസ് വർഗീസ്, പി.വി. മാത്യു, റ്റി.എം. തോമസുകുട്ടി, വർഗീസ് ഈപ്പൻ, കുര്യാക്കോസ് ജേക്കബ്, ഏ.ജി. ഏബ്രഹാം, സി. എസ്. ജസ്റ്റിൻ, പി.ഒ. സാമുവേൽ, എം.എം. വർഗീസ്, ജി. ഡേവിഡ്, പി. റ്റി. സന്തോഷ്കുമാർ, സി.കെ. തോമസ്, ജെയ്സൺ ഏബ്രഹാം

**പബ്ലിസിറ്റി**

**പാസ്റ്റേഴ്സ് പി.സി. ചെറിയാൻ,** ഷിജു മത്തായി, പി.കെ. മാത്യു, ജോർജ്ജ് സാമുവേൽ, മോനി തോമസ്, പി.പി. ഇടിക്കുള, ഡെന്നീസ് വർഗീസ്, സാബു കൊച്ചുമ്മൻ, കെ.വി. ഏബ്രഹാം, റോബിൻ സി. റോയി, ബ്രദർ ജോയൽ പി. തോമസ്

**ലൈറ്റ് & സൗണ്ട്**

**പാസ്റ്റേഴ്സ് ഷിബു കെ. മാത്യു,** പി.എസ്. രാജൻ, കെ. റെജി, പി.എസ്. ജോയി, അലക്സ് ഏബ്രഹാം, രാജൻ ജോൺ, മാത്യു ബേബി, ബ്രദർ ടോം റ്റി. ജോർജ്ജ്

**കൗൺസിലിംഗ്**

**പാസ്റ്റേഴ്സ് ഏ. റ്റി. ജോസഫ്,** ഷെർവിൻ വർഗീസ്, തോമസ് ജോർജ്ജ് കുണ്ടറ, ബിജു ബി. ജോസഫ്, ആർ. എസ്സ്. ദിൻകർ, സിസ്റ്റർ സൂസി ജോൺസൻ

**ട്രാൻസ്ലേഷൻ**

**പാസ്റ്റേഴ്സ് വിനോദ് ജേക്കബ്,** ഷിബു കെ. മാത്യു, ഏ.പി. അഭിലാഷ്, പി.കെ. ഷിബു, എസ്. മധു,

**സ്റ്റാൾ അലോട്ട്മെന്റ്**

**പാസ്റ്റേഴ്സ് സജി ഏബ്രഹാം,** ബിനു ചെറിയാൻ, ബാബു ബി. മാത്യു, എൻ.എ. ചാക്കോ, സുനിൽ സ്കറിയ

**റിസപ്ഷൻ**

**പാസ്റ്റേഴ്സ് ക്രിസ്റ്റഫർ റ്റി. രാജു,** ബിനു തോമസ്, ഏബ്രഹാം മാത്യു കോട്ടയം, വി. എ. തോമസുകുട്ടി, രാജു ജോസഫ്, പി.ബി. വെയിൽസ്, അലക്സ് ഏബ്രഹാം

**മ്യൂസിക്**

**പാസ്റ്റേഴ്സ് വൈ. റെജി,** പി.എസ്. രാജൻ, തോമസ് മാത്യു സി., ഗോഡ്സൺ ജോർജ്ജ്, കെ.എം.ഡേവിഡ്, ശിംശോൻ മാർട്ടിൻ, ചാർലി വർഗീസ്, എബി റ്റി. ജോസഫ്, പി. റ്റി. ബിജു, ഷാജി റ്റി. സാം, ജിജി വി. റ്റി. രാജീവ് സേവ്യർ, ജോൺസൻ ജോർജ്ജ് അങ്കമാലി, ബ്രദർ അലൻ ഫിലിപ്പ്, അനിൽ കുമാർ

**കർത്തൃമേശ**

**പാസ്റ്റേഴ്സ് ഈപ്പൻ ചെറിയാൻ,** റ്റി. എം. മാമ്മച്ചൻ, കെ.എം. ഗീവർഗീസ്, വി. സോളമൻ, ഐസക് ജോൺ

**അക്കോമഡേഷൻ**

**പാസ്റ്റേഴ്സ് റ്റി.എം. മാമ്മച്ചൻ,** സാബു പി. ചാണ്ടി, സി.റ്റി. ജോസഫ്, കെ.എസ്. സണ്ണി, ബ്രദേഴ്സ് ഏബ്രഹാം എം. തോമസ്, സി.എസ്. മാത്യു, വി.എ. സാബു, സി. റ്റി. രാജു, പാസ്റ്റർ ഏബ്രഹാം സാമുവേൽ,

**വോളന്റിയേഴ്സ്**

**പാസ്റ്റേഴ്സ് തോമസ് എം. പുളിവേലിൽ,** സുജു ജോൺ, റോയി ഫിലിപ്പോസ്, ഗ്ലാഡ്സൺ ജോൺ, സുനു കോശി, പി.എം. ഫിലിപ്പ്, തോമസ് ടൈറ്റസ്, സുഭാഷ് ആനാരി, ജെ. മാമ്മച്ചൻ, ഏബ്രഹാം വർഗീസ്, ജോസഫ് കെ. ഏബ്രഹാം, ബിനോയി ജോസഫ്, കെ.വി. വർഗീസ്,, പി.റ്റി. പ്രദീപ്, ബി. ലാലു, ബ്രദേഴ്സ് ജിജു പി. ഏബ്രഹാം, ബിബിൻ മോനച്ചൻ, തോമസ് ഏബ്രഹാം, വി.എസ്. ജോയി, രാജൻ ജോർജ്ജ്, പി. റ്റി. മത്തായിക്കുട്ടി

**പന്തൽ & സ്റ്റേജ്**

**പാസ്റ്റേഴ്സ് സജി ജോർജ്ജ്,** പി.സി. മാത്യു, ലിജു ദാനിയേൽ, റ്റി. വി. വർഗീസ്, ഏ.ഡി. ജോൺസൻ, ബ്രദേഴ്സ് സിബി മാമ്മൻ ജോസഫ്, ഷിബു മാത്യു, പി.കെ. കുട്ടപ്പൻ

**ഗ്രൗണ്ട് അറേഞ്ച്മെന്റ്സ്**

**പാസ്റ്റേഴ്സ് ജോൺസൻ ദാനിയേൽ,** കെ. വി. ഗീവർഗീസ്, ജോൺ ദാനിയേൽ, ഏബ്രഹാം മാത്യു-ഓതറ, ഷാജൻ വർഗീസ്, ജോസ് ജോർജ്ജ്, ബെന്നി സാമുവേൽ, ബ്രദേഴ്സ് ബിജു ജോഷ്വാ, സി.വി. തോമസ്-മുട്ടാർ, പ്രസന്നൻ, വിമൽ റ്റി.വി.,

**ഫുഡ്**

**പാസ്റ്റേഴ്സ് ബാബു ചെറിയാൻ,** ക്രിസ്റ്റഫർ റ്റി. രാജു,, ജോൺസൻ തോമസ്, ജോസഫ് റ്റി. സാം, കെ.ജി. ജോൺ, ടൈറ്റസ് എ. നൈനാൻ, പി. എം. ഫിലിപ്പ്, ജോസ് ബേബി, ജോർജ്ജ് വർഗീസ്, തോമസ് ജോർജ്ജ് കില്ലൂർ, ബിനോയി കെ., ബിനു തോമസ്, മോൻസി ഏബ്രഹാം, സി.എ. അനിയൻ കുഞ്ഞ്, ജെയിംസ് പി.ജെ. പയ്യനാമൺ, സണ്ണി ജോർജ്ജ്, ബൈജു തങ്കച്ചൻ, ഷിബു എം. തോമസ്, റെജി റ്റി. രാജു, സജി ഫിലിപ്പ്, ജോർജ്ജുകുട്ടി റ്റി., വർഗീസ് വി., റെജിമോൻ റ്റി, ബൈജു തോമസ്, ആന്റണി മെയ്ൻ, കെ. തോമസുകുട്ടി, അജി പി. ജോർജ്ജ്, ബ്രദേഴ്സ് ഏബ്രഹാം എം. തോമസ്, റോബർട്ട് സാം, തങ്കച്ചൻ കുറിയന്നൂർ

**മീഡിയ**

**പാസ്റ്റേഴ്സ് സാംകുട്ടി മാത്യു,** ജെയ്സ് പാണ്ടനാട്, ഷെജു തോമസ് ഞാറയ്ക്കൽ, സണ്ണി സഖറിയ, ബ്രദർ ബ്ലെസ്സൻ ജോൺ മലയിൽ

**ലിറ്ററേച്ചർ**

**ബ്രദർ റ്റി. യോഹന്നാൻ,** പാസ്റ്റേഴ്സ് എ. ഒ. സാമുവേൽ, സണ്ണി പി. സാമുവേൽ, ബാബു ഇടിക്കുള, പ്രെയ്സ് തോമസ്, സാലു വർഗീസ്, ആശിഷ് ആന്റണി അലക്സാണ്ടർ, ഇ.ജോൺ കച്ച്

**സീറ്റിംഗ്**

**പാസ്റ്റേഴ്സ് പി.എ. ജെറാൾഡ്,** ജോയി എ. ചാക്കോ, എം.ഇ .റെജി, എസ്. ജോസ്, സി.സി. ജോസ്, ജോബി കോശി, ബാബുജി ജോഷ്വാ, ജീമോൻ കോശി, തോമസ് മാത്തൻ, പി. റ്റി. തോമസ്, വി.ഇ. വർഗീസ്, ബ്രദേഴ്സ് ബിനുമോൻ പി.എസ്, ജോർജ്ജുകുട്ടി ഏബ്രഹാം, ജോസ് എ. ജേർജ്ജ്

**വാട്ടർ സപ്ലൈ**

**പാസ്റ്റർ ജോൺ ജോസഫ്,** ബ്രദർ വി. എ. സാബു, പാസ്റ്റേഴ്സ് സന്തോഷ് ജേക്കബ്, തോമസ് റ്റി., എൻ.എ. ജോസഫ്, ബ്രദർ റോയി കെ.സി.

**ട്രാൻസ്പോർട്ടേഷൻ**

**പാസ്റ്റേഴ്സ് കെ. കെ. കോരുത്,** വിജു റ്റി. ഇ., എൻ.റ്റി. ഫിലിപ്പ്, ടിംസ് ജോർജ്ജ്, ബ്രദേഴ്സ് ബിജു വർഗീസ് കൊടുമൺ, സുനിൽ വർഗീസ്

**പാർക്കിംഗ്**

**പാസ്റ്റേഴ്സ് കെ. വി. ജേക്കബ്,** സജു സി. കോയിക്കലേത്ത്, സി. ഓ. ജോസഫ്, തമ്പി ജോർജ്ജ്, എം.വൈ. വർഗീസ്, എം. എസ്. ദിനേശ്, സി. റ്റി. അജി

**സ്നാനം**

**പാസ്റ്റേഴ്സ് കെ.എ. ഉമ്മൻ,** ഏബ്രഹാം മാത്യു കോട്ടയം, കെ.എം. ചെറിയാൻ, സി. എം. വത്സലദാസ്

**വിജിലൻസ്**

**ബ്രദേഴ്സ് ജോസഫ് മറ്റത്തുകാലാ,** അജി കുളങ്ങര, പാസ്റ്റർ വി.ജെ. തോമസ്, ബ്രദേഴ്സ് സജി കെ. സാം, സുരേഷ് പി. തോമസ്, ജിലിൻ ജോസ്

**ഇൻഫർമേഷൻ**

**പാസ്റ്റേഴ്സ് റ്റി. എ. ജോർജ്ജ്,** വർഗീസ് വി. ജോൺ, കെ.എം. തോമസ്, ജോൺസൻ കുരുവിള, ജോയി തോമസ്, ജേക്കബ് മാത്യു, റ്റി.റ്റി. സോജൻ,

**പബ്ലിക് റിലേഷൻ**

**പാസ്റ്റേഴ്സ് പി. പി. കുര്യൻ,** ഉമ്മൻ ജോൺ, വി.എ. മാത്യു, ജേക്കബ് ജോർജ്ജ്, ഗ്ലാഡ്സൺ വി. കാരോട്ട്, സി.കെ. തോമസ്, ബ്രദർ പി.ജെ. രാജു

**സെക്യൂരിറ്റി**

**പാസ്റ്റേഴ്സ് കെ. റ്റി. വർഗീസ്,** വിജു ദാനിയേൽ, പി.വി. ചെറിയാൻ, വൈ. മോനി, ബ്രദേഴ്സ് നാണുകുട്ടൻ, സ്റ്റാൻലി കെ. സാബു, വൈ. ഏബ്രഹാം

**നിർദ്ദേശങ്ങൾ & പരാതികൾ**

**പാസ്റ്റേഴ്സ് ജോസ് ബേബി,** കെ. വി. ഫ്രാൻസിസ്, ഏബ്രഹാം മാത്യു കൊട്ടാരക്കര, പി.എം. മാത്യു, ജോൺ ഏബ്രഹാം, എം. കെ. ജോൺ, ബ്രദർ സി.എസ്. മാത്യു

**മെഡിക്കൽ**

**ഡോ. ഐസക് സൈമൺ**

**ഓഫീസ്**

**ബ്രദേഴ്സ് ബിനോയി പി. അലക്സ്,** അരുൺ കെ. മാത്യു, പാസ്റ്റേഴ്സ് എം.എ. തോമസുകുട്ടി, കെ.സി. ജോസഫ്, കുര്യൻ പുന്നൂസ്, രാജേഷ് ആർ.

**വോളന്റിയേഴ്സ് (സഹോദരിമാർ)**

**സിസ്റ്റേഴ്സ് സുനു തോമസ്,** മേരിക്കുട്ടി ഏബ്രഹാം, ഏലിയാമ്മ വർഗീസ്, അക്കാമ്മ ജോർജ്ജ്, ഷോൺ തോമസ്, സൂസി ജോൺസൻ, ഡെയ്സി തോമസ്, മോളിക്കുട്ടി കോശി, പൊന്നമ്മ അലക്സാണ്ടർ, മേരിക്കുട്ടി സോളമൻ.

## കല്ലുകടി

## സ്വയം പൊങ്ങികൾ

മാന്യമായി ശുശ്രൂഷ നിർവ്വഹിക്കുന്ന എല്ലാ ദൈവദാസന്മാരും മാപ്പാക്കുക. ഇതു നിങ്ങളെകുറിച്ചല്ല. സ്വയം പൊങ്ങികളായ ചില തട്ടിപ്പു ശുശ്രൂഷകരെക്കുറിച്ചാണ്.ഏത് ഉല്പന്നവും ഇന്ന് മാർക്കറ്റ് പിടിക്കണമെങ്കിൽ നന്നായി അത് പ്രമോട്ട് ചെയ്യണം. പണ്ട് ഉല്പന്നത്തിന്റെ ഗുണമേന്മയായിരുന്നു അതിനെ മുമ്പിലെത്തിച്ചിരുന്നതെങ്കിൽ ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. ഏത് ചവറുസാധനവും നല്ല പരസ്യത്തിലൂടെ മുമ്പിലെത്തുന്നതാണ് നമ്മൾ കണ്ടുവരുന്നത്. ടിവിയിലും പത്രത്തിലും നവമാധ്യമങ്ങളിലുമൊക്കെ വരുന്ന പരസ്യങ്ങളിൽ ആകൃഷ്ടരായാണ് ആളുകൾ സാധനങ്ങൾ വാങ്ങുന്നത്. അത് തങ്ങൾക്ക് ആവശ്യമുള്ളതോ പ്രയോജനപ്രദമോ എന്നൊന്നും പലരും നോക്കാറേയില്ല. ഉല്പന്നങ്ങളെ മാർക്കറ്റ് ചെയ്യുവാൻ പരസ്യ ഏജൻസികൾ ഇന്ന് ധാരാളം ഉണ്ട്. ഇതിന് വലിയ ചെലവ് വരുന്നതാകയാൽ ചെറുകിടക്കാർ സ്വയമേ നടത്തുന്ന മാർക്കറ്റിംഗും ശ്രദ്ധിക്കപ്പെടാറുണ്ട്. പറഞ്ഞുവരുന്നത് നമ്മുടെ ആത്മീയ രംഗത്തെ മാർക്കറ്റിംഗിനെക്കുറിച്ചാണ്. കാശും പുത്തനുമൊക്കെയുള്ള ചില പ്രസംഗകരും വിടുതൽ ശുശ്രൂഷകരുമൊക്കെ ആധുനിക സംവിധാനങ്ങളോടെ മാർക്കറ്റ് പിടിച്ചടക്കി മുന്നേറുകയാണ്. അതിനിടയിൽ ചില മിടുക്കന്മാർ നടത്തുന്ന ചെറുകിട മാർക്കറ്റിംഗ് ശ്രദ്ധേയമാണ്. ഞാൻ എത്ര മഹാൻ എന്ന് വരുത്തിതീർക്കുവാൻ നടത്തുന്ന ശ്രമങ്ങൾ രസകരം തന്നെയാണ്. ഏതെങ്കിലും സഭയിലെ ഒരു ഭവനപ്രാർത്ഥനയിൽ പ്രസംഗിക്കുവാൻ അവസരം കിട്ടിയാൽ ചില മഹാന്മാർ കളർഫുൾ പോസ്റ്ററുകൾ ഉണ്ടാക്കി ഫേസ്ബുക്കിലും വാട്ട്സാപ്പിലുമൊക്കെ പോസ്റ്റ് ഇട്ടുകളയും. പ്രസംഗിക്കുന്നതിന്റെ ഫോട്ടോകൾ വിവിധ ആംഗിളിൽ ഉള്ളത് കൈവച്ച് പ്രാർത്ഥിക്കുന്നത് കൈ പൊക്കുന്നത് ചാടാൻ തുടങ്ങുന്നത് തുടങ്ങി പല രൂപത്തിലും ഭാവത്തിലുമുള്ള പോസ്റ്റുകൾ സ്വയമായി കാച്ചികളയും. ശ്രോതാക്കൾ മൂന്നോ നാലോ പേരേ ഉള്ളൂ എന്നത് ജനം അറിയുന്നില്ലല്ലോ. തനിക്ക് ദിവസവും പ്രോഗ്രാമുണ്ടെന്നും തിരക്കുള്ള ശുശ്രൂഷയിൽ വ്യാപൃതനാണെന്നും ജനത്തെ അറിയിക്കുമ്പോൾ സ്വാഭാവികമായി പ്രോഗ്രാമുകൾ കൈയിലെത്തും. അങ്ങനെ സ്വയമായി പ്രമോട്ട് ചെയ്ത് സ്വന്തമായി ശ്രേഷ്ഠ ദൈവഭൃത്യനായി മാറുന്ന ഈ മാജിക്കിൽ പെട്ടുപോകുന്നത് അനേക പാവങ്ങളാണ് (കഴിവുള്ളവരും ശുശ്രൂഷയുള്ളവരുമായ ദൈവദാസന്മാർ ദയവായി ക്ഷമിച്ചാലും). തങ്ങളുടെ ഉല്പന്നം വിറ്റഴിക്കുവാൻ നടത്തുന്ന ഇത്തരം ശ്രമങ്ങളിലൂടെ ഇവർ ഉയർത്തുന്നത് ആരുടെ നാമമാണ് അറിഞ്ഞുകൂടാ.

## സ്വീകരണവും അനുമോദനവും



**ഹൈറേഞ്ച്:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് പത്താമത് ഓവർസിയറായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ സി. സി. തോമസിന് ഹൈറേഞ്ച് സോണലിന്റെ ആഭിമുഖ്യത്തിൽ നവംബർ 5–ാം തീയതി ശനിയാഴ്ച മൂന്നുമണിക്ക് ഏലപ്പാറ ഡിസ്ട്രിക്റ്റ് കൺവൻഷൻ നഗറിൽ വെച്ച് അനുമോദന സമ്മേളനം നടത്തുകയും ചെയ്തു. സ്റ്റേറ്റ് കൗൺസിൽ മെമ്പറും ഇടുക്കി ഡിസ്ട്രിക്റ്റ് പാസ്റ്ററുമായ ക്രിസ്റ്റഫർ റ്റി. രാജുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ പാസ്റ്റർമാരായ തോമസുകുട്ടി ഏബ്രഹാം(സ്റ്റേറ്റ് കൗൺസിൽ ജോ. സെക്രട്ടറി), പാസ്റ്റർ ഷിബു കെ. മാത്യു, പാസ്റ്റർ റെജി കുര്യൻ (ഡി.പി. കട്ടപ്പന), പാസ്റ്റർ സാംകുട്ടി മാത്യു(ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ), പാസ്റ്റർ ബിനു തോമസ്, പാസ്റ്റർ ഷിജു മത്തായി തുടങ്ങിയവർ ആശംസകൾ അറിയിട്ടു. പാസ്റ്റർ കെ. വി. ഫ്രാൻസിസ് സോണലിനുവേണ്ടി ഓവർസിയർക്കും കുടുംബത്തിനും മെമന്റോ നല്കി ആദരിച്ചു.

## സോദരീ സമ്മേളനം

ഐ. പി. സി. സോദരീ സമാജത്തിന്റെ കോട്ടയം സോണൽ സമ്മേളനം മുണ്ടക്കയം സെന്ററിൽ നടന്നു. റാണി ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ പാസ്റ്റർ സുനിൽ വേട്ടമല അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് സിസ്റ്റർ ജേയമ്മ വർഗീസ്, സംസ്ഥാന ജോ. സെക്രട്ടറി സിസ്റ്റർ ഒമേഗ സുനിൽ എന്നിവർ പ്രസംഗിച്ചു. പ്രസിഡന്റ് ഏലിയാമ്മ തോമസ്, ട്രഷറർ ലിസി ശാമുവേൽ ഉൾപ്പെടെ 150–ൽപരം ആളുകൾ പങ്കെടുത്തു. സോണൽ ഭാരവാഹികൾ നേതൃത്വം നൽകി.

## ഡിസ്ട്രിക്ട് കൺവൻഷൻ

**ആയൂർ:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ ആയൂർ ഡിസ്ട്രിക്ട് വാർഷിക കൺവൻഷൻ വചനോത്സവം ഡിസംബർ 15–18 വരെ ചെങ്കുളം മരുതമൺ പള്ളി ജംഗ്ഷനിൽ നടന്നു. ഡിസ്ട്രിക്ട് ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്തു. പ്രസിദ്ധ രോഗശാന്തി വരപ്രാപ്തനും ഉണർവ്വ് പ്രസംഗികനുമായ പാസ്റ്റർ ഒ. ഇ. വർഗീസ് (കാഞ്ചീപുരം) ഡോ. നെൽസൺ സാമുവേൽ തുടങ്ങിയവർ വചനം പ്രസംഗിച്ചു. ക്രൈസ്റ്റ് സിംഗേഴ്സ്, ചെങ്ങന്നൂർ ഗാനങ്ങൾ ആലപിച്ചു.

# ഐപിസി യുഎഇ റീജിയൻ സോദരി സമാജത്തിന് പുതിയ ഭാരവാഹികൾ



മേഴ്സി വിൽസൻ (പ്രസിഡന്റ്)



എൽസി. രാജൻ (വൈസ് പ്രസിഡന്റ്)



ബീനാ വർഗീസ് (സെക്രട്ടറി)



ഗ്ലോറി ജിനു (ജോ. സെക്രട്ടറി)



ബൻസി റെജി (ട്രഷറാർ)



സൂസൻ വർഗീസ് (ജോ. ട്രഷറാർ)

**ഷാർജ:** ഇന്ത്യാപെന്തെക്കോസ്ത് സഭ യുഎഇ റീജിയൻ സോദരി സമാജത്തിന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഡിസംബർ 3 ന് പാസ്റ്റർ ഗർസിം പി. ജോണിന്റെ അധ്യക്ഷതയിൽ കൂടിയ ജനറൽ ബോഡിയാണ് അടുത്ത മൂന്ന് വർഷത്തെക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തത്. സഹോദരിമാരായ മേഴ്സി വിൽസൻ (പ്രസിഡന്റ്), എൽസി. രാജൻ (വൈസ് പ്രസിഡന്റ്) ബീനാ വർഗീസ് (സെക്രട്ടറി), ഗ്ലോറി ജിനു (ജോ. സെക്രട്ടറി), ബൻസി റെജി (ട്രഷറാർ), സൂസൻ വർഗീസ് (ജോ. ട്രഷറാർ) എന്നിവരാണ് പുതിയ ഭാരവാഹികൾ. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട മേഴ്സി വിൽസൻ, ഐപിസി ജനറൽ വൈസ് പ്രിസിഡന്റും ഷാർജ വർഷിപ്പ് സെന്റർ ശുശ്രൂഷകനുമായ പാസ്റ്റർ വിൽസൻ ജോസഫിന്റെ ഭാര്യയാണ്. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബീന വർഗീസ്, അടൂർ മണക്കാല സ്വദേശിയും ദുബായ് എബനേസർ സഭാംഗവുമാണ്. ഇത് രണ്ടാംതവണയാണ് ബീന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുന്നത്.

# കമ്മ്യൂണിറ്റി ഔട്ട് റീച്ച്



പാസ്റ്റർ സന്തോഷ് പൊടിമല ഒരു ഭവനരഹിതന്റെ കാൽ കഴുകുന്നു.

**ഡാളസ്സ്:** സാക്രഡ് ഹാൻസ് ഓഫ് ഹോപ്പിന്റെയും ഡാളസ്സ് ബഥേൽ ഗോസ്പൽ അസംബ്ലിയുടെയും നേതൃത്വത്തിൽ കമ്മ്യൂണിറ്റി ഔട്ട് റീച്ച് ആചരിച്ചു. ഡാളസ്സ് പട്ടണത്തിലുള്ള ഭവനരഹിതർക്കിടയിൽ സുവിശേഷവുമായി ഇറങ്ങി ച്ചെല്ലുന്ന സംഘടനയാണ് പാസ്റ്റർ സന്തോഷ് പൊടിമല നേതൃത്വം നൽകുന്ന സാക്രഡ് ഹാൻഡ്സ് ഓഫ് ഹോപ്. അവരുടെ വാർഷിക പ്രോഗ്രാമാണ് കമ്മ്യൂണിറ്റി ഔട്ട് റീച്ച്. ഭവനരഹിതരായവരെ ഉദ്ധരിക്കുവാൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമായി നടക്കുന്ന ഈ പദ്ധതിയിൽ, അഗതികളുടെ കാൽ കഴുകുക, തലമുടി വെട്ടുക, ഭക്ഷണവും വസ്ത്രവും വിതരണം ചെയ്യുക, വൈദ്യ സഹായം നൽകുക തുടങ്ങിയി പ്രോഗ്രാമുകളാണ് നടക്കുന്നത്. വളരെ പ്രാർത്ഥനയും സഹായവും ആവശ്യമായ ഈ പദ്ധതികൾക്ക് പാസ്റ്റർ സന്തോഷ് പൊടിമലയും അദ്ദേഹത്തിന്റെ കുടുംബവും സഭയുമാണ് നേതൃത്വം നൽകുന്നത്.

# ഐ. പി. സി. കേരളാ സ്റ്റേറ്റ് കൺവൻഷൻ സമാപിച്ചു



**പെരുമ്പാവൂർ:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ സംസ്ഥാന കൺവൻഷൻ സമാപിച്ചു. പെരുമ്പാവൂർ ആശ്രമം ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെട്ടു. പാസ്റ്റർ കെ. സി. തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ റവ. രവിമണി, ജേക്കബ് ജോൺ, രാജൂ പൂവക്കാല, ബാബു ചെറിയാൻ, പാസ്റ്റർ ഷിബു നെടുവേലിൽ, സി. സി. എബ്രഹാം, ഫിലിപ്പ് പി. തോമസ്, വർഗ്ഗീസ് എബ്രഹാം, ബി. മോനച്ചൻ, സണ്ണി കുര്യൻ, കെ. ജെ. തോമസ് തുടങ്ങിയവർ കൺവൻഷനിൽ പ്രസംഗിച്ചു. ഡിസംബർ 11 ഞായറാഴ്ച സംയുക്ത ആരാധനയും കർത്തൃമേശയും നടന്നു. സ്റ്റേറ്റ് കൺവൻഷൻ ക്വയർ ഗാനശുശ്രൂഷ നിർവ്വഹിച്ചു. പകൽ യോഗങ്ങൾ പെരുമ്പാവൂർ ഒന്നാം മൈൽ ഐ. പി. സി. ഹെബ്രോൻ സഭയിൽ നടന്നു. ബൈബിൾ സ്റ്റഡി, ശുശ്രൂഷക സമ്മേളനം, ഉപവാസ പ്രാർത്ഥന, സഹോദരി സമ്മേളനം, സണ്ടേസ്കൂൾ യുവജനസമ്മേളനങ്ങൾ നടന്നു.

# വിധവാ സഹായം

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് ചാരിറ്റി ബോർഡിന്റെ ചുമതലയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹതയുള്ള വിധവമാർക്ക് സാമ്പത്തിക സഹായം നൽകുന്നു. ചർച്ച് ഓഫ് ഗോഡ് അംഗങ്ങളായവർക്കാണ് സഹായം നൽകുന്നത്. 2017 ജനറൽ കൺവൻഷനോടനുബന്ധിച്ച് സഹായം വിതരണം ചെയ്യും. അപേക്ഷകൾ 2017 ജനുവരി 15-ന് മുമ്പ് മുളക്കുഴയിൽ ലഭിക്കണമെന്ന് ചാരിറ്റി ബോർഡ് ഡയറക്ടർ പാസ്റ്റർ വൈ. റെജി അറിയിച്ചു.

## കഥ

# സ്വർണ്ണമാല



ആഷേർ മാത്യു



അവസാനം ഭാര്യയുടെ കരച്ചിലിന് മുമ്പിലാണ് അയാൾ വഴങ്ങിയത്.

പക്ഷെ, എന്നിട്ടും അയാൾ ഒരു ഡിമാന്റ് മുന്നോട്ട് വെച്ചു. ഒരു തരി പൊന്നെങ്കിലും നിന്റെ കഴുത്തിലും കാതിലും ഉണ്ടാവണം.

ലിസ്സി അത് സമ്മതിക്കുകയും ചെയ്തു.

ജോസും ആലീസും. അതാണ് അവരുടെ പേര്. പുരാതന ഓർത്തഡോക്സ് കുടുംബത്തിലെ അംഗങ്ങൾ. കുവൈറ്റിൽ സ്ഥിരതാമസം.

ഒട്ടുമിക്ക പ്രവാസികളെയും പോലെതന്നെ, ഗൽഫിൽ ചെന്ന് കഴിയുമ്പോൾ പെന്തെക്കോസ്തിലേക്ക് മാറുവാനുള്ള സാദ്ധ്യത കൂടുതലാണെന്നുള്ള വിശ്വാസം ആലീസിന്റെ കാര്യത്തിലെങ്കിലും ശരിയായി. കൂടെ ജോലി ചെയ്യുന്ന ലീനയാണ് ആലീസിനെ പ്രാർത്ഥനാ കൂട്ടായ്മകൾക്ക് കൂട്ടിക്കൊണ്ടു പോകാൻ തുടങ്ങിയത്. തുടക്കത്തിൽ ജോസിന് വലിയ എതിർപ്പൊന്നുമില്ലായിരുന്നു. ചെറുപ്പം തൊട്ടേ പള്ളിക്കാര്യങ്ങളിൽ വലിയ താല്പര്യമൊന്നും ജോസിനില്ല. ആലീസ് പ്രാർത്ഥനക്ക് പോകുന്ന സമയം കൂടെ കൂട്ടുകാരുടെ കൂടെ ചിലവഴിക്കാമല്ലോ എന്ന സമാധാനമായിരുന്നു ജോസിന്. എന്നാൽ വളരെ പെട്ടെന്നാണ് കാര്യങ്ങൾ മാറി മറിഞ്ഞത്.

ആലീസിനെ പെന്തെക്കോസ്തുകാർ 'ബ്രയിൻവാഷ്' ചെയ്തിരിക്കുന്നു. ആലീസിന് ഇപ്പോൾ സ്നാനപ്പെടണം പോലും!!

പിന്നീട് വീട്ടിൽ അതിനെ ചൊല്ലി ഒരു ഭൂകമ്പം തന്നെയായിരുന്നു. മൂന്നാംമുറപോലും ജോസിന് ഉപയോഗിക്കേണ്ടിവന്നു. ആലീസ് നിർത്താതെ കരച്ചിലും പ്രാർത്ഥനയും.

എന്തൊക്കെ പറഞ്ഞാലും ഉള്ളിന്റെ ഉള്ളിൽ ഒരു ദൈവഭയമൊക്കെ ഉള്ളത് കൊണ്ട് വലിയ പിടിവാശിക്ക് ജോസും മുതിർന്നില്ല. പക്ഷെ ഒരു ഉപാധി മുന്നോട്ട് വെച്ചു.

'ആഭരണം ഊരാൻ സമ്മതിക്കില്ല'.

അതായിരുന്നു ആ ഉപാധി.

"കഴുത്തിലും കാതിലും ഒന്നുമില്ലാതെ നടന്നാലേ, നാട്ടുകാരുടെ ചോദ്യത്തിന് ഉത്തരം പറയാൻ എന്നെ കിട്ടുകേല". ഒരു അഭിമാനിയായ പാരമ്പര്യ ക്രിസ്ത്യാനിയുടെ എല്ലാ സ്വഭാവവും ജോസിനുണ്ട്.

എന്നാൽ പിന്നീട് വീണ്ടും കാര്യങ്ങൾ മാറി മറിഞ്ഞു. മാലയും കമ്മലുമൊക്കെ സഭാഹാളിനുള്ളിൽ കയറുന്നതിന് മുമ്പ് ആലീസ് ഊരിയെടുത്ത് ബാഗിൽ വെക്കും. സഭായോഗം കഴിയുമ്പോൾ വീണ്ടും ധരിക്കും.

അങ്ങനെ ആലീസിന്റെ വിശ്വാസം വർദ്ധിച്ചു വന്നു.

ആലീസിന്റെ അടുത്ത ലക്ഷ്യം ജോസിനെ വിശ്വാസമാർഗ്ഗത്തിലേക്ക് കൊണ്ടുവരിക എന്നതായിരുന്നു. സ്വന്തം ഭർത്താവ് ആത്മീയമില്ലാത്തവനായി നശിച്ചു പോകുന്നത് കാണാൻ ആ സാധു സ്ത്രിയുടെ മനസ്സനുവദിച്ചില്ല.

പിന്നീട് അതിനെ ത്തുടർന്നായിരുന്നു വീട്ടിൽ വഴക്ക്. "ഒരു തവണയെങ്കിലും ഒന്ന് വന്ന് നോക്ക് ജോസച്ചായാ. എന്നിട്ട് പെന്തെക്കോസ്തിനെ കുറ്റം പറ", ആലീസ് നിർബന്ധിച്ചുകൊണ്ടേയിരുന്നു. ആലീസിന്റെ കരച്ചിലും ഉപവാസവും ഒക്കെ കണ്ട ജോസിന്റെ മനസ്സ് അവസാനം അലിഞ്ഞു. അങ്ങനെയാണ് ആ നിബന്ധന മുന്നോട്ട് വെച്ചത്. "നിന്റെ കൂടെ ഞാൻ വരണമെങ്കിൽ നിന്റെ ദേഹത്ത് ആഭരണമുണ്ടായിരിക്കണം".

മാല ഇട്ടാലും വേണ്ടുകേല, ഭർത്താവിനെ ഒന്ന് ആരാധനക്ക് കൊണ്ടുപോയാൽ മതിയെന്ന് ചിന്തയായിരുന്നു ആലീസിന്.

അങ്ങനെ രാവിലെ തന്നെ രണ്ടുപേരും ഒരുങ്ങിയിറങ്ങി.

നല്ല വെള്ളഷർട്ടൊക്കെയിട്ട് സുമുഖനായി ഒരുങ്ങിയിറങ്ങിയ ജോസിനെ കണ്ടാൽ, നല്ല ഒരു 'പെന്തെക്കോസ്ത് അച്ചായൻ' തന്നെ.

മെഗാ ചർച്ചാണ്. ആയിരത്തോളം വിശ്വാസികളുള്ള വലിയ സഭ. പുറകിൽ ഒരു കസേരയിൽ ജോസ് ഇരിപ്പുറപ്പിച്ചു.

പെന്തെക്കോസ്തുകാരുടെ ആരാധനരീതി എന്താണെന്നോ എങ്ങനെയാണെന്നോ ജോസിന് ഒരു പിടുത്തവുമില്ല. കൈകൊട്ടി ശീലമില്ലാത്തത് കൊണ്ട് അനങ്ങാതെ അവിടെയിരുന്നു. ഉയർന്ന ശബ്ദത്തിലുള്ള പ്രസംഗം ജോസിന് അരോചകമായി തോന്നി. പക്ഷെ ഉറക്കെ കൈയ്യടിക്കുകയും ആരാധിക്കുകയും ചെയ്യുന്ന വിശ്വാസികളെ കണ്ട് ജോസിന് അത്ഭുതം തോന്നി.

എന്തൊക്കെ പറഞ്ഞാലും ഒരു വലിയ ദൈവികസാന്നിദ്ധ്യം ഇവിടെ അനുഭവപ്പെടുന്നുണ്ട്.

അടുത്തത് 'കർത്തൃമേശ'യായിരുന്നു.

ജോസിന് വലിയ പിടുത്തം കിട്ടിയില്ല.

പണ്ട് പള്ളിയിൽ പോകുമ്പോ അപൂർവ്വമായി 'കുർബാന' കൈക്കൊണ്ടിട്ടുണ്ട്. അത് തന്നെയാണ് ഈ കർത്തൃമേശയെന്ന് ജോസ് മനസ്സിലാക്കി.

ഇത് ഇത്ര വലിയ സംഭവമാണോ?

ഇന്ന് കർത്തൃമേശയുണ്ട് എന്ന് പറഞ്ഞായിരുന്നു

ആലീസ് ആരാധനയ്ക്ക് പോകാൻ നിർബന്ധം പിടിച്ചത്. കർത്തൃമേശയിൽ പങ്കെടുക്കണമെന്ന് ആലീസിന് നിർബന്ധമായിരുന്നു.

കർത്തൃമേശ തുടങ്ങി. ജോസിന്റെ അടുത്തേക്കും ആദ്യം അപ്പവുമായി ഒരു പാസ്റ്റർ വന്നു. അടുത്തിരിക്കുന്ന ആള് ചെയ്തതുപോലെ ജോസും ചെയ്തു. ചെറിയ ഒരു മുറിയെടുത്ത് ജോസും കഴിച്ചു. അത് കഴിഞ്ഞ് വീഞ്ഞ് വന്നു. അടുത്തിരുന്ന ആള് ചെയ്തതുപോലെ ജോസും ഒരു കവിൾ വീഞ്ഞ് കുടിച്ചു.

എന്തായാലും ഒരു മണി ആയപ്പോഴേക്കും യോഗം കഴിഞ്ഞു.

കാറിയ കയറി തിരികെ വരുന്ന വഴിക്കാണ് ആലീസിന്റെ മുഖം ജോസ് ശ്രദ്ധിച്ചത്. കണ്ണൊക്കെ കരഞ്ഞ് കലങ്ങിയിരിക്കുന്നു.

"എന്താടീ ആലീസെ നിന്റെ മുഖം വല്ലാതിരിക്കുന്നത്?"

"അത്...എനിക്ക് കർത്തൃമേശ തന്നില്ല..."

"അതെന്നാടീ കാര്യം....അതിന്നല്ലേ നീ വന്നത്?"

"അതൊക്കെ ശരി തന്നെ. ഞാൻ ആഭരണം ഇട്ടത് കൊണ്ട് എനിക്ക് തന്നില്ല. സഭയുടെ പുതിയനിയമം ആണത്രെ...!!"

അത് ശരി. അതാണ് കാര്യം. അല്ലെങ്കിലും പെന്തെക്കോസ്തുകാര് പണ്ടേ ആഭരണവിരോധികളാണല്ലോ. അതിൽ പുതുമയൊന്നുമില്ല.

പെട്ടെന്നാണ് ജോസ് ആ ചോദ്യം ചോദിച്ചത്.

"ആലീസേ, അപ്പോൾ പിന്നെ എന്തിനാടീ എനിക്ക് കർത്തൃമേശ തന്നത്?"

ആലീസ് ഞെട്ടിപ്പോയി. ജോസച്ചായന് കർത്തൃമേശ കിട്ടിയോ?!

കുറേ നേരം മൗനമായിരുന്ന ശേഷം ആലീസ് മറുപടി പറഞ്ഞു.

"അച്ചായന് വെള്ളഷർട്ടുണ്ടല്ലോ....."

ഒന്നും മനസ്സിലാകാതെ ജോസ് കാറോടിച്ചുകൊണ്ടേയിരുന്നു.

കഴുത്തിൽ കിടന്ന സ്വർണ്ണമാല ആലീസിനെ കൊഞ്ഞനം കുത്തി കാണിച്ചു.

2016 ഡിസംബർ 25
വാല്യം 09
ലക്കം 24

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

# NACOG 2017 ഹൂസ്റ്റൺ ഒരുങ്ങുന്നു



തിരുവല്ലയിൽ നടന്ന പത്രസമ്മേളനത്തിൽ പാസ്റ്റർ മാത്യു കെ. ഫിലിപ്പ് കോൺഫറൻസ് ക്രമീകരണങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു.



ബിജു തോമസ്



പാ. ബെഞ്ചമിൻ തോമസ്



ബിനോയ് മാത്യു



റോബിൻ രാജു



ഡോ. ജോളി ജോസഫ്

**തിരുവല്ല:** 2017 ജൂലൈ 13 മുതൽ 16 വരെ ഹൂസ്റ്റണിൽ നടക്കുന്ന 22-ാമത് നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫറൻസ് ഒരുക്കങ്ങൾ പുരോഗമിക്കുന്നു. “Lift up your eyes” (John 4: 35) എന്നതാണ് കോൺഫറൻസ് തീം. ഹിൽട്ടൺ ഹൂസ്റ്റൺ നോർത്ത് ഹോട്ടലിലാണ് കോൺഫറൻസ് വേദി. ചർച്ച് ഓഫ് ഗോഡ് ജനറൽ ഓവർസീയർ റവ. ഡോ. ടിം ഹിൽ മുഖ്യപ്രസംഗകനായിരിക്കും. മൂവായിരം പേർക്കുള്ള ക്രമീകരണങ്ങളാണ് കോൺഫറൻസിനുവേണ്ടി ഒരുക്കുന്നതെന്ന് NACOG 2017 പ്രസിഡന്റ് പാസ്റ്റർ മാത്യു കെ. ഫിലിപ്പ് അറിയിച്ചു. തിരുവല്ലയിൽ നടന്ന പത്രസമ്മേളനത്തിൽ പാസ്റ്റർ മാത്യു കെ. ഫിലിപ്പ് കോൺഫറൻസ് ഒരുക്കങ്ങളെക്കുറിച്ച് വിശദീകരിച്ചു.

യുവജനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രോഗ്രാമുകൾ ആണ് ഇക്കുറി കോൺഫറൻസിനായി ക്രമീകരിക്കുന്നത്. ലോക സുവിശേഷീകരണ ദൗത്യ നിർവ്വഹണത്തിൽ യുവജനങ്ങളെ ഒരുക്കുന്നതിന് മുൻതൂക്കം നൽകുന്ന പ്രത്യേക പ്രോഗ്രാമുകൾ തയ്യാറാക്കിയിരിക്കുന്നു. അമേരിക്കയിൽ ജനിച്ചുവളർന്ന ചർച്ച് ഓഫ് ഗോഡ് അംഗങ്ങളായ യുവതലമുറയിൽപ്പെട്ട പ്രസംഗകരായിരിക്കും ഇംഗ്ലീഷ് സെഷനിൽ ശുശ്രൂഷിക്കുന്നത്.

പ്രസിഡന്റ് പാസ്റ്റർ മാത്യു കെ. ഫിലിപ്പ് (ഹൂസ്റ്റൺ), വൈസ് പ്രസിഡന്റ് പാസ്റ്റർ ബെഞ്ചമിൻ തോമസ് (ന്യൂയോർക്ക്), സെക്രട്ടറി ബിജു തോമസ് (ഡാളസ്), ട്രഷറർ ബിനോയ് മാത്യു (ന്യൂയോർക്ക്), യൂത്ത് കോർഡിനേറ്റർ റോബിൻ രാജു (ഡാളസ്), ലേഡീസ് കോർഡിനേറ്റർ ഡോ. ജോളി ജോസഫ് എന്നിവർ കോൺഫറൻസിന് നേതൃത്വം നൽകുന്നു.

മലയാളി പെന്തെക്കോസ്ത് സഭകൾ ധാരാളം ഉള്ള ഹൂസ്റ്റണിലെ എല്ലാ പെന്തെക്കോസ്ത് സഭകളുടെയും വലിയ പിന്തുണ ഈ കോൺഫറൻസിന് ഉണ്ട്. മാത്രമല്ല ഡാളസിൽ നിന്നും എത്തിച്ചേരുവാൻ വളരെ സൗകര്യപ്രദമായ സ്ഥലത്താണ് കോൺഫറൻസ് നടക്കുന്നത്. ഹൂസ്റ്റൺ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും എട്ടു മൈൽ ദൂരം മാത്രമേ കോൺഫറൻസ് വേദിയിലേക്ക് ഉള്ളൂ. ഭക്ഷണം, താമസം, പ്രോഗ്രാം, വേദികൾ ഇവയ്ക്കെല്ലാം വളരെ സൗകര്യപ്രദമായ നിലയിൽ ഉള്ള ക്രമീകരണങ്ങളാണ് ചെയ്യുന്നത്. ആത്മീയ ഉത്തേജനം നൽകുന്ന വൈവിധ്യമാർന്ന പ്രോഗ്രാമുകൾ ജനപങ്കാളിത്തം വർദ്ധിപ്പിക്കും എന്ന് പാസ്റ്റർ മാത്യു കെ. ഫിലിപ്പ് അറിയിച്ചു. ലോക സുവിശേഷീകരണ ദൗത്യത്തിൽ ആത്മഭാരമുള്ള ഒരുകൂട്ടത്തെ എഴുന്നേൽപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കോൺഫറൻസ് ക്രമീകരണങ്ങൾ ചെയ്യുന്നത്.

കോൺഫറൻസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ മാത്യു കെ. ഫിലിപ്പ് തടിയൂർ കടയാറ്റ് കല്ലോത്ത് കുടുംബാംഗമാണ്. വളരെ വർഷങ്ങൾക്കുമുമ്പ് തൃശൂർ മാറ്റാംപുറത്തേക്ക് കുടിയേറിയ ഈ കുടുംബം മാറ്റാംപുറം ചർച്ച് ഓഫ് ഗോഡ് അംഗങ്ങളാണ്. കോളേജ് പഠനകാലത്തുതന്നെ ഐ.സി.പി.എഫ് സ്വമേധാ പ്രവർത്തകനായിരുന്ന ഇദ്ദേഹം പഠനശേഷം 1987-ൽ നോർത്ത് ഇന്ത്യയിലേക്ക് പോയി. ചണ്ഡിഗഡ് ബെഥേൽ ബൈബിൾ കോളജിൽ പഠനശേഷം രാജസ്ഥാനിലും മധ്യപ്രദേശിലും മിഷനറി ആയിരുന്നു. 1992-ൽ കേരളത്തിൽ എത്തി പാലക്കാട് പുതിയ സഭാ പ്രവർത്തനം ആരംഭിച്ചു. ഡിസ്ട്രിക്ട് പാസ്റ്റർ, കൗൺസിൽ അംഗം, മലബാർ മേഖലാ ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. 2013-ൽ അമേരിക്കയിലേക്ക് കുടിയേറി. ഇപ്പോൾ ഹൂസ്റ്റൺ ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡ് സഭാശുശ്രൂഷകനായി പ്രവർത്തിക്കുന്നു. ഭാര്യ: ജോയ്സി. മക്കൾ: ഷാരോൺ, അലൻ.

# ആത്മീയ സംഗമത്തിനായി ഹെബ്രോൻപുരം ഒരുങ്ങുന്നു



**തിരുവല്ല:** മലങ്കരയിലെ പെന്തെക്കോസ്ത് സംഗമത്തിന് രാജ്യങ്ങൾ കടന്ന് കുമ്പനാട് എന്ന കൊച്ചുഗ്രാമത്തിലേക്ക് വിശ്വാസികൾ എത്തിച്ചേരും. ജീവിതത്തിലെ കഷ്ടപ്പാടിനിടയിൽ ആത്മീയ സന്തോഷമനുഭവിക്കാനും പങ്കിടുവാനും ലോകരാജ്യങ്ങളിൽ നിന്നെത്തുന്ന ദൈവമക്കളെ പരിചയപ്പെടുവാനും സ്നേഹബന്ധം പുതുക്കുവാനും കൂട്ടായ്മയ്ക്കും ലഭിക്കുന്ന വലിയ അവസരമായി കുമ്പനാട് ഹെബ്രോൻ കൺവൻഷനെ ജനം സ്വീകരിക്കുന്നു.

കുമ്പനാടു കൺവൻഷൻ ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ മാത്രമല്ല. കുമ്പനാട്ടും അയൽ പ്രദേശങ്ങളിലുള്ള എല്ലാവരുടെയും കൺവൻഷനാണ്. അതുകൊണ്ട് നാട്ടുകാരുടെ വലിയ കൂട്ടം കൺവൻഷനിൽ പങ്കെടുക്കുന്നു. ഗ്രാമവാസികൾ ആയിരക്കണക്കിന് പെന്തെക്കോസ്തുകാർക്ക് ആതിഥ്യമരുളുന്നു.

സ്വന്തഭവനങ്ങൾ ഒരാഴ്ചത്തേക്ക് നിസ്വാർത്ഥമായി വിട്ടുകൊടുത്തുകൊണ്ട് ദൈവസ്നേഹത്തിന്റെയും ഉത്തമമാതൃകയാവുകയാണ് കുമ്പനാട്ടുകാർ. മുൻവർഷത്തെക്കാൾ പന്തൽ വലിപ്പപ്പെടുത്തുന്നു. യാത്രാക്രമീകരണങ്ങളും മെച്ചമാക്കിയിട്ടുണ്ട്. തികഞ്ഞ അച്ചടക്കവും ആത്മീയ അന്തരീക്ഷവും കൃത്യനിഷ്ഠയും കുമ്പനാടു കൺവൻഷന്റെ പ്രത്യേകതയാണ്.

1925-ൽ റാന്നിയിൽ ചെറിയനിലയിൽ ആരംഭിച്ച കൺവൻഷൻ പില്ക്കാലത്ത് കുമ്പനാട്ടേക്ക് മാറ്റുകയായിരുന്നു. ലോകമെങ്ങുമുള്ള പെന്തെക്കോസ്ത് വിശ്വാസികൾ സഭാ വിഭാഗ വ്യത്യാസമില്ലാതെ പങ്കെടുക്കുന്ന ആത്മീയ സംഗമവേദിയായി കൺവൻഷൻ മാറിക്കഴിഞ്ഞു. ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ 93-ാം അന്തർദേശീയ കൺവൻഷനായ കുമ്പനാട് കൺവൻഷൻ 2017 ജനുവരി 15 മുതൽ 22 വരെ സഭാ ആസ്ഥാനമായ ഹെബ്രോൻപുരത്ത് നടക്കും. ജനപങ്കാളിത്വം കൊണ്ടും പഴക്കം കൊണ്ടും കേരളത്തിലെ രണ്ടാമത്തെ വലിയ ക്രൈസ്തവ കൺവൻഷനാണിത്. “തിരുവെഴുത്തുകളുടെ ശക്തി” എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം.

ജനുവരി 15-ന് വൈകിട്ട് 5.30-ന് സഭാ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം നിർവ്വഹിക്കും. ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. കെ. സി. ജോൺ മുഖ്യപ്രഭാഷണം നടത്തും. ലോകമെങ്ങുമായി വ്യാപിച്ചു കിട്ടക്കുന്ന ഐ. പി. സി. പ്രസ്ഥാനത്തിലെ നൂറുകണക്കിന് പ്രഗത്ഭ പ്രസംഗകരും ശുശ്രൂഷകരും ഈ ദിവസങ്ങളിൽ ദൈവവചന ശുശ്രൂഷ നിർവ്വഹിക്കും.

കൺവൻഷന് മുന്നോടിയായി കഴിഞ്ഞ മൂന്നു വർഷങ്ങളായി നടന്നു വരുന്നതുപോലെ ഒരാഴ്ച നീണ്ടുനിൽക്കുന്ന ഉപവാസയോഗങ്ങൾ ജനുവരി 8 മുതൽ 14 വരെ കൺവൻഷൻ പന്തലിൽ നടക്കും. പുതുതായി നിർമ്മിക്കുന്ന വിപുലമായ സ്റ്റേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. സ്റ്റേജിന് താഴെയായി പ്രാർത്ഥനാ മുറികളും ക്രമീകരിച്ചിരിക്കുന്നു.

# ഐ.പി.സി. കൊട്ടാരക്കര മേഖല കൺവൻഷൻ ജനുവരി 4–ന് ആരംഭിക്കും

**കൊട്ടാരക്കര:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ കൊട്ടാരക്കര മേഖല 57-ാമത് കൺവൻഷൻ 2017 ജനുവരി 4 - 8 വരെ കൊട്ടാരക്കര പുലമൺ ബേർശേബ ഗ്രൗണ്ടിൽ നടക്കുന്നതാണ്. 4-ന് വൈകിട്ട് 6 മണിക്ക് മേഖലാ പ്രസിഡന്റ് ഇ. സി. ജോർജ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ബൈബിൾ ക്ലാസ്, ഉണർവ്വ് യോഗങ്ങൾ, പൊതുയോഗങ്ങൾ, സൺണ്ടേസ്കൂൾ, പി. വൈ. പി. എ, സോദരീ സമാജം വാർഷിക സമ്മേളനങ്ങൾ, ശുശ്രൂഷക കുടുംബസംഗമം, സ്നാനം, പൊതു ആരാധന എന്നിങ്ങനെ വിവിധ സമ്മേളനങ്ങളിൽ പാസ്റ്ററുമാരായ കൊ. ജെ. തോമസ് കുമളി, തോമസ് ഫിലിപ്പ്, സാജു മാത്യു, ജോൺ ശാമുവേൽ, വർഗ്ഗീസ് എബ്രഹാം, ജോൺസൺ മേമന, ഫിലിപ്പ് പി. തോമസ്, ജോൺസൺ ദാനിയേൽ, ബാബു ചെറിയാൻ, സാം ജോർജ്, കെ. എം. ജോസഫ് എന്നിവർ മുഖ്യപ്രഭാഷകരായിരിക്കും. 8 ഞായറാഴ്ച രാവിലെ 8 മണിക്ക് ആരംഭിക്കുന്ന പൊതു ആരാധനയോടെ കൺവൻഷൻ സമാപിക്കും. ഐ.പി.സി. പത്തനാപുരം ക്വയർ സംഗീത ശുശ്രൂഷ നിർവ്വഹിക്കും.

പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ്(വർക്കിംഗ് പ്രസിഡന്റ്), ബ്രദർ ജെയിംസ് ജോർജ് വേങ്ങൂർ(സെക്രട്ടറി), ബ്രദർ പി.എം. ഫിലിപ്പ്(ട്രഷറാർ), ബ്രദർ കുഞ്ഞച്ചൻ വാളകം(പബ്ലിസിറ്റി കൺവീനർ) എന്നിവരുടെ നേതൃത്വത്തിൽ 80 അംഗ കമ്മിറ്റി കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.

ആശംസ...



പി. വൈ. പി. എ. യു. എ. ഇ. റീജിയൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ പി. എം. ശമുവേലിന് ഐ. പി. സി. സയോൺ മുസഫ (അബുദബി) സഭയുടെ ആശംസകൾ

# സഹായിക്കുക...



'അച്ചായൻ ഒറ്റക്കെ ഉള്ളു' ഭാര്യ തൊണ്ടയിടറിക്കൊണ്ട് പറഞ്ഞു. വഴിക്ക് അവശനായി വീണാൽ ആരെങ്കിലും ഒന്ന് വിവരം അറിയിക്കാൻ വിലാസമെഴുതിയ ഈ തുണ്ടു പേപ്പർ പോക്കറ്റിൽ കിടന്നോട്ടെ"

രാത്രി രണ്ടുമണിക്ക് എഴുന്നേറ്റ് രാജസ്ഥാനിലെ ടോങ്ക് ജില്ലയിൽ നിന്നും ജയ്പൂരിലേക്ക് ഡയാലിസിസിന് പോകേണ്ടി വരുന്ന ഹതഭാഗ്യനായ ഒരു ദൈവദാസന്റെ വീട്ടിലെ കരളലിയിക്കുന്ന രംഗം ആണിത്. കഴിഞ്ഞ ഇരുപത്തിനാല് വർഷമായി ഉത്തരേന്ത്യയിലെ പ്രതികൂല സാഹചര്യങ്ങളിൽ കർത്താവിന്റെ വേല ചെയ്തുവരികയാണ്. കൊട്ടാരക്കര വാപ്പാല സ്വദേശിയായ ഐപിസി ശുശ്രൂഷകൻ പാസ്റ്റർ റെജി ചാക്കോ.

എന്നാൽ രണ്ട് വർഷം മുമ്പ് രണ്ടു കിഡ്നികളും പ്രവർത്തന രഹിതമാകുകയും ആഴ്ചയിൽ രണ്ടു പ്രാവശ്യം ഡയാലിസിസിന് വിധേയനായിക്കൊണ്ടിരിക്കുകയുമാണ്. സ്വന്തമായി ഒരു രൂപക്ക് നിവൃത്തിയില്ല. കൂടെ പോകാൻ ആരുമില്ല. സാധാരണ ഡയാലിസിസിന് വിധേയരാകുന്നവരെ താങ്ങിപിടിച്ചുകൊണ്ടു വരുന്ന സ്ഥാനത്ത് ഓരോ പ്രാവശ്യവും ഒറ്റക്ക് 200 കിലോമീറ്റർ യാത്ര ചെയ്യേണ്ടിവരുന്ന ദയനീയവും പരിതാപകരവുമായ അവസ്ഥ കരളലിയിക്കുന്നതാണ്.

ചില സുമനസുകളുടെ സഹായംകൊണ്ടാണ് നാളിതുവരെ ഡയാലിസിസ് ചെയ്തുവന്നത്. ഡയാലിസിലൂടെ ഇനിയും ജീവൻ നിലനിർത്തുക സാധ്യമല്ലാത്തതിനാൽ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രീയ ഉടനടി നടത്തിയേ മതിയാകു. അതിനാവശ്യമായ ഭാരിച്ച തുക, പത്തു ലക്ഷത്തോളം വരം. അത് കണ്ടെത്താൻ കഴിയാതെ ഭാര്യയും രണ്ട് പിഞ്ച് കുഞ്ഞുങ്ങളും അടങ്ങിയ കുടുംബം കണ്ണീരൊഴുക്കുന്നു. സ്നേഹിക്കാനും സഹായിക്കാനും സൻമനസുള്ള സഹോദരീ സഹോദരന്മാർ ഒത്തു ചേർന്ന് സഹായിച്ചാൽ ഇദ്ദേഹത്തെ മരണത്തിസ് നിന്ന് രക്ഷിക്കാം. ഇനിയും താമസിച്ചാൽ രാജസ്ഥാൻ ട്രാൻസ്പോർട്ട് ബസിൽ ഡയാലിസിസിന് പോകുന്ന വഴിയിൽ പ്രാണൻ നഷ്ടപ്പെട്ട് മരിച്ചു വിറങ്ങലിച്ചിരിക്കുന്നുവെന്ന വാർത്തയാകും കേൾക്കേണ്ടി വരിക.

സന്മനസുള്ളവർ ഈ പ്രിയപ്പെട്ടവനെ സാഹായിക്കുമല്ലോ!

**Pr. Reji Chacko**

**A/C No. 30632545228, SBI TONK, IFSC-SBI0005711**

# ഡിസ്ട്രിക്ട് കൺവൻഷൻ

**പുനലൂർ:** ഐ. പി. സി. പുനലൂർ സെന്റർ കൺവൻഷൻ 2017 ഫെബ്രുവരി 1 മുതൽ 5 വരെ പേപ്പർമിൽ റോഡിലുള്ള ഐ. പി. സി. സീയോൻ ഗ്രൗണ്ടിൽ നടക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജെയിംസ് ജോർജ്ജ് ഉമ്മൻ ഉത്ഘാടനം നിർവ്വഹിക്കും.

പാസ്റ്റർമാരായ കെ. സി. തോമസ്, റ്റി. ഡി. ബാബു, രാജു ആനിക്കാട്, അനീഷ് ഏലപ്പാറ എന്നിവർ പ്രസംഗിക്കും. ബേർശേബാ വോയ്സ് കുടശ്ശനാട് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു. സംയുക്ത ഉപവാസപ്രാർത്ഥന, സൺഡേസ്കൂൾ, പി. വൈ. പി. എ. സംയുക്ത വാർഷികം, സോദരീ സമാജം സമ്മേളനവും, 5–ാം തീയതി ഞായറാഴ്ച രാവിലെ 9 മുതൽ സംയുക്ത ആരാധന, തിരുവത്താഴ ശുശ്രൂഷ, സമാപന സമ്മേളനം എന്നിവ നടത്തപ്പെടും.

പാസ്റ്റർ ജെയിംസ് അലക്സാണ്ടർ, പാസ്റ്റർ റോയി ജോൺ, ബ്രദർ തോമസ് പീറ്റർ, ബ്രദർ കെ. വി. കുട്ടപ്പൻ എന്നിവർ നേതൃത്വം നൽകും. പാസ്റ്റർ സാജു മാത്യു ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. പാസ്റ്റർമാരായ ബിജു റ്റി. ഫിലിപ്പ്, ഷാജി വർഗീസ്, കെ. ജെ. മാത്യു എന്നിവർ പബ്ലിസിറ്റി കൺവീനേഴ്സായി പ്രവർത്തിക്കുന്നു.

# 01 2016 ഒരു തിരിഞ്ഞുനോട്ടം...

കൂടുതൽ നാശനഷ്ടം ഉണ്ടാക്കിയ കൊടുങ്കാറ്റാണിത്.

**ഡൊണാൾഡ് ട്രംപ് വിജയിച്ചു (നവംബർ 8)**



അമേരിക്കയിലെ വാശിയേറിയ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ അപ്രതീക്ഷിതമായി റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ട്രംപ് ഡെമോക്രാറ്റ് സ്ഥാനാർത്ഥി ഹിലരി ക്ലിന്റനെ പരാജയപ്പെടുത്തി.

**നോട്ട് റദ്ദാക്കൽ (നവംബർ 8)**



പ്രധാനമന്ത്രി മോദി നവംബർ 8 രാത്രിയിൽ 500–ന്റെയും 1000–ത്തിന്റെയും നോട്ടുകൾ റദ്ദാക്കി. കള്ളപ്പണം ഉന്മൂലനം ചെയ്യാൻ ഉദ്ദേശിച്ച് ചെയ്ത് ഈ പരിപാടി ജനങ്ങൾക്ക് വൻ ദുരിതമാണ് സമ്മാനിച്ചത്. ബാങ്ക് ക്യൂവിൽ നിന്നും മാത്രം നൂറോളം പേർ മരണമടഞ്ഞു. ഇന്നും ക്യൂവിനും ജനങ്ങളുടെ ദുരിതത്തിനും ഒരു കുറവുമില്ല.

**കാൺപൂർ ട്രെയിനപകടം (നവംബർ 21)**

ഇൻഡോർ പട്ന എക്സ്പ്രസ് കാൺപൂരിൽ വച്ച് പാളം തെറ്റി. 140 പേർ ഈ വൻ ട്രെയിൻ അപകടത്തിൽ മരിച്ചു.



**ഫിഡൽ കാസ്ട്രോ വിട ചൊല്ലി (നവംബർ 25)**



ക്യൂബയുടെ വിപ്ലവ നായകൻ ഫിഡൽ കാസ്ട്രോ മരണമടഞ്ഞു. വിപ്ലവത്തിന്റെ വ്യർത്ഥത അദ്ദേഹം തിരിച്ചറിഞ്ഞു എന്ന് മകൾ ഉൾപ്പെടെയുള്ളവർ സാക്ഷ്യപ്പെടുത്തുന്നു.

**കൊളമ്പിയൻ വിമാന അപകടം (നവ:29)**



ബ്രസീലിലെ ഫുട്ബോൾ കളിക്കാരെ കൊണ്ടുപോയ കൊളമ്പിയൻ വിമാനം റിയോനാഗയിൽ തകർന്നു വീണു 81 പേർ മരിച്ചു.

**ഇന്തോനേഷ്യയിൽ ഭൂകമ്പം (ഡിസം:7)**



ഇ ൻ ഡോ 09


## വേദപുസ്തക ചരിത്രവും ക്രൈസ്തവ സഭയും

തോമസ് മണിയാറ്റ്

പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നു

**അവതാരിക**

റവ. P.I എബ്രഹാം (കാനം അച്ചൻ)

**ഗ്രന്ഥാഭിപ്രായം**

1. പാസ്റ്റർ P.S. ഫിലിപ്പ്, പുനലൂർ
2. പാസ്റ്റർ M. കുഞ്ഞപ്പി, തിരുവല്ല
3. പാസ്റ്റർ K.C. ജോൺ, തിരുവല്ല
4. പാസ്റ്റർ P.G. മാത്യൂസ്, വാകത്താനം
5. പാസ്റ്റർ K. ജോയ്, ന്യൂഡൽഹി
6. പാസ്റ്റർ V.A. തമ്പി, ചിങ്ങവനം
7. പാസ്റ്റർ T.P. എബ്രഹാം, ആലുവ
8. J.C. ദേവ്, കോട്ടയം
9. L. സാം, തിരുവനന്തപുരം

950 പേജുകൾ
സൈസ്: 17½ x 24 ½ cm
Printed Price: ₹ 1500/-

₹ 1200 ന് ഇൻഡ്യയിൽ എല്ലായിടത്തും (പോസ്റ്റേജ് സഹിതം) എത്തിച്ചു കൊടുക്കുന്നു.
വിളിക്കുക: 9447084882

**അവലോകനം**

സൃഷ്ടിതാവിൽ നിന്ന് ആരംഭിച്ചു ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള എത്തിനോട്ടമാണ് ഈ പുസ്തകത്തിന്റെ ഇതിവൃത്തം. ആദാമിന് മുമ്പുള്ള ഭൂമിയും അതിലെ നിവാസികളും, ബൈബിളും സയൻസും, മോശയുടെ പഞ്ചഗ്രന്ഥങ്ങൾ, രാജവാഴ്ച, പ്രവാചകന്മാർ, ലോകസാമ്രാജ്യങ്ങൾ, യേശുക്രിസ്തു, അപ്പോസ്തോലന്മാരും സഭകളും, പീഡനങ്ങളും രക്തസാക്ഷികളും, സഭാപിതാക്കന്മാർ, ദുരുപദേശക്കാർ, പാപ്പാധിപത്യം, കുരിശ് യുദ്ധങ്ങൾ, പാശ്ചാത്യ പൗരസ്ത്യസഭകൾ, അന്ധകാരയുഗം, നവീകരണം, പ്രൊട്ടസ്റ്റന്റ് സഭകൾ, ഭാരതത്തിലെ ക്രൈസ്തവസഭ, പെന്തക്കോസ്ത് സഭ 2000 വർഷം പഴക്കം ചെന്ന ഭൂമിയിലെ ഒന്നാമത്തെ ക്രൈസ്തവ സഭ തുടങ്ങിയ അനേക വിഷയങ്ങൾ വിശദീകരിച്ചിരിക്കുന്നു. ഇതു കൂടാതെ നൂറുകണക്കിന് ചരിത്ര സംഭവങ്ങൾ, വ്യക്തി ജീവിതങ്ങൾ, പഴയ-പുതിയ നിയമസംഗ്രഹം, സഭാചരിത്രം, ഭൂമിശാസ്ത്രം, ക്രൈസ്തവ സാഹിത്യം എന്നീ വിഷയങ്ങളെ ഉൾപ്പെടുത്തി 6000 ത്തിൽ പരം വർഷത്തെ ചരിത്രം വിവരിക്കുന്ന മലയാള ക്രൈസ്തവ സാഹിത്യത്തിലെ പ്രഥമ ഉദ്യമം.

തോമസ് മണിയാറ്റ്, മാരായ്ക്കൽ,
കണ്ണാറ പി.ഒ., തൃശ്ശൂർ-680 652, കേരളം, ഇന്ത്യ
E-mail: thomasmaniyat@ gmail.com
Web: www. vedapusthakacharithram.blogspot.in





# നിത്യതയിൽ



**അന്നമ്മ ഫിലിപ്പ് (87)**

**തൃശൂർ:** കടയാറ്റ് കല്ലോത്ത് പരേതനായ കെ. പി. ഫിലിപ്പിന്റെ ഭാര്യ അന്നമ്മ ഫിലിപ്പ് (87) നിത്യതയിൽ. പാസ്റ്റർ എം. ജെ. തോമസിന്റെ (മണിയാറ്റ് തോമാച്ചൻ) മകളാണ്. 1966-ൽ കുടുംബമായി തൃശൂർജില്ലയിലെ മാറ്റാംപുറത്ത് താമസമാക്കി. NACOG 2017കൺവീനറും ഹൂസ്റ്റൺ ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകനുമായ പാസ്റ്റർ മാത്യു കെ. ഫിലിപ്പ് മകനാണ്. മറ്റുമക്കൾ: സാംകുട്ടി, ബാബു, മേഴ്സി, ജോസ്, പരേതയായ എൽസി, ജോയ്സി, ബോബി. മരുമക്കൾ: ഏലിയാമ്മ, ലിസി, വിൽസൻ, ലീലാമ്മ, ജെയിംസ്, ജോയ്സി, സജി, ജിനി. സംസ്കാരം മാറ്റാംപുറം ദൈവസഭാ സെമിത്തേരിയിൽ പാസ്റ്റർ എം. കുഞ്ഞപ്പിയുടെ നേതൃത്വത്തിൽ നടന്നു. ബിലീവേഴ്സ് ജേണലിനുവേണ്ടി ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു അനുശോചനം അറിയിച്ചു.

**സി. ഓമന (63)**



**വെള്ളറട:** കത്തിപ്പാറ കോളനി ഹൗസിൽ തമിഴ്നാട് ഗോൽഗഥാ നേസർ ദൈവസഭാശുശ്രൂഷകനുമായ പാസ്റ്റർ ബി. ലേവിയുടെ ഭാര്യ സി. ഓമന (63) നിത്യതയിൽ. സംസ്കാരം നടത്തി. പാസ്റ്റർ പി. ചിത്താമണി അദ്ധ്യക്ഷത വഹിച്ചു. റവ. റ്റി. റോബിൻസൻ മുഖ്യശുശ്രൂഷ നടത്തി. പാസ്റ്റർമാരായ എം. പൊന്നയ്യൻ, എ. അജയൻ, ബി. പാലയ്യൻ, റവ. യോവോസ് എന്നിവർ പ്രസംഗിച്ചു. മക്കൾ: പാസ്റ്റർ സലിംരാജ് (മുളയറ സത്യവേദസെമിനാരി പ്രിൻസിപ്പാൾ), ഇന്ദിരാജോതി, തങ്കജോതി. മരുമക്കൾ: റോബർട്ട്കുമാരി, സെൽവൻ, കെ. ആറുമുഖം.

# സുവിശേഷ മഹായോഗം

ചാത്തന്നൂർ, തട്ടാരുകോണം, ഐ. പി. സി. ഹെബ്രോൻ വർഷിപ്പ് സെന്ററിന്റെ 10-ാമതു കൺവൻഷൻ ഡിസംബർ 26,27 (തിങ്കൾ, ചൊവ്വ) തീയതികളിൽ ചർച്ച് ഗ്രൗണ്ടിൽ വെച്ച് നടക്കും. പാസ്റ്റർ കെ. എ. ഏബ്രഹാം (വർക്കല) ഉൽഘാടനം ചെയ്യും. പാസ്റ്റർമാരായ സജൂ ജോസഫ് (കുമ്പനാട് ഐ. പി. സി. ബൈബിൾ കോളജ് പ്രിൻസിപ്പൽ) സിസ്റ്റർ ശ്രീലേഖ (മാവേലിക്കര) എന്നിവർ പ്രസംഗിക്കും. സെലസ്റ്റ്യൽ ബീറ്റ്സ്, കൊല്ലം ഗാനങ്ങൾ ആലപിക്കും.

# ഡിസ്ട്രിക്ട് കൺവൻഷൻ

**ആയൂർ:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ആയൂർ ഡിസ്ട്രിക്ട് 28-ാംമത് വാർഷിക കൺവൻഷൻ ഡിസംബർ 15 മുതൽ 18 വരെ ചെങ്കുളം മരുതമൺപള്ളിയിൽ നടന്നു. പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റർമാരായ ഓ. ഇ. വർഗ്ഗീസ് കാഞ്ചീപുരം, ഷാജു സി. ജോസഫ്, ജോസഫ് മാത്യു, കെ.ടി. ഫിലിപ്പ്, ജോർജ് രാജൻ, പി. ഐ. എബ്രഹാം, എൽ. സൈമൺ, ആന്റണി ചാക്കോ, പി. സി. റെജി എന്നിവർ പ്രസംഗിച്ചു. സോദരി സമാജം വാർഷിക യോഗത്തിൽ ഡോ.ഐവി എബ്രഹാം വർഗീസും പി. വൈ.പി.എ-സണ്ടേസ്കൂൾ വാർഷികയോഗത്തിൽ റവ. സാം കെ. മാത്യുവും സന്ദേശവും നൽകി. അവാർഡു ജേതാക്കൾക്കൾക്കും വിജയികൾക്കും സമ്മാനങ്ങൾ നൽകി. ക്രൈസ്റ്റ് സിംഗേഴ്സ് ചെങ്ങന്നൂർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സംയുക്താരാധനയും തിരുവത്താഴ ശുശ്രൂഷയോടെ കൺവൻഷൻ സമാപിച്ചു.

# 08 2016 ഒരു തിരിഞ്ഞുനോട്ടം...

നേഷ്യയിലെ അച്ചെ പ്രോവിൻസിൽ ഉണ്ടായ ഭൂകമ്പത്തിൽ 100 പേർക്ക് ജീവൻ നഷ്ടപ്പെട്ടു.



**ഇസ്താമ്പൂളിൽ ബോംബാക്രമണം (ഡിസം:10)**

കുർദ് വിമതർ ഇസ്താമ്പൂളിൽ ബോംബാക്രമണം നടത്തി 30 പേരെ കൊലപ്പെടുത്തി. 155 പേരെ പരിക്കേൽപ്പിച്ചു.

**നൈജീരിയായിൽ സഭാ കെട്ടിടം തകർന്നു (ഡിസം:11)**



തെക്കൻ നൈജീരിയായിൽ പണിപൂർത്തിയാവാത്ത കെട്ടിടത്തിൽ പ്രാർത്ഥനയ്ക്കു കൂടിയ വിശ്വാസികളുടെ മേൽ കെട്ടിടത്തിന്റെ മേൽക്കൂര തകർന്ന് വീണു. ഏകദേശം 160 പേർ മരണപ്പെട്ടു. റെയിനേർസ് ബൈബിൾ ചർച്ചിന്റേതാണി കെട്ടിടം. സഭാ കെട്ടിടം തകർന്ന് നൈജീരിയായിൽ വിശ്വാസികൾ മരിക്കുന്നത് ആദ്യമല്ല. സമാനമായ സംഭവത്തിൽ 2014-ൽ ലാഗോസിൽ സഭാ മന്ദിരം തകർന്ന് 116 പേർ മരിച്ചിരുന്നു.



**യെമൻ ബോംബാക്രമണം (ഡിസംബർ 18)**

യെമനിലെ ഏദൻ നഗരത്തിലെ സൈനിക ക്യാമ്പിന് പുറത്ത് ഐ.എസിന്റെ ആത്മഹത്യ സ്കോർഡ് നടത്തിയ ബോംബാക്രമണത്തിൽ 50-ൽപരം സൈനികർ മരിച്ചു.

# • സഹായിക്കുക...



**വെള്ളറട:** തിരുവനന്തപുരം കാട്ടാക്കട കട്ടക്കോടിനു സമീപം മാങ്കോട്ടുകോണം എന്ന സ്ഥലത്ത് താമസിച്ചുകൊണ്ട് കഴിഞ്ഞ 20 വർഷമായി കർത്താവിന്റെ വേല ചെയ്തു വരികയായിരുന്നു 49 വയസ്സുള്ള പാസ്റ്റർ G ചന്ദ്രൻ. 15 വർഷങ്ങൾക്ക് മുമ്പ് വന്ന വയറുവേദനയെത്തുടർന്ന് ഉപവസിച്ചും പ്രാർത്ഥിച്ചും ചെറിയ ചികിത്സകൾ ചെയ്തും മുമ്പോട്ടു പോവുകയായിരുന്നു. അതികഠിനമായതിനെത്തുടർന്ന് 5 വർഷം മുമ്പ് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പോകുകയും അവിടത്തെ പരിശോധനയിൽ ഡയബറ്റിസ് എന്ന് കണ്ടെത്തുകയും ചെയ്തു. ഇതിനിടയിൽ പലവിധരോഗങ്ങൾ തന്നെ അലട്ടി. മാറിമാറി പല ചികിത്സകൾ ചെയ്തു. ഏകദേശം രണ്ടരലക്ഷം രൂപയോളമായി, അവിടുന്ന് പിന്നെയും രോഗം അതികഠിനമായപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് മാറി. അവിടുത്തെ വിദഗ്ദ പരിശോധനയിൽ രണ്ട് വൃക്കയും തകരാറിലായി എന്ന് കണ്ടെത്തി. ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളജിൽ 2 ദിവസത്തിലൊരിക്കൽ ഡയാലിസിസ് ചെയ്തു വരുന്നു. 2800 രൂപ ഡയാലിസിസിനു വേണം. മറ്റുപലവിധ ചികിത്സക്കുമായി ഭാരിച്ച തുക ഓരോ ദിവസവും വേണം. ഒരു നിവൃത്തിയുമില്ലാതെ വിഷമിക്കുന്നു. 4 സെന്റ് സ്ഥലവും ഷീറ്റ് ഇട്ട രണ്ട് റൂമും ഉള്ള ഒരു വീടുമേസ്വന്തമായുള്ളൂ. പലരുടെയും സഹായത്താലാണ് രണ്ട് റൂം പണിതത്. രണ്ടു പെൺകുട്ടികളാണ് തനിക്കുള്ളത്. ശുശ്രൂഷയോടൊപ്പം കൂലിപ്പണിയും ചെയ്താണ് ഉപജീവനം കഴിഞ്ഞു വന്നത്. മാങ്കോട്ടുകോണം ഏ. ജി. സഭയിലെ ശുശ്രൂഷകനാണ് പാസ്റ്റർ ചന്ദ്രൻ. കിടപ്പിലായപ്പോൾ മുതൽ ഈ കുടുംബം കൊടും ദാരിദ്ര്യത്തിൽ ആയി. ഇതുവരെ നാട്ടുകാരും സഭക്കാരും സഹപ്രവർത്തകരുമായ പലരുടെയും സഹായത്താലാണ് ചികിത്സ ചെയ്യാൻ ഇടയായത്. ഇനി മുമ്പോട്ട് പോകാൻ ഒരു നിവൃത്തിയുമില്ലാത്ത സാഹചര്യമാണ്. ഭാര്യ ഗിരിജയും പലവിധ രോഗത്താൽ പ്രയാസപ്പെടുന്നു. തുടർന്നുള്ള ചികിത്സയ്ക്കും കുഞ്ഞുങ്ങളുടെ ആഹാരത്തിനും നിവൃത്തി ഇല്ലാതെ ഭാരപ്പെടുന്നു. പാസ്റ്റർ ചന്ദ്രനും കുടുംബവും വായനക്കാരുടെ ആത്മാർത്ഥമായ സഹായവും പ്രാർത്ഥനയും ആവശ്യപ്പെടുന്നു.

**A. ഗിരിജ, കോട്ടക്കുഴി, തെക്കുംകര പുത്തൻവീട്**
**പൂവന്മൽ പി. ഒ., കാട്ടാക്കട**
**തിരുവനന്തപുരം-695 575, കേരളാ**
**A/c. No: 5705942751-2**
**SBT Poovachal Branch, IFSC Code -SBTR0000302**
**Ph: 9446846645**

# ഭാരവാഹികളെ തെരഞ്ഞെടുത്തു

**ആയൂർ:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ ആയൂർ ഡിസ്ട്രിക്ട് ജനറൽ ബോഡി യോഗം ഡിസ്ട്രിക്ട് ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായിയുടെ അധ്യക്ഷതയിൽ നടന്നു.

ഭാരവാഹികളായി പാസ്റ്റർ വർഗീസ് മത്തായി (പ്രസിഡന്റ്), പാസ്റ്റർ ജോസഫ് മാത്യു (വൈസ് പ്രസിഡന്റ്), പാസ്റ്റർ പി. ഐ. ഏബ്രഹാം (സെക്രട്ടറി), പാസ്റ്റർ ആന്റണി ചാക്കോ (ജോ. സെക്രട്ടറി), ബ്രദർ ജോൺസൺ ജോയി (ട്രഷറർ), സബ് കമ്മിറ്റി കൺവീനർമാരായി പാസ്റ്റർ ജോർജ്ജ് രാജൻ (പബ്ലിസിറ്റി), പാസ്റ്റർ കെ. റ്റി. ഫിലിപ്പ് (പ്രയർ), പാസ്റ്റർ പി. സി. റജി (ഇവാഞ്ചലിസം), പാസ്റ്റർ റ്റി. സി. പാപ്പച്ചൻ (ചാരിറ്റി), പാസ്റ്റർ എൽ. സൈമൺ (പ്രസിദ്ധീകരണം) എന്നിവരെ തെരഞ്ഞെടുത്തു.

# 12 2016 പ്രവചന നിവൃത്തീകരണ...

പുതിയ ചുവട് വെയ്പ്പിലേക്ക് നീങ്ങുന്നു. 43 വർഷത്തെ യൂറോപ്യൻ യൂണിയനുമായുള്ള ബന്ധം ഉപേക്ഷിച്ചാണ് ബ്രിട്ടന്റെ പുറത്ത് പോകൽ യൂറോപ്യൻ യൂണിയനിൽനിന്ന് പുറത്തുപോകാനാഗ്രഹിക്കുന്ന അംഗരാജ്യങ്ങൾക്ക് 2007-ലെ ലിസ്ബൺ ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിച്ച് പുറത്തുപോകാം എന്ന പ്രമാണം അനുസരിച്ചാണ് ബ്രിട്ടൻ യൂറോപ്യൻ യൂണിയനിൽനിന്ന് പുറത്തുപോകുന്നത്. ഇതിന് ഉടമ്പടിയിൽ രണ്ടു വർഷത്തെ സമയപരിധി അനുവദിച്ചിട്ടുണ്ടെങ്കിലും കാത്തിരിപ്പിൻെറ ആവശ്യമില്ലാതെ എത്രയും വേഗം പുറത്തുപോകണമെന്ന നിലപാടാണ് യൂറോപ്യൻ യൂണിയൻ മേധാവി ഴാങ് ക്ളോഡ് ജൻകറിൻേറത്. ഇത് വേദപുസ്തകത്തിലെ അന്ത്യകാല ചേരിതിരിവിനായി ഉള്ളതെന്ന് വിശുദ്ധ വേദപുസ്തകം പറയുന്നു.

മറ്റൊരു പ്രധാന സംഭവമായിരുന്നു കറൻസി രഹിത ലോകത്തിലേക്ക് നീങ്ങുന്നതിന് മുന്നോടിയായി ലോകത്തിലെ വിവിധ രാജ്യങ്ങൾ കറൻസി പിൻവലിച്ചത്. ചില രാജ്യങ്ങളിൽ ജനരോക്ഷത്തെ തുടർന്ന് പിൻവലിച്ചു എങ്കിലും ലോകത്തിലെ 420 ബാങ്കുകൾ കറൻസി രഹിത ലോകത്തിനായി മുറവിളി കൂട്ടുകയാണ്. ഇതെല്ലാം കാണിക്കുന്നത് പ്രവചനങ്ങൾ എല്ലാം നിവൃത്തിയാകുന്നു. നാഥന്റെ വരവ് സമയാമായി എന്ന് നമ്മോട് വിളിച്ച് പറയുന്നു.

Patmos Ministries India
ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കംമ്പ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും
പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ
തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959
Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

ധ്യാനം

# കല്പിച്ചു......സംഭവിച്ചു.....നല്ലത് എന്ന് കണ്ടു!!



ഷൈജു ഡാനിയേൽ,
അടൂർ

പറയുന്നതൊന്നും സംഭവിക്കാതിരിക്കുകയും അഥവാ സംഭവിച്ചാൽ തന്നെ, സംഭവിക്കുന്നതൊന്നും നല്ലതിന് കാരണമാകാതിരിക്കുകയും ചെയ്യുന്ന ഒരു വിഷമസന്ധിയിലാണ് നാം ജീവിക്കുന്നത്. സിംഹാസനങ്ങളിൽ നിന്നും ഉയർന്ന പീഠങ്ങളിൽ നിന്നും ഒക്കെ ഒരു പാട് കല്പനകൾ ദിനം തോറും പുറപ്പെടുന്നുണ്ട് എങ്കിലും സംഭവിക്കുന്നതുമായി കല്പനകൾക്കു യാതൊരു ബന്ധവുമില്ല എന്നതും ചിന്തനീയമാണ്. ചെറിയ ചെറിയ കൂട്ടങ്ങളുടെ ഇടയന്മാർ തുടങ്ങി മെഗാ ആളുകളുടെ ഉടമസ്ഥർ വരെ കല്പന ഇറക്കുന്നതിൽ സമർത്ഥരാണ്. എന്തെങ്കിലും ഒക്കെ നല്ലതിന് വേണ്ടി സംഭവിക്കും എന്നും കരുതിയാണ് കല്പിക്കുന്നത് എങ്കിലും ഒന്നും എവിടെയും സംഭവിക്കുന്നില്ല എന്നതാണ് യഥാർത്ഥ്യം!! കാരണം നാമെല്ലാം പരിധിയും പരിമിതികളുമുള്ള മനുഷ്യരാണ്!!

“ദൈവം കല്പിച്ചു... അങ്ങനെ സംഭവിച്ചു... നല്ലതു എന്ന് കണ്ടു” എന്ന ശ്രദ്ധേയമായ പ്രസ്താവന ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിൽ പല തരത്തിലുള്ള സൃഷ്ടിപ്പിനേടുള്ള ബന്ധത്തിൽ ആവർത്തിച്ചാവർത്തിച്ചു ദൈവത്തിന്റെ ആത്മാവ് രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിനു മാത്രം അവകാശപ്പെടുവാൻ കഴിയുന്ന ഒരു ദൈവീക ക്രമമാണ് കല്പിച്ചു.... സംഭവിച്ചു.... നല്ലതെന്ന് കണ്ടു എന്നത്!! കല്പിക്കുകയും കല്പിക്കുന്നത് സംഭവിക്കുകയും സംഭവിച്ചത് എല്ലാം നല്ലതായിരിക്കുകയും ചെയ്യുമ്പോഴാണ് നാം സേവിക്കുന്ന ദൈവത്തിന്റെ മാഹാത്മ്യം പ്രത്യക്ഷമായി വെളിവാക്കപ്പെടുന്നത്. ഈ ലോകത്തിൽ നമ്മെ നയിക്കുന്ന ആത്മീക നേതൃത്വവും രാഷ്ട്രീയ ഭരണ വർഗ്ഗം ഒക്കെ ഈ ക്രമം പിന്തുടരാൻ ആവോളം ശ്രമിച്ചിട്ടും ഇന്നേവരെ അത് പ്രായോഗിക തലത്തിൽ എത്തിക്കുവാൻ ഏതെങ്കിലും ഒരു ആത്മീക നേതാവിനോ ഭരമാധിപന്മാർക്കോ രാജാവിനോ ചക്രവർത്തിമാർക്കോ കഴിഞ്ഞിട്ടില്ല. പലരും പലതും കല്പിക്കുന്നുണ്ട് എങ്കിലും അതിനനന്തരം സംഭവിക്കുന്നത് എല്ലാം കലഹത്തിനും അധിക്ഷേപത്തിനും ആരോപണങ്ങൾക്കും ഹേതുവായി തീരുന്നു എന്നതാണ് യാഥാർത്ഥ്യം!! പക്ഷെ ദൈവം എന്തെങ്കിലും കല്പിച്ചാൽ അത് സംഭവിച്ചിരിക്കും... അവിടുത്തെ കല്പനയിലൂടെ സംഭവിക്കുന്നതെല്ലാം നല്ലതു മാത്രമായിരിക്കും!!

ഗലീലയിലെ കാനാവിൽ ഒരു കല്യാണവീട്ടിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തെ ഒരു വല്ലാത്ത പ്രതിസന്ധിയുണ്ടായി. അപമാന ഭാരത്താൽ ഇനി ഒരിക്കലും ആ കുടുംബത്തിന്റെ തല പൊതുസമൂഹത്തിൽ ഉയർത്തുവാൻ കഴിയാത്ത ഒരു വല്ലാത്ത പ്രതിസന്ധി!! വന്നു കൂടിയ ജനമെല്ലാം പന്തിക്കിരിക്കുമ്പോൾ കല്യാണവീട്ടിലെ പ്രധാന വിഭവമായ വീഞ്ഞ് തീർന്നു പോയി. ഭാഗ്യവശാൽ യേശു ആ കല്യാണ വീട്ടിൽ ഉണ്ടായിരുന്നു എന്നതാണ് ആ കുടുംബത്തിന്റെ വിലാപസമാനമായ അന്തരീക്ഷം നൃത്തസമാനമായ അന്തരീക്ഷമായി മാറുവാനുള്ള ഏക കാരണം!! അവിടെ യേശുവിന്റെ അമ്മ ശുശ്രൂഷക്കാരോട് പറയുന്ന ചില പദങ്ങൾ ശ്രദ്ധേയമാണ്; അവൻ എന്തെങ്കിലും “കല്പിച്ചാൽ” അത് ചെയ്‌വിൻ...!! സാക്ഷാൽ ദൈവമായവൻ കല്പിച്ചാൽ അത് സംഭവിക്കുമെന്ന് മറിയക്കുറപ്പുണ്ടായിരുന്നു!!...(കാരണം ഏകദേശം മുപ്പതു കൊല്ലങ്ങൾക്കപ്പുറം അവൾ കന്യക ആയിരിക്കുമ്പോൾ ഒരു നാൾ ഒരു ദൈവശബ്ദം അവൾ കേട്ടു- നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും. പുരുഷനെ അറിയായ്കയാൽ ഇതെങ്ങനെ സംഭവിക്കും എന്നായി അവൾ... പക്ഷെ പരിശുദ്ധാമാവിന്റെ സഹായത്താൽ അത് സംഭവിക്കുമെന്ന ദൈവശബ്ദം അവൾ സ്വീകരിച്ചതിലൂടെ മനുഷ്യ ചരിത്രത്തിൽ ആദ്യാമായി പ്രകൃതി നിയമങ്ങളെ മറികടന്നു അത് സംഭവിച്ചു!!!) ഈ മറിയ പറയുന്നു- അവിടുന്നു എന്തെങ്കിലും കല്പിച്ചാൽ അത് സംഭവിച്ചു.... പച്ചവെള്ളം മുന്തിരിച്ചാറായി മാറി!! കല്പിച്ചതു സംഭവിച്ചതിലൂടെ ദൈവത്തിന്റെ ക്രമം പൂർത്തിയാകുന്നില്ല... സംഭവിച്ചത് നല്ലതായിരിക്കണം.... വീഞ്ഞായി തീർന്ന വെള്ളം രുചി നോക്കിയാറെ ഏറ്റവും നല്ലതു എന്ന് തിരിച്ചറിഞ്ഞു(യോഹന്നാൻ2:10).

അവിടുന്ന് ചെയ്യുന്നതെല്ലാം നന്നായി ചെയ്യുന്നു!! വേദപുസ്തകത്തിന്റെ പ്രഥമ താളുകളിൽ തന്നെ ഈ വലിയ സത്യം ദൈവാത്മാവ് എഴുതിച്ചേർത്തതിലൂടെ, ആ മഹാദൈവത്തെ നീതിപൂർവ്വം അനുസരിക്കുകയും നിഷ്കളങ്കതയോടെ പിൻഗമിക്കുകയും ചെയ്യുന്ന അവിടുത്തെ അനുഗാമികൾക്കു കൈമാറുന്ന ശ്രേഷ്ഠമായ ഒരു സന്ദേശമുണ്ട്. മനുഷ്യൻ കൊത്തുളികൊണ്ടു ഭാഷ വരുത്തി രൂപപ്പെടുത്തിയ നിശ്ചലങ്ങളായ നിരവധി ദൈവങ്ങളുടെ നീണ്ട നിരയിൽ നിന്നും നാം സേവിക്കുന്ന ജീവനുള്ള ദൈവം നിസ്തുല്യനാണ്!! നമുക്ക് ഇനിയും പ്രതീക്ഷക്കു വകയുണ്ട്... കാരണം നാം പിൻഗമിക്കുന്ന ദൈവം നമ്മുടെ പ്രശ്നങ്ങളിൽ ഇടപ്പെട്ട് എന്തെങ്കിലും കല്പിച്ചാൽ അത് തീർച്ചയായും സംഭവിക്കും... ദൈവത്തിന്റെ കല്പനയിലൂടെ നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നല്ലതു മാത്രമായിരിക്കും. ദൈവം കല്പിച്ചു... അങ്ങനെ സംഭവിച്ചു... നല്ലതു എന്ന് കണ്ടു!!

---

വീക്ഷണം

# നോട്ടുനിരോധനം ഒരു ബൈബിൾ വീക്ഷണം



റോബിൻ ശാമുവേൽ,
തുവയൂർ

ഇക്കഴിഞ്ഞ സെപ്റ്റംബർ 8-ാം തീയതി രാത്രി എട്ടരയ്ക്ക് രാജ്യത്തെ അഭിസംബോധന ചെയ്തു കൊണ്ട് പ്രധാനമന്ത്രി നടത്തിയ പ്രഖ്യാപനം രാജ്യത്തെയാകെ ഞെട്ടിച്ചു. ഒറ്റ രാത്രികൊണ്ട് രാജ്യത്തെ ധന ഇടപാടുകളുടെ 86% വരുന്ന ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകൾ പിൻവലിച്ചത് അപ്രതീക്ഷിതമായിരുന്നു. ബാങ്കുകളിൽ നിന്നും ഏ.റ്റി.എമ്മുകളിൽ നിന്നും പണം പിൻവലിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുക കൂടി ചെയ്തെങ്കിലും കള്ളപ്പണത്തിനും അഴിമതിക്കും ഭീകരവാദത്തിനുമൊക്കെ എതിരെയുള്ള കർശന നടപടി എന്ന നിലയിൽ രാജ്യത്തെ ബഹുഭൂരിപക്ഷവും പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തെ പിന്തുണച്ചു. കുറെ ദിവസത്തേക്ക് കഷ്ടപ്പാടുകൾ സഹിക്കുവാൻ ജനം തയ്യാറായിരുന്നെങ്കിലും കൃത്യമായ മുൻ കരുതലെടുക്കാതെ നടപ്പിലാക്കിയ നോട്ടു പിൻവലിക്കലിൽ ജനം വലയുന്നതിനാണ് ഇപ്പോൾ രാജ്യം സാക്ഷ്യം വഹിക്കുന്നത്. ഏ. റ്റി. എമ്മുകൾക്കും ബാങ്കുകൾക്കും മുൻപിൽ നീണ്ട ക്യൂവും സംഘർഷങ്ങളും, 2000 രൂപ നോട്ടിന് ചില്ലറ തേടി അലയുന്നവർ, കച്ചവടം പാടേ കുറഞ്ഞ വ്യാപാര സ്ഥാപനങ്ങൾ, രാഷ്ട്രീയക്കാരുടെ പ്രസ്താവനയുദ്ധങ്ങൾ എന്നു വേണ്ട രാജ്യത്തെ ജനങ്ങളുടെ ദൈനംദിന ജീവിതത്തിന്റെ താളം തെറ്റിക്കുന്ന നിലയിലേക്ക് നോട്ട് പിൻവലിക്കൽ മാറി.

നോട്ടു പിൻവലിക്കലിനപ്പുറം ചില പ്രഖ്യാപനങ്ങൾ കൂടി പ്രധാനമന്ത്രിയും കേന്ദ്രസർക്കാരും പിന്നീട് നടത്തുകയുണ്ടായി. രാജ്യം കറൻസി രഹിത സമ്പദ് വ്യവസ്ഥ (Cashless Economy)യിലേക്ക് നീങ്ങണമെന്നും സർക്കാർ അതിനു വേണ്ട പ്രോത്സാഹനം നല്കുമെന്നുമായിരുന്നു പ്രഖ്യാപനം. നോട്ടുകൾക്കൊന്നും യാതൊരു പ്രസക്തിയുമില്ലാത്ത, എന്നാൽ ക്രെഡിറ്റ് കാർഡുകളും, ഡെബിറ്റ് കാർഡുകളും, മൊ ബൈൽ നെറ്റ് ബാങ്കിംഗും അരങ്ങ് വാഴുന്ന സമ്പദ് വ്യവസ്ഥയിലേക്ക് എത്തിച്ചേരാൻ സർക്കാർ പ്രോത്സാഹനം നല്കുമെന്നർത്ഥം. കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളും ബാങ്കുകളും ഈ ലക്ഷ്യത്തിനായി വ്യാപക പ്രചാരണമാണ് ഇപ്പോൾ നടത്തുന്നത്. ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഡിസംബർ ഒന്നിന് കേന്ദ്രമാനവ വിഭവശേഷിമന്ത്രാലയം ‘വിട്ടിയ സാക്ഷരത അഭിയാൻ’(Vittiya Sakshar atha Abhiyan) എന്നൊരു പദ്ധതി തന്നെ ആവിഷ്കരിച്ചു. കാർഡുപയോഗിച്ചു പണമിടപാടുകൾ നടത്തുന്നവർക്ക് സർവ്വീസ് ചാർജ്ജ് ഒഴിവാക്കിയിരിക്കുന്ന സർക്കാർ പെട്രോൾ വിലയിൽ ഡിസ്കൗണ്ട് വരെ പ്രഖ്യാപിച്ചിരിക്കുകയാണ്. ഓൺ ലൈൻ വഴി റെയിൽവേ ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്ക് പത്ത് ലക്ഷം രൂപയുടെ ഇൻഷുറൻസാണ് ലഭിക്കുക. നോട്ടു പിൻവലിക്കലിനെ തുടർന്ന് നാണയരഹിത (Cashless) ഇടപാടുകൾ 40% വർദ്ധിച്ചുവെന്നാണ് കേന്ദ്രം പറയുന്നത്. (നിലവിൽ2% മാത്രമാണ് രാജ്യത്തെ ഡിജിറ്റൽ ഇടപാടുകൾ). ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ക്യാഷ്‌ലസ് എക്കണോമിയിലേക്കുള്ള മാറ്റം ഒരു ഏകലോക വ്യവസ്ഥിതിക്കുള്ള മുന്നോടിയാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്.




കണക്കിൽ കാണിക്കാത്ത പണമൊന്നും ചെലവഴിക്കാൻ കഴിയാത്ത സ്ഥിതി ‘ക്യാഷ്‌ലസ് എക്കണോമി’യിൽ വരുമെന്നതിനാൽ രാജ്യത്തെ മുഴുവൻ ജനങ്ങളും ബാങ്ക് അക്കൗണ്ട് എടുക്കേണ്ടി വരും. 100% ബാങ്കിംഗ് എന്ന ലക്ഷ്യം രാജ്യം ഇനിയും കൈവരിച്ചിട്ടില്ലായെങ്കിലും ‘ജൻധൻ അക്കൗണ്ടുകൾ’ വഴി ഇക്കാര്യത്തിൽ വലിയ കുതിച്ചു ചാട്ടം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

മുഴുവൻ പേർക്കും ബാങ്ക് അക്കൗണ്ട്, മൊബൈൽ ബാങ്കിംഗ്, നെറ്റ് ബാങ്കിംഗ്, പ്ലാസ്റ്റിക്ക് മണി (Credit card, Debit Card etc.) തുടങ്ങിയവ വ്യാപകമാവുമ്പോൾ കാശും കീശയിൽ വെച്ചു നടക്കുന്ന സ്ഥിതി തന്നെ മാറും. ജാർഖണ്ഡ് സംസ്ഥാനം ആദ്യത്തെ ‘ക്യാഷ്‌ലസ് സ്റ്റേറ്റായി’ മാറാൻ പോവുകയാണ്. കേരളത്തിൽ മലപ്പുറം ജില്ലയും ഇത്തരമൊരു ലക്ഷ്യത്തിലാണ്. ഏ. റ്റി.എമ്മിൽ നിന്നും കാശ് പിൻവലിക്കാനുപയോഗിക്കുന്ന കാർഡുകൾ സൈപ്പ് ചെയ്തും, മൊബൈൽ നെറ്റ് ബാങ്കിംഗിലൂടെയും ഉപ്പ് തൊട്ട് കർപ്പൂരം വരെ വാങ്ങാവുന്ന സ്ഥിതി ഇന്ന് സർവ്വ സാധാരണമാണ്. സൂപ്പർ മാർക്കറ്റുകളിൽ മാത്രമല്ല തെരുവ് കച്ചവടക്കാർ പോലും സൈപ്പിംഗ് മെഷീനുകൾ വാങ്ങി ഇടപാടുകൾ നടത്താനാരംഭിച്ചിരിക്കുന്നുവെന്നത് ആസന്നമായി കൊണ്ടിരിക്കുന്ന ഒരു ലോക ക്രമത്തിന് മുന്നോടി മാത്രമാണ്.

ബൈബിളിൽ അന്തിക്രിസ്തുവിന്റെ നേതൃത്വത്തിലുള്ള ഒരു ഏകലോക ക്രമത്തെപ്പറ്റി വ്യക്തമായ വിവരണം വെളിപ്പാട് 13-ാം അദ്ധ്യായം നല്കുന്നുണ്ട്. കൊടുക്കൽ വാങ്ങലുകൾക്കെല്ലാം മൃഗത്തിന്റെ നമ്പർ അനിവാര്യമാകുന്ന ഒരു സമ്പദ്‌വ്യവസ്ഥയെപ്പറ്റിയാണ് അവിടെ വിവരിച്ചിരിക്കുന്നത്. ക്യാഷ്‌ലസ് എക്കണോമിയും ഇലക്ട്രോണിക്ക് ഫണ്ട് ട്രാൻസ്ഫറും, പ്ലാസ്റ്റിക്ക് മണിയുമൊക്കെ അത്തരമൊരു ലോകക്രമത്തിലേക്കുള്ള പുരോഗതിയാണ് കാണിക്കുന്നത്. ആഗോളവത്കരണവും ഇന്റർനെറ്റുമൊക്കെ ലോകത്തെത്തന്നെ ഒരു ഗ്രാമമാക്കി മാറ്റിയിരിക്കുന്ന ഈ കാലത്ത് നടക്കുന്ന ഡിജിറ്റൽ ഇടപാടുകളെല്ലാം തന്നെ ‘നമ്പരുകളിൽ അധിഷ്ഠിതമാണ്. യൂറോപ്യൻ യൂണിയൻ ആവിഷ്കരിച്ച യൂറോപോലെ ലോകമെങ്ങും ഉപയോഗിക്കാൻ കഴിയുന്ന ഒരു നാണയവ്യവസ്ഥിതിയും ഈ ഡിജിറ്റൽ യുഗത്തിൽ സാ ധ്യമാണ്.

ഇൻഡ്യയിൽ നിലനിൽക്കുന്ന ഒരു പ്രത്യേക സാഹചര്യം കൂടി തിരിച്ചറിയേണ്ടതുണ്ട്. ആധാർ എന്ന പന്ത്രണ്ടക്ക നമ്പർ രാജ്യത്തെ ഏതാണ്ട് മുഴുവൻ പേർക്കും നൽകി കഴിഞ്ഞു. നിരവധി വ്യക്തി വിവരങ്ങൾ ശേഖരിച്ചു വെച്ചിട്ടുള്ള ആധാർ സർക്കാരുകളുടെ വിവിധ പദ്ധതികൾക്ക് ആവശ്യം വേണ്ട തിരിച്ചറിയൽ രേഖയായി മാറിയിട്ടുണ്ട്. ബാങ്കുകളൊക്കെത്തന്നെ ആധാർ ബാങ്ക് അക്കൗണ്ടുകളുമായി ബന്ധിപ്പിക്കുകയാണ്. ഗ്യാസ് സബ്സിഡി ലഭിക്കുന്നതിനും വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനർഹർ കൊണ്ടുപോകാതിരിക്കുന്നതിനുമൊക്കെ ആധാർ സഹായിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഭവനപദ്ധതികൾ, തൊഴിലുറപ്പ് പദ്ധതി തുടങ്ങി സർക്കാർ സ്കോളർഷിപ്പും പി. എസ്. സി.യിൽ അപേക്ഷ അയക്കുന്നതിനുപോലും ആധാർ നമ്പർ ആവശ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഇതൊക്കെയും വരുവാനിരിക്കുന്ന ഒരു ഏക ലോകക്രമത്തിലേക്കുള്ള സൂചനകളാണ് തരുന്നത്. കുറച്ചുകൂടി ഭാവനാപൂർണ്ണമായി ചിന്തിച്ചാൽ ഒരു വ്യക്തിയുടെ പേര്, വയസ്, ജനനതീയതി, വിദ്യാഭ്യാസം, ജാതി, മതം തുടങ്ങി ആരോഗ്യ സാമ്പത്തിക വിവരങ്ങൾ മുഴുവൻ ഈ നമ്പരുമായി ബന്ധപ്പെടുത്തി RFID പോലെ ഒരു ചിപ്പിലാക്കി ശരീരത്ത് തന്നെ സൂക്ഷിക്കുന്ന സ്ഥിതിയൊന്നോർത്ത് നോക്കൂ. അത് ‘വെളിപ്പാടിൽ’ പറയുന്നതുപോലെ കൈയിലോ നെറ്റിയിലോ ആകാം. ജോലിക്ക് സർട്ടിഫിക്കറ്റുകളുമായി അലയേണ്ട, ആശുപത്രിയിൽ മുൻകാല ചികിത്സാ വിവരങ്ങൾ നൽകേണ്ട; എവിടെ ചെന്നാലും ഒരു സ്കാനറിനു മുമ്പിൽ RFID ടാഗിൽ നിന്നും മുഴുവൻ വിവരങ്ങളും സ്കാൻ ചെയ്തെടുത്തോളും. പണമടയ്ക്കേണ്ടയവസരത്തിൽ അക്കൗണ്ടിലെ തുകയുടെ വിവരങ്ങൾ വരെ ഇത്തരത്തിൽ സ്കാനറിന് ഡീകോഡ് ചെയ്തെടുക്കാം. ഇത്തരമൊരു വ്യവസ്ഥിതിയിൽ അഴിമതിയും, കൈക്കൂലിയും, കരിഞ്ചന്തയുമൊന്നും സാധ്യമാകാതെ വരുമെന്നതിനാൽ ഈ സംവിധാനത്തിന് വൻ സ്വീകാര്യത ലഭിക്കും. വെറും ഭാവനകൾക്കപ്പുറം ഇവയൊക്കെ സാധ്യമാകുംവണ്ണം സാങ്കേതിക വിദ്യകൾ ഇന്ന് ലോകത്ത് ലഭ്യമാണ്.

നമ്മുടെ ബാങ്കിംഗ് മേഖലയിലും ഒരേകീകൃത സംവിധാനത്തിലേക്കുള്ള മാറ്റം പ്രകടമാണ്. ബാങ്കുകളുടെ ലയനവും ഓഹരി കൈമാറ്റവും ഇന്ന് സ്ഥിരം കാഴ്ചയാണ്. ചെറിയ ചെറിയ ബാങ്കുകളൊക്കെത്തന്നെ വലിയ ബാങ്കുകളിൽ ലയിച്ചുകൊണ്ടിരിക്കയാണ്. ഉദാഹരണത്തിന് SBT SBIയിൽ ലയിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കയാണ്. കാത്തലിക് സിറിയൻ ബാങ്കിന്റെ ഓഹരികൾ കാനഡ ആസ്ഥാനമായ കമ്പനി വാങ്ങുന്നതായ വാർത്തയും നമ്മുടെ ചുറ്റുവട്ടത്താണ്. ‘മൊബൈൽ നമ്പർ പോർട്ടബിലിറ്റി’ പോലെ ബാങ്ക് അക്കൗണ്ട് നമ്പർ പോർട്ടിബിലിറ്റി’യും താമസിയാതെ യാഥാർത്ഥ്യമാകും. ചുരുക്കത്തിൽ ബാങ്കിംഗ് മേഖലയും ഒരു ഏകീകൃത സംവിധാനത്തിലേക്ക് വരി

02

കാലികം

# ദൈവം സുഖിപ്പിക്കുന്ന അഗ്നിയോ ദഹിപ്പിക്കുന്ന അഗ്നിയോ?



സജി നെടുങ്കണ്ടം
9495669391

ദൈവഭയം ഉല്ലാത്ത ഒരു തലമുറ പെന്തെക്കോസ്തുകാരുടെ ഇടയിൽ ഏറെ പ്രബലപ്പെട്ടിരിക്കുന്നു. സ്ഥാവരജംഗമവസ്തുക്കൾ നേടുന്നതിൽ പെന്തെക്കോസ്തുകാർ ഏറെ മുന്നിൽ തന്നെ. പദവിയിലും പൊതുജനസമക്ഷം ലഭിക്കാവുന്ന അംഗീകാരവും ഈ പുറമ്പറമ്പിൽ കിടന്നവർ പ്രാപിച്ചുകഴിഞ്ഞു. വിദ്യാഭ്യാസത്തിൽ മുന്നേറിയ വേർപെട്ട സമൂഹത്തിന്റെ പിൻതലമുറക്കാർ ഇന്ന് ഉന്നത ജോലിയും ഉയർന്ന ശമ്പളവും നേടിക്കഴിഞ്ഞു. വേഷഭൂഷാധികളിൽ ലോക മയത്വം അളവിൽ കൂടുതൽ ദൈവസഭകളുടെ അകത്ത് പ്രവേശിച്ചിരിക്കുന്നു. പഴയ വസ്ത്രധാരണ രീതിയിൽ നിന്ന് വ്യത്യസ്തമായി പാശ്ചാത്യവത്കരണത്തിൽ സാധാരണ പെന്തെക്കോസ്തു വിശ്വാസി പോലും മുഴുകിക്കഴിഞ്ഞു. ലാളിത്യത്തിന്റെ മുഖമുദ്രയായി ലളിതമായ വസ്ത്രധാരണം ഒരു കാലത്ത് ഈ വേർപെട്ടവരെ വേർതിരിച്ച് നിർത്തി. സമാനചിന്താഗതിക്കാരായി സഹവർതിത്വം നിലനിർത്തിപോന്നിരുന്ന വിശ്വാസി സമൂഹം വീട് വയ്ക്കുന്നതിലും, വിവാഹം നടത്തുന്നതിലും എല്ലാം പരസ്പരം മത്സരത്തിലേക്ക് വഴിമാറിയിരിക്കുന്നു. മുന്തിയ ശുശ്രൂഷ ചെയ്യുന്ന നേതൃത്വം സാധാരണക്കാരന് ഒരിക്കൽ പോലും മുന്നിൽ വരാൻ കഴിയാത്തനിലയിൽ ഗൗരവവും വസ്ത്രധാരണവും വാഹനവും ശരീരഭാഷ പോലും ആകപ്പാടെ മാറ്റിയിരിക്കുന്നു. സ്റ്റേജിൽ ഘനഗംഭീര കസർത്തു നടത്തുന്ന ഈ കൂട്ടർ സാധാരണക്കാരന് കൈ കൊടുക്കാൻ പോലും തീരെ താത്പര്യം കാണിക്കാറില്ല. ഒറ്റ സീറ്റിൽ ഒരുമിച്ചിരുന്ന മണിക്കൂറുകൾ സഞ്ചരിച്ചാലും ഉരിയാടാത്ത വിശുദ്ധന്മാരുടെ എണ്ണം ചിന്തിക്കുന്നതിലും അപ്പുറത്ത് എത്തിയിരിക്കുന്നു. മതത്തിന്റെ ചട്ടക്കൂട്ടിൽ ചുറ്റിത്തിരിയുന്ന നാമധേയ ക്രൈസ്തവസഭകണക്കെ പെന്തെക്കോസ്തു സമൂഹം അധഃപതിച്ചു എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. ദൈവസഭ എത്തി നിൽക്കുന്ന ഈ കാലഘട്ടത്തിൽ പ്രബോധകർ ഇല്ല എ ന്ന സത്യം നമ്മെ ഏറെ ഭയപ്പെടുത്തുന്നു.

തെറ്റിന് എതിരെ മുഖം നോക്കാതെ അപ്പപ്പോൾ നടപടി എടുത്തിരുന്ന അഗ്നി ചിതറുന്ന കണ്ണുകളുള്ള ദൈവത്തെയാണ് പഴയനിയമം കാട്ടിത്തരുന്നത്. തെറ്റുചെയ്ത ആദിമപിതാക്കൾ തോട്ടത്തിനു വെളിയിൽ തോലുകൊണ്ടുള്ള വസ്ത്രം അണിഞ്ഞ് തലകുനിച്ച് നിൽക്കുന്നു. മനുഷ്യവർഗ്ഗത്തെ സൃഷ്ടിച്ചതിൽ അനുതപിച്ച ദൈവം അനുസരണം കെട്ടവരെ പെരുവെള്ളത്തിൽ മുക്കികൊന്നു. അനുസരിച്ച നോഹയും കുടുംബവും ദൈവസഭയാകുന്ന പെട്ടകത്തിലൂടെ രക്ഷ പ്രാപിച്ചു. സോദോമിലെ പാപം പട്ടണത്തെ മൂടുമ്പോൾ തീമഴ അയച്ച് അവിടം വെന്ത് വെണ്ണീറാക്കി. മധ്യസ്ഥത അണച്ചസഹോദരന്റെ മഹാമനസ്ക്കതയിൽ ലോത്തും കു ടുംബവും അഗ്നിജ്വാല ഏശാതെ ഓടിപ്പോയി. നാഹോന്റെ കളത്തിങ്കൽ കാളവിരണ്ടു പെട്ടകം ചരിഞ്ഞു. പ്രമാണം ഇല്ലാത്തവൻ കൈ നീട്ടി പെട്ടകം പിടിച്ചു തൽക്ഷണം പിടഞ്ഞുമരിച്ചു, പിറുപിറുപ്പ് കൂടിയപ്പോൾ കോരഹ്, നാഥാം, ആ ബീരാം ഗന്ധകപൊയ്കയിൽ താണുപോയി. പാപം പെരുകുമ്പോൾ ന്യായവിധിയുടെ കരം അപ്പപ്പോൾ ചലിച്ചിരുന്നു. എന്നാൽ യഹോവയായ ദൈവത്തിൽ നിന്നും വ്യത്യസ്തനായി പുതിയ നിയമത്തിൽ പുത്രനെ കാണുന്നു. പിതാവിൽ നിന്നും വ്യത്യസ്തനായി തീക്ഷണത കുറഞ്ഞ ഒരു ദൈവപുത്രനെയല്ല പുതിയനിയമം പരിചയപ്പെടുത്തുന്നത്. പഴയ നിയമത്തിൽ വ്യഭിചാരം പാപം എന്നാൽ പുതിയ നിയമത്തിൽ സ്ത്രീയെ മോഹത്തോടെ നോക്കുന്നവൻ പാപം ചെയ്തിരിക്കുന്നു. യേശു പറഞ്ഞു നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക. ശത്രുവിനെ സ്നേഹിക്കുക... അവനു വേണ്ടി പ്രാർത്ഥിക്കുക. കൃപായുഗം പാപം ചെയ്യുവാൻ കൃപ ലഭിച്ചകാലമല്ല; പ്രത്യുത ശിക്ഷയിൽ നിന്നുള്ള മോചനത്തിനായി ഒരു യാഗവേദി ഒരുങ്ങി എന്നത്രെ.

ആധുനിക വിശുദ്ധന്മാരെ... ഐക്യത എവിടെ, ആദ്യസ്നേഹം എവിടെ. ഒരു അപ്പത്തിന്റെ അംശികൾ പുറത്ത് അന്യരെപ്പോലെ പെരുമാറുന്നു. കൂട്ടായ്മ ബന്ധമോ പരസ്പര ബഹുമാനമോ നഷ്ടപ്പെടുത്തി കേവലം കാര്യസാധ്യത്തിനായി സഭകളിൽ എത്തുന്നവരുടെ എണ്ണം എവിടെയും വർദ്ധിച്ചില്ലെ. മത്സരികളായി കൂട്ടുസഹോദരന്റെ കുതികാൽ തകർക്കാൻ നാം ഇവിടെ തക്കം പാർത്തു കഴിയുന്നു. വീറും വാശിയും അന്തരംഗത്തിൽ സ്വരൂപിച്ച് വിശുദ്ധചുംബനത്തിന്റെ വേളയിൽ തോളുകൾ ചേർത്ത് ഉരുമി കടമ നിർവ്വഹിച്ച് അകലുന്ന കപട സ്നേഹത്തിന് ഉടമകൾ സഭയുടെ അകത്തളങ്ങളിൽ മുൾച്ചെടി പോലെ വളരുന്നു. കളകൾ പറിക്കാനോ, കളത്തെ മുറ്റും വെടിപ്പാക്കുന്ന വിധത്തിലുള്ള പ്രവാചകരോ പ്രബോധകരോ ആധുനിക പെന്തെക്കോസ്ത് സമൂഹത്തിൽ അന്യം നിന്നിരിക്കുന്നു. ഇനി ആരെങ്കിലും ഉണ്ടെന്ന് അവകാശപ്പെട്ടാൽ തന്നെ അവരെല്ലാം പണത്തിന് മറിയുന്നവരും ശമ്പളക്കാരുമായി കാലം കഴിക്കുന്നു. ഈ ദുർവിധി കണ്ട് പകച്ചു നിൽക്കുന്ന പരാമാർത്ഥ വിശ്വാസി സമൂഹം പ്രാർത്ഥനക്കായി പായ് വിരിക്കണം മുഴങ്കാലിൽ യുദ്ധം ചെയ്യണം. വിശുദ്ധന്റെ മുമ്പിൽ ഇനി പോംവഴി അതെയുള്ളു. ദൈവം ആരെയും സുഖിപ്പിക്കുകയല്ല തെറ്റിന് എതിരെ അവന്റെ തീക്ഷണത ജ്വലിക്കുകയേ ഉള്ളൂ.

ഗ്രന്ഥ പരിചയം

# ഇങ്ങനെയും ഒരു പുസ്തകം!

ജയ്മോഹൻ അതിരുങ്കൽ

ലോകപ്രസിദ്ധമായ (ഏറ്റവും പ്രസിദ്ധമായ) ബൈബിൾ ഭാഗം ഏതാണെന്നു ചോദിച്ചാൽ ഒരേയൊരു ഉത്തരമേ കിട്ടൂ– "ഇരുപത്തിമൂന്നാം സങ്കീർത്തനം"! വർത്തമാനം പറഞ്ഞു തുടങ്ങുന്ന കുഞ്ഞിനെ മാതാപിതാക്കൾ പഠിപ്പിക്കുന്നതും മറ്റൊന്നല്ല. ഇരുപത്തിമൂന്നാം സങ്കീർത്തനം കാണാപ്പാഠമാണ്, എല്ലാ ദൈവമക്കൾക്കും. ബൈബിൾ സ്കൂളിൽ പഠിക്കുമ്പോൾ, "ഇരുപത്തിമൂന്നാം സങ്കീർത്തനം കാണാതെ അറിയാമോടോ" എന്ന് അദ്ധ്യാപകൻ എന്റെയൊരു സഹപാഠിയോടു ചോദിച്ചു. അപ്പോൾ ആ സഹോദരൻ മറുപടി നൽകിയത്, "എനിക്കുമറിയുകേല, സാറിനുമറിയുകേല" എന്നായിരുന്നു! അന്ന് അങ്ങനെ മറുപടി പറഞ്ഞയാൾ ഇന്നൊരു ബൈബിൾ സ്കൂൾ അദ്ധ്യാപകനാണ്.

ഈയിടെ, കാര്യമായ പത്രപ്പരസ്യം നൽകി പ്രസിദ്ധീകരിക്കുന്ന ഒരു പുസ്തകമാണു വായനക്കാർക്കു പരിചയപ്പെടുത്തുന്നത്: "വിശ്വസാഹിത്യത്തിലെ അനശ്വര സംഗീതം" എന്നാണതിന്റെ പേര്. എഴുത്തുകാരൻ പരിചിതനായ ആളാണ്: റ്റീയെസ് കപ്പമാമ്മൂട്ടിൽ. ഗ്രാൻഡ് കാന്യൻ എന്ന പ്രകൃതിവിശേഷമുള്ള സംസ്ഥാനമായ അരിസോണ (അമേരിക്ക)യിലാണ് അദ്ദേഹം താമസിച്ചു ശുശ്രൂഷിക്കുന്നത്. 'ചരിത്രം സ്പന്ദിക്കുന്ന ഗോൽഗോഥ', 'അനുരഞ്ജനങ്ങളുടെ ഇടത്താവളങ്ങൾ' എന്നീ കൃതികൾ അദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇരുപത്തിമൂന്നാം സങ്കീർത്തനത്തിന്റെ ആദ്യത്തെ രണ്ടു വാക്യങ്ങളുടെ വ്യാഖ്യാനമാണ്(പഠനമാണെന്നോ, ധ്യാനമാണെന്നോ പറയാം) 235 പുറങ്ങളിലായി നൽകിയിരിക്കുന്നത്.

"യഹോവ എന്റെ ഇടയനാകുന്നു" എന്ന വാക്യത്തിലെ "യഹോവ"യ്ക്കു തന്നെ നൽകിയിരിക്കുന്ന വിശദീകരണം ശ്രദ്ധേയമാണ്. യഹോവ എന്നല്ലാ 'യാഹ്വെ' എന്നാണു പറയേണ്ടതെന്ന് എഴുത്തുകാരൻ വ്യക്തമാക്കുന്നുണ്ട്.




ആടുകളുടെ പ്രകൃതം, അവയുടെ ശരീരത്തിന്റെ ആന്തരികമായ പ്രത്യേകതകൾ, ആടുകളെ സ്വന്തം ജീവനെപ്പോലെ കരുതുന്ന ഇടയന്മാരുടെ ദൃഷ്ടാന്തങ്ങൾ എന്നിവ ഈ പുസ്തകത്തിൽ വിവരിക്കുന്നു.

സർവ്വോപരി, നല്ലയിടയനായ കർത്താവിനെ വായനക്കാർക്കു(രക്ഷിക്കപ്പെടാത്തവർക്കും) പരിചയപ്പെടുത്തുകയെന്ന ഒരു ദൗത്യമാണ് എഴുത്തുകാരൻ ഈ പുസ്തകത്തിലൂടെ നിറവേറ്റുന്നതെന്നു മനസ്സിലാക്കാം.

മൂന്നു ഭാഗങ്ങളായി എഴുതിയിരിക്കുന്ന ഈ പുസ്തകം ഏറെക്കാലത്തെ ധ്യാനത്തിന്റെയും പഠനത്തിന്റെയും ഫലമാണ്. ഈ രണ്ടു വാക്യങ്ങൾ ഇത്രയധികം വ്യാഖ്യാനിച്ചെഴുതേണ്ടതിന്റെ ആവശ്യമുണ്ടോ എന്ന ചോദ്യം വായനക്കാർക്കുണ്ടാകാം. ഓക്സഫഡ് നിഘണ്ടു എഴുതിയ ജയിംസ് അഗസ്റ്റസ് ഹെന്റി മുറേ, 'do' എന്ന വാക്കിന്റെ അർത്ഥമെഴുതാൻ മാത്രം ആറുമാസമെടുത്തുവെന്നു വായിച്ചിട്ടുണ്ട് (T എന്ന അക്ഷരം വരെയുള്ളതാണു നിഘണ്ടുവിൽ മുറേയുടെ സംഭാവന).

ഈ പുസ്തകത്തിന്റെ ഒടുവിൽ നൽകിയിരിക്കുന്ന ഗ്രന്ഥസൂചി (Bibliography) തന്നെ ഗ്രന്ഥകാരന്റെ പ്രയത്നത്തിന്റെ തെളിവാണ്. പുസ്തകങ്ങളുടെ പേരുകൾ മാത്രമല്ല, അവയുടെ എത്രാമത്തെ പേജിലെ വിവരമാണ് ഈ വ്യാഖ്യാനത്തിൽ നൽകിയിരിക്കുന്നതെന്നും കൊടുത്തിട്ടുണ്ട്. ഗ്രന്ഥസൂചി പുസ്തകത്തിന്റെ ഒടുവിൽ നൽകുന്നതിനു പകരം, അതാതു പേജുകളുടെ അടിക്കുറിപ്പായി നൽകിയിരുന്നെങ്കിൽ വായനക്കാരന് കൂടുതൽ പ്രയോജനപ്പെടുമായിരുന്നു. അടുത്ത പതിപ്പിൽ വേണ്ടതു ചെയ്യുമെന്നു പ്രതീക്ഷിക്കാം.

സാധാരണമായി, 'പേപ്പർ ബാക്ക്' പുറംചട്ടയിലാണല്ലോ നമ്മുടെ പുസ്തകങ്ങളെല്ലാം പ്രസിദ്ധീകരിക്കുന്നത്. എന്നാൽ, ഈ പുസ്തകം ഡയറി രൂപത്തിൽ(case binding) പുറത്തിറക്കിയിരിക്കുകയാണ്. കെട്ടും മട്ടും മനോഹരമായിരിക്കുന്നുവെന്നു പറയാം.

പുസ്തകത്തിന്റെ സമാപനം ഏറെ ഹൃദ്യമാണ്. കാണാതെ പോയ ആടിനെത്തേടി ഇന്നും നടക്കുന്ന നല്ലയിടയന്റെ ചിത്രം വരച്ചുകാട്ടുന്ന സമാപനം. ദാഹിക്കുന്ന ആടുകൾക്ക് നിത്യജീവന്റെ വെള്ളം നൽകുന്ന നല്ലയിടയനായ കർത്താവിനെ ഒന്നുകൂടി വായനക്കാർക്കു പരിചയപ്പെടുത്തുന്നു. റ്റീയെസ് കപ്പമാമ്മൂട്ടിൽ ഒത്തിരി പഠനങ്ങൾ നടത്തിയശേഷം രചിച്ച ഈ കൃതി, വായിക്കാൻ പ്രേരണ നൽകുന്നതാണ്. സാധാരണമായി, വ്യാഖ്യാന ഗ്രന്ഥങ്ങൾ വായനക്കാരെ 'അടുപ്പിക്കാത്ത' 'മൂരാച്ചി' സ്വഭാവം വച്ചുപുലർത്തുന്നതായാണു കാണുന്നത്. എന്നാലിത് വായനക്കാരെ ഒപ്പം കൊണ്ടുപോകുന്നതാണ് – പച്ചയായ പുല്പുറങ്ങളിലേക്ക്, സ്വസ്ഥതയുള്ള വെള്ളത്തിന്നടുത്തേക്ക്, സർവ്വോപരി നല്ലയിടനും ആടുകൾക്കു വേണ്ടി സ്വന്തം ജീവൻ കൊടുത്തവനുമായ കർത്താവിന്റെയടുത്തേക്ക്!

ഈ നല്ല രചനയിൽ വന്നുപോയിട്ടുള്ള കുറവുകളും കൂടെ ചൂണ്ടിക്കാട്ടുകയാണ്. 'പ്രൂഫിങ്' കുറെകൂടി ശ്രദ്ധിക്കണമായിരുന്നു. ദീർഘോച്ചാരണം ഹ്രസ്വോച്ചാരണവും നിന്ന്/നിന്നു 'നിന്നും' ആയിട്ടുണ്ട്. വാക്യഘടന പലയിടങ്ങളിൽ ഉദ്ദേശിച്ച അർത്ഥം വിപരീതമാക്കിയിട്ടുണ്ട്. മേല്പറഞ്ഞവയെല്ലാം പരിഹരിച്ച് പണിക്കുറവു തീർത്ത് അടുത്ത പതിപ്പു പ്രസിദ്ധീകരിക്കാം (ഈ പുസ്തകത്തിനു പല പതിപ്പുകൾ ഉണ്ടാകുമെന്നാണു കരുതുന്നത്). ബൈബിളിനോടൊപ്പം മേശപ്പുറത്തു കരുതാവുന്ന ഒരു നല്ല കൃതിയാണിതെന്ന് അഭിപ്രായപ്പെടുന്നു. ഇതിനുവേണ്ടി മുടക്കുന്ന പണം ഒരിക്കലും നഷ്ടമാകുകയില്ലെന്ന് ഉറപ്പുമുണ്ട്. ഗ്രന്ഥകാരന് ഇത്, വായനക്കാരുടെ കൈകളിലെത്തിക്കുക, അവരെക്കൊണ്ട് ഇതു വായിപ്പിക്കുക എന്നീ ഉദ്ദേശ്യങ്ങളാണുള്ളത്. ഈ കുറിപ്പ് വായിച്ചു തൃപ്തരാകാതെ, പുസ്തകത്തിന്റെ ഒരു കോപ്പി വാങ്ങിക്കുന്നതിന് വായനക്കാർ ഉത്സാഹിക്കുമെന്നു കരുതുന്നു.

'വിശ്വസാഹിത്യത്തിലെ അനശ്വരസംഗീത'ത്തിന്റെ ഈ വ്യാഖ്യാനത്തിന് അടുത്തൊരു ഭാഗം (ബാക്കി നാലു വാക്യങ്ങളുടെ പഠനം) താമസിയാതെ പുറത്തിറക്കുമെന്നും പ്രതീക്ഷിക്കാം. ഗ്രന്ഥകാരനും ഗ്രന്ഥത്തിനും എല്ലാ ഭൂനന്മകളും നേരുന്നു. കർത്താവ് അദ്ദേഹത്തിന്റെ കൈകളുടെ പ്രയത്നത്തെ സാദ്ധ്യമാത്തിത്തീർകക്കട്ടെ.

# സുവിശേഷ മഹായോഗം




ചർച്ച് ഓഫ് ഗോഡ് വാലുതറ ശലേം സഭയുടെയും സെലസ്റ്റ്യൽ വോയ്സിന്റെയും സംയുക്താഭിമുഖ്യത്തിൽ ഡിസംബർ 1,2,3,4 തീയതികളിൽ വാലുതറ ജംഗഷ്നിൽ വച്ച് സുവിശേഷ മാഹായോഗങ്ങളും സംഗീതവിരുന്നും നടന്നു. പാസ്റ്റർമാരായ എബി അയിരൂർ, തോമസ് മാമ്മൻ, വൈ. റെജി, സിസ്റ്റർ ജൂലിയറ്റ് ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റ◌ ബിജു കണ്ടത്തിലിന്റെ നേതൃത്വത്തിലുള്ള സെലസ്റ്റ്യൽ വോയ്സ് ഗാനശുശ്രൂഷനിർവ്വഹിച്ചു. പാസ്റ്റർ മാത്യു വർഗ്ഗീസ് ഇവിടെ ശുശ്രൂഷിക്കുന്നു.

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 24

BELIEVERS JOURNAL

PUBLISHED ON 25/12/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

ലേഖനം

# 2016 പ്രവചന നിവൃത്തീകരണ വർഷം



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

**2016** ലോക ചരിത്രത്തിന്റെ ഭാഗമാകുന്നു. കഴിഞ്ഞ ഒരു വർഷം മനുഷ്യന്റെ സർഗ്ഗാത്മകശക്തി വളരെയധികം വർദ്ധിച്ചിട്ടുള്ള ഒരു കാലഘട്ടമായിരുന്നു. ശാസ്ത്രത്തിലും സാങ്കേതിക വിജ്ഞാനത്തിലും അധിഷ്ഠിതമായ ഒരു സംസ്കാരത്തിന്റെ ഭാഗമായി ലോകജനതകൾ മുഴുവൻ മാറുവാൻ ഇടയായി. 2016 എന്ന വർഷത്തെ അപഗ്രഥിച്ച് പഠിച്ചാൽ വേദപുസ്തക പ്രവചനങ്ങൾക്ക് ഒരു മാറ്റവും സംഭവിക്കാതെ പലതും നിവൃത്തിയാകുന്നത് നമ്മുടെ കൺമുമ്പിൽ നമുക്ക് കാണുവാൻ കഴിയും. അതിന് ഒരു പരിധി വരെ കാരണമായ ശാസ്ത്രവും സാങ്കേതിക വിദ്യയും യുക്തിവാദവും ഒക്കെ നിറഞ്ഞു നിൽക്കുന്ന ഒരു പുത്തൻ സംസ്ക്കാരത്തിന്റെ നടുവിലാണ് നാം ഇപ്പോൾ നിൽക്കുന്നത്. മനുഷ്യൻ ഏവരും ആഗ്രഹിക്കുന്നതു പോലെ പുതിയ ഉയരവും ദൂരവും കീഴടക്കാനുള്ള തൃഷ്ണ അവനെ ആത്മീയ അന്ധനാക്കി മാറ്റുന്നു. ഇന്നത്തെ സമൂഹത്തിൽ ആത്മീയ മാന്ദ്യം പ്രകടമാകുന്നതിനും കാരണം ഒരു പരിധിവരെ നമ്മുടെ സാമൂഹ്യ വ്യവസ്ഥിതിയാണ്. ഏവരേയും ത്രസിക്കുന്ന ചിന്താഗതിയ്ക്കുടമയാണ് ഇന്നത്തെ യുവതലമുറ ന്യൂജനറേഷൻ മാധ്യമങ്ങളിലെല്ലാം ഇന്ന് നിറഞ്ഞു നിൽക്കുന്നത് മിടുക്കരായ യുവതീയുവാക്കന്മാരാണ്. മാറ്റത്തിനുവേണ്ടിയുള്ള ആവേശവും പരീക്ഷണങ്ങളിലെ സാഹസികതയും യുവതലമുറയെ വ്യത്യസ്തരാക്കുന്നു. സ്വന്തം മാറ്റത്തിനു വേണ്ടി ശ്രമിക്കുമ്പോൾ അറിയാതെ ആത്മീയകതയുടെ അഠിവേരുകൾ അറക്കപ്പെടുന്ന അനുഭവത്തിലേക്ക് എത്തപ്പെട്ടു. 2016-ൽ അതുപോലുള്ള അനേകം ആളുകൾ ആത്മീയ രംഗത്ത് എഴുന്നേറ്റു. കള്ള പ്രവാചകന്മാർ അനേകർ ഉപദേശത്തിൽ നിലനില്ക്കാത്ത വേദപുസ്തക സത്യത്തെ സ്വന്തം കാര്യസാദ്ധ്യത്തിനും ലാഭത്തിനും വേണ്ടി മാത്രം ഉപയോഗിക്കുന്നവർ. ഇഷ്ടമില്ലാത്തവരെ ശപിക്കുകയും തങ്ങളെക്കുറിച്ച് നല്ലത് പറയതെ തെറ്റുകളെ വിമർശിക്കുകയും ചെയ്യുന്ന ഒരു സമൂഹം. അവരുടെ പ്രചരണ രംഗം സോഷ്യൽ മീഡിയാകളാണ്. കർത്താവ് അന്ത്യകാലത്തെ സംബന്ധമായി പറയുമ്പോൾ ഇത്തരം കള്ളപ്രവചാകന്മാരെ കുറിച്ച് പറഞ്ഞിരുന്നു 'കള്ളക്രിസ്തുക്കളും കള്ള പ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും.' (മത്താ 24:24) തലയിൽ കൈവെയ്ക്കുമ്പോൾ ചലർ പാമ്പിനെ പോലെ നിലത്തു കിടന്നു ഇഴയുന്നു. ചിലർ നിർത്താതെ ചിരിയ്ക്കുന്നു, കരയുന്നു, അലറുന്നു. നിന്ന് തുള്ളുന്നു, അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. പക്ഷെ ഈ ലക്ഷണങ്ങൾ ഒന്നും ബൈബിളിൽ പരിശുദ്ധ ആത്മാവിന്റെ ലക്ഷണങ്ങൾ ആയി പറയുന്നില്ല ഇതാണ് മൃഗത്തിന്റെ ആത്മാവ്. ഇതു ലക്ഷ്യം വെയ്ക്കുന്നത് വൃതന്മാരെ കൂടെ തെറ്റിക്കുവാനാണ് എന്ന് തിരിച്ചറിയുക.

2016-ൽ ലോകം കടന്നു പോയ ഏറ്റവും വലിയ സംഭവങ്ങൾ ആയിരുന്നു ഏഷ്യ, യൂറോപ്പ്, വടക്കേ അമേരിക്ക, ആഫ്രിക്ക ഭൂഖണ്ഡങ്ങളെ ഭീകരാക്രമണങ്ങൾ നടുക്കിയ വർഷമാണ് കടന്നുപോയത്. സ്വദേശവും വിദേശവുമൊക്കെ സമ്മാനിച്ചത് ഇരുൾമൂടിയ ചിത്രങ്ങൾ. സിറിയയിലും ഇറാഖിലും യമനിലും യുദ്ധക്കെടുതികൾ. ചെന്നൈയിൽ വെള്ളപ്പൊക്കം. ഇന്ത്യയിൽ പലയിടത്തും അസഹിഷ്ണുതയുടെ വിളയാട്ടങ്ങൾ. ഇതെല്ലാം വേദപുസ്തക പ്രവചന നിവൃത്തികരണമാണ്. പാരീസിലും, ജർമ്മനിയിലും ഭീകരാക്രമണം. അമേരിക്കയിൽ വെടിവെപ്പ് മരണങ്ങൾ. ലോകത്തിൽ ഇരുട്ട് കനത്തപ്പോഴും ചില പ്രകാശരേഖകൾ കാണാനുണ്ടായിരുന്നു. ഇതെല്ലാം സമാധാനരഹിതമായ അന്തരീക്ഷം ലോകത്തിൽ ഉളവാക്കുമ്പോൾ.

അവസാന യുദ്ധത്തിന് തയ്യാറാകുന്ന നിലയിൽ മദ്ധ്യേഷ്യയിൽ ഒന്നിലേറെ സൈനിക സഖ്യങ്ങൾ നിലനിൽക്കുന്നുണ്ട്. ഇറാഖിലെയും സിറിയയിലെയും ഐ.എസ് ഭീഷണി നേരിടാൻ അമേരിക്കാമ നേതൃത്വം നൽകുന്നതാണ് ഇതിലൊന്ന്. ഈ സഖ്യത്തിൽ അറുപതോളം രാജ്യങ്ങളുണ്ട്. ഈ സഖ്യം പരാജയമായിരുന്നുവെന്ന് ഒബാമ സമ്മതിക്കുകയുണ്ടായി. ഐ.എസിനെ നേരിടാനെന്ന വ്യാജേന പുതുതായി രൂപം കൊണ്ട ഇറാൻ-റഷ്യൻ മുന്നണിയാണ് മറ്റൊന്ന്. ഇത് ഗോഗ് മാഗോഗ് സംഖ്യമാണെന്ന് ഒരു സമൂഹം വേദപണ്ഢിതർ കണക്കാക്കുന്നു. പ്രശ്നകലുഷിതമായ മുഴുവൻ പശ്ചിമേഷ്യൻ രാജ്യങ്ങളിലും പിടിമുറുക്കുക എന്നതാണ് ഈ സഖ്യത്തിന്റെ മറവിൽ ഇറാൻ ലക്ഷ്യമിടുന്നതെന്ന് അറബ് രാജ്യങ്ങൾ ന്യായമായും സംശയിക്കുന്നു. യമനിലെ ഇറാൻ മേധാവിത്തം തകർക്കുന്നതിനായി സൗദിയുടെ നേതൃത്വത്തിലുള്ള ഗൾഫ് രാഷ്ട്രസേന നേരത്തെ തന്നെ യമൻ നഗരങ്ങളിൽ വ്യോമാക്രമണം നടത്തുന്നുണ്ട്. ആ കൂട്ടായ്മയുടെ രണ്ടാം ഘട്ടം എന്നു വേണമെങ്കിൽ ഈ 'ഇസ്ലാമിക സഖ്യ'ത്തെ വിശേഷിപ്പിക്കാം. ഐ.എസും ഇറാനും ഒരേപോലെ ഈ സഖ്യത്തിന്റെ ഉന്നമായിരിക്കും. അത് രൂപം കൊടുക്കുന്ന സേനയുടെ സ്വഭാവമെന്തായിരിക്കുമെന്ന് ഇനിയും വ്യക്തമായിട്ടില്ല.

ഇതിന് ഉപോദ്ബലമായി ബ്രെക്സിറ്റ് വഴി ബ്രിട്ടൻ യൂറോപ്യൻ യൂണിയനിൽ നിന്നും പുറത്തു വന്നു. യൂറോപ്യൻ വൻകരയിലെ 28 രാജ്യങ്ങൾ ചേർന്ന് 1992 ഫെബ്രുവരി ഏഴിന് ഒപ്പുവെച്ച മാസ്ട്രിച് ഉടമ്പടിയിലൂടെ നിലവിൽ വന്ന സംഘരാഷ്ട്ര സംവിധാനമാണ് യൂറോപ്യൻ യൂണിയൻ. ഈ രാഷ്ട്രകൂട്ടായ്മയുടെ പൊതു കറൻസിയായി 2002-ൽ യൂറോയും ഉദയം ചെയ്തതോടെ യൂറോപ്പിലെ ഏറ്റവും വലിയ സാമ്പത്തികരാഷ്ട്രീയ സംവിധാനമായി യൂറോപ്യൻ യൂണിയൻ വളർന്നു. യുറോപ്യൻ യൂണിയൻ വിടാൻ ബ്രിട്ടന്റെ ജനഹിതം അനുസരിച്ച് ബ്രിട്ടൻ

09

ബിലീവേഴ്സ് ജേണൽ
ക്രൈസ്തവ ദ്വൈവാരിക
മാധ്യമ ലോകത്തെ വേറിട്ട ശബ്ദം...
മുഖപക്ഷമില്ലാത്ത നിലപാടുകൾ
www.beljourn.com



വായിക്കൂ വരിക്കാരാകൂ...
യുവജന പംക്തി, കാലികം, ധ്യാനം, എനിക്കും പറയാനുണ്ട് ചോദ്യോത്തരവേദി, വേദപഠനം, ഡോ. കോര സംസാരിക്കുന്നു, കല്ലുകടി തുടങ്ങി വ്യത്യസ്ത പംക്തികൾ
പ്രസിദ്ധീകരണ ചെലവ് വളരെ വർദ്ധിച്ചതിനാൽ 2017 ജനുവരി മുതൽ വാർഷിക വരിസംഖ്യ 200 രൂപ ആയിരിക്കും.
Contact Details
Email: beljourn@gmail.com
Office: 0469 2666995 /09447368795
BELIEVERS JOURNAL
KANDAMKERIL BUILDING
KUMABANAD P.O, THIRUVALLA
KERALA - 689 457

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.